VOL NO: 05 I ISSUE 36
www.nerpatham.com
mail@nerpatham.com
2021 SEPTEMBER 11 I ₹12

# നേർപഥം

വാരിക

# സന്ദേഹവാദവും ഇസ്‌ലാമിക ജ്ഞാനമാർഗരീതിയും

നാസ്തികത, തെളിവുകൾക്ക് അന്യമായ അന്ധവിശ്വാസ പ്രസ്ഥാനമാണെന്ന് പറയുമ്പോൾ സന്ദേഹവാദത്തിന്റെ പ്രാകൃത യുക്തി ന്യായങ്ങളെ ആശ്രയിച്ച് അതിജീവിക്കാനുള്ള പാഴ്ശ്രമങ്ങളാണ് നിലവിൽ കാണുന്നത്. അറിവ് നേടാനുള്ള മാനദണ്ഡങ്ങളോ, ജ്ഞാനേന്ദ്രിയങ്ങളുടെ പരിമിതിയോ, തത്ത്വശാസ്ത്ര നിലപാടുകളോ സംബന്ധിച്ച് യാതൊരു ബോധവുമില്ലാത്ത ആളുകളെ സംശയരോഗികൾ ആക്കാം എന്നതിലുപരി യാതൊരു സാമൂഹ്യ നിലവാരവും ഇല്ലാത്ത ഒന്നായി നവ നാസ്തിക ചിന്തകൾ അധഃപതിച്ചിരിക്കുന്നു.

- ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം...!

- ചില ഭിന്നശേഷി വിചാരങ്ങൾ
- ഒളിച്ചുകടത്തപ്പെടുന്ന അപരവത്കരണം
- ഇസ്തിഗാസ; പ്രമാണപക്ഷവും സമസ്തപക്ഷവും

wisdomyouth

നാം എല്ലാ നേരവും വയറ് നിറച്ച്
വിഭവസമൃദ്ധമായ ഭക്ഷണം
കഴിക്കുമ്പോൾ ആഹാരത്തിനായി
കൊതിയോടെ കഴിയുന്ന മനുഷ്യർക്കായി ഒരു ശ്രമം



WISDOM YOUTH

# treat

## Hunger free homes

WISDOM ISLAMIC ORGANIZATION -TREAT
AC.NO. 921010033265035
AXIS BANK LTD CALICUT BRANCH
IFSC-UTIB0000136

LIVE STREAMING
wisdomglobaltv
wisdomyouth

WISDOM ISLAMIC YOUTH ORGANIZATION,
C.V.COMPLEX, P.V.SWAMI ROAD, CALICUT

0241
# നേർപഥം
വാരിക

2021 സെപ്തംബർ 11
1442 സഫർ 04
പുസ്തകം 05 / ലക്കം 36

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



**10**
**സന്ദേഹവാദവും ഇസ്‌ലാമിക ജ്ഞാനമാർഗരീതിയും**
ശാഹുൽ പാലക്കാട്

**05**
**മുഖമൊഴി**
ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം...!
എഡിറ്റർ

**06**
**വിവർത്തനം**
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

**17**
**ലേഖനം**
ചില ഭിന്നശേഷി വിചാരങ്ങൾ
ഫിദ ഫാത്തിമ കെ.കെ

**18**
**ലേഖനം**
ഇസ്തിഗാസ; പ്രമാണപക്ഷവും സമസ്തപക്ഷവും
മൂസ സ്വലാഹി, കാര

**23**
**പുനർവായന**
മതം മനുഷ്യനന്മക്ക്
കെ. ഉമർ മൗലവി

**26**
**ചരിത്രപഥം**
പ്രവാചകന്റെ കാലത്തെ യുദ്ധങ്ങൾ
ഹുസൈൻ സലഫി, ഷാർജ

**32**
**ലേഖനം**
ഒളിച്ചുകടത്തപ്പെടുന്ന അപരവത്കരണം
നബീൽ പയ്യോളി

**34**
**കവിത**
ആത്മഗതം
അഫ്നാൻ അൻവർ. ഒ, എടത്തനാട്ടുകര



ചലനങ്ങൾ

**ഇസ്തിഗാസ:**
**ദുർവ്യാഖ്യാനം ചെയ്യപ്പെടുന്ന ക്വുർആനിക വചനങ്ങൾ**




തൽസമയ മുഖാമുഖം സമാപിച്ചു

# ആത്മീയ ചൂഷണങ്ങൾക്കായി പ്രമാണങ്ങളെ ദുർവ്യാഖ്യാനം ചെയ്യുന്നു: വിസ്ഡം യൂത്ത്

മതത്തെ വാണിജ്യവത്കരിച്ച് ആത്മീയ ചൂഷണങ്ങൾക്കായി പ്രമാണങ്ങളെ ദുർവ്യാഖ്യാനിക്കുന്ന പ്രവണതകളിൽനിന്ന് പണ്ഡിതൻമാർ മാറിനിൽക്കണമെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി 'ഇസ്തിഗാസ: ദുർവ്യാഖ്യാനിക്കപ്പെടുന്ന ക്വുർആനിക വചനങ്ങൾ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച തൽസമയ മുഖാമുഖം ആവശ്യപ്പെട്ടു.

സഹജീവികളുടെ കണ്ണീരൊപ്പാനും വിഷമതകളകറ്റാനും ആരാധനാലയങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആവശ്യമായ പണം നൽകി സഹായിക്കാനും മാത്രമെ മതത്തിൽ സാമ്പത്തികമായ ചെലവ് വരുന്നുള്ളൂ. ഹജ്ജ്, ഉംറ പോലുള്ള കർമങ്ങൾക്കുപോലും യാത്രാനുബന്ധ ചെലവുകളേയുള്ളൂ, കർമങ്ങൾ ചെയ്യാനായി സാമ്പത്തിക ചെലവുകളൊന്നുമില്ല.

ക്വബ്റുകൾ കെട്ടിപ്പടുത്ത് അവിടം ആരാധനാ കേന്ദ്രമാക്കിയും ദൈവിക വെളിപാടുകൾ അവകാശപ്പെട്ട് കള്ള പ്രചാരണങ്ങൾ നടത്തിയും ധനം സമ്പാദിക്കുകയും അതിനായി ക്വുർആൻ സൂക്തങ്ങളെയും പ്രവാചക വചനങ്ങളെയും ദുർവ്യാഖ്യാനിക്കുകയാണ് ചിലർ. അവരുടെ കെണിയിലകപ്പെടാതിരിക്കാനും ചൂഷണമുക്തമായ സമൂഹസൃഷ്ടിക്കുമായി പ്രമാണങ്ങളിലേക്ക് മടങ്ങി വിശ്വാസ വിമലീകരണം നടത്താൻ എല്ലാവരും തയ്യാറാകണം.

തീർത്തും അബദ്ധജടിലമായ വിശ്വാസാചാരങ്ങളിൽനിന്ന് ഇസ്‌ലാമിനെ വ്യതിരിക്തമാക്കുന്ന സുപ്രധാന സവിശേഷതകളിലൊന്ന് അറിവിന്റെയും തെളിവിന്റെയും അടിസ്ഥാനത്തിൽ മനുഷ്യബുദ്ധിയോട് സംവദിക്കുന്ന ഒരേയൊരു വിശ്വാസാദർശമാണ് അതെന്നുള്ളതാണ്. മുസ്‌ലിംകൾക്കിടയിലെ അഭ്യസ്തവിദ്യർക്കിടയിൽ പോലും ഇന്നും ഇസ്‌ലാമെന്നാൽ കേവല കർമാനുഷ്ഠാനങ്ങളിലെ മസ്അലകളെക്കുറിച്ചുള്ള തർക്കവിതർക്കങ്ങളും കുറെ അന്ധവിശ്വാസങ്ങളും അതിന്റെ മറവിൽ നടക്കുന്ന ചൂഷണവുമാണെന്ന ധാരണകളുമായി കഴിഞ്ഞുകൂടുന്നവരുണ്ട്. ചില മതസംഘടനകളെ നയിക്കുന്നവരും പണ്ഡിതന്മാരും ഈ ധാരണക്ക് വളംവെച്ചുകൊടുക്കുന്നുണ്ട് എന്ന വസ്തുത നിഷേധിക്കാനാവില്ല. ഇസ്‌ലാമിന്റെ അജയ്യമായ ഔന്നത്യത്തെക്കുറിച്ച് ഇവർ ബോധവാൻമാരാകാതിരിക്കുകയും സ്ഥാപിതതാൽപര്യങ്ങളുമായി മുന്നോട്ടു പോകുകയും ചെയ്യുന്ന കാലത്തോളം ഇസ്‌ലാമിൽ നൂതനകാര്യങ്ങൾ കൂട്ടിച്ചേർക്കുവാനും ഉള്ളത് വെട്ടിച്ചുരുക്കുവാനും ചൂഷണത്തിന്റെ പുതുവഴികൾ തേടുവാനുമൊന്നും ഇവർ മടികാണിക്കുകയില്ല.

പ്രവാചകൻമാരും പൂർവികരായ മഹത്തുക്കളും ആദർശ ജീവിതപാതയിൽ ത്യാഗം സഹിക്കുകയായിരുന്നു. ആ മാർഗത്തിലൂടെ വിജയം വരിക്കാൻ വിശ്വാസി സമൂഹം തയ്യാറാകണമെന്നും മുഖാമുഖം ആവശ്യപ്പെട്ടു.

ത്വാഇഫ് ഇസ്‌ലാമിക് യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ.യാസിർ ബിൻ ഹംസ ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ.സി ഹാരിസ് മദനി കായക്കൊടി മോഡറേറ്ററായിരുന്നു. മുശ്താക് അൽഹികമി വിഷയമവതരിപ്പിച്ചു. ഫൈസൽ മൗലവി പുതുപ്പറമ്പ്, അബ്ദുൽ മാലിക് സലഫി, ഹംസ ശാക്കിർ അൽഹികമി, ശബീബ് സ്വലാഹി, കെ. താജുദ്ദീൻ സ്വലാഹി, മുജീബ് ഒട്ടുമ്മൽ, ജംഷീർ സ്വലാഹി, സുഹൈൽ പി.യു നേതൃത്വം നൽകി.

മുഖമൊഴി

# ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം...!

'ദീപസ്തംഭം മഹാശ്ചര്യം
നമുക്കും കിട്ടണം പണം'

എന്ന് കുഞ്ചൻ നമ്പ്യാർ പണ്ടു പറഞ്ഞത് ആക്ഷേപവും കാര്യവും കലർത്തിക്കൊണ്ടാണ്. മേലാളരെ സുഖിപ്പിക്കുന്ന രൂപത്തിൽ അവരുടെ ഏതു ചെയ്തിയെയും പുകഴ്ത്തിപ്പറഞ്ഞാൽ വല്ലതും കയ്യിൽ തടയും. ഇല്ലെങ്കിൽ നോട്ടപ്പുള്ളികളായി മാറും. രാജഭരണ കാലത്ത് മാത്രമല്ല ഈ ദുഷ്പ്രവണത നിലനിന്നിട്ടുള്ളത്; നിലനിൽക്കുന്നതും. ജനാധിപത്യത്തിന്റെ മഹാമാതൃകയായി ഉയർത്തിക്കാണിക്കപ്പെടുന്ന നമ്മുടെ രാജ്യത്തും ജനങ്ങൾ കനിഞ്ഞു നൽകിയ അധികാരസ്ഥാനങ്ങളിലിരുന്നുകൊണ്ട്, തങ്ങളുടെ ഭരണരംഗത്തുള്ള വീഴ്ചകൾ ചൂണ്ടിക്കാണിക്കുകയോ വിമർശിക്കുകയോ ചെയ്യുന്ന പൗരന്മാരെ ദേശദ്രോഹികളായി മുദ്രകുത്തി തടവറയിലാക്കുന്ന സമ്പ്രദായം കണ്ടുതുടങ്ങിയിട്ടുണ്ട്. സ്തുതിപാഠകർക്ക് ഉന്നതമായ സ്ഥാനമാനങ്ങൾ അലങ്കാരമായി നൽകുന്നുമുണ്ട്.

പൗരന്മാരുടെ പഠനം, ചികിത്സ, ഭക്ഷണം, പാർപ്പിടം, തൊഴിൽ പോലുള്ള അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുക എന്നത് ഭരണകൂടത്തിന്റെ ബാധ്യതയാണ്. ഏതുവിധത്തിലുള്ള സഹായമാണ് ജനങ്ങൾക്കു വേണ്ടത്, അവ കഴിയുംവിധം നൽകി അവരുടെ ഭൗതികമായ വളർച്ചക്ക് പിന്തുണയേകണം. എത്രയോ ചെറുകിട സംരംഭകരും കർഷകരും സർക്കാരിന്റെയും ഉദ്യോഗസ്ഥവൃന്ദത്തിന്റെയും അവഗണനയും നിരുൽസാഹപ്പെടുത്തലും നിയമത്തിന്റെ നൂലാമാലകൾ കാണിച്ചുള്ള ഭീഷണിപ്പെടുത്തലും ഭയന്ന് തുടങ്ങിവെച്ച സംരംഭങ്ങൾ നിറുത്തിവെച്ചിട്ടുണ്ട്! കൈക്കൂലി കൊടുക്കാത്തതിനാൽ ആരുടെയൊക്കെ എന്തെല്ലാം കാര്യങ്ങൾ നിത്യേന മുടങ്ങിക്കൊണ്ടിരിക്കുന്നുണ്ട്!

ഒരു സർക്കാർ തുടങ്ങിവച്ച എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാ വിഭാഗം ജനങ്ങളുടെയും പാർട്ടികളുടെയും പിന്തുണ ലഭിക്കുക സാധ്യമല്ല; വിശിഷ്യാ ജനാധിപത്യ ഭരണസംവിധാനമുള്ള ഒരു രാജ്യത്ത്. അതുകൊണ്ട്തന്നെ എതിർപ്പുകളെ മറികടന്നും പലതും നടപ്പിലാക്കേണ്ടിവരും. എന്നാൽ എല്ലാ എതിർപ്പുകളെയും കണ്ണടച്ചങ്ങ് തള്ളിക്കളയാനും പാടില്ല. ന്യായാന്യായങ്ങൾ തീർച്ചയായും ചർച്ചചെയ്യപ്പെടുകയും പരിഗണിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. അണയാത്ത സമരവീര്യത്തിന്റെ ജ്വലിക്കുന്ന ചരിത്രം രചിച്ചുകൊണ്ട് ഇന്ത്യയിലെ കർഷകർ നടത്തുന്ന പോരാട്ടത്തെ ഉദാഹരണമായെടുക്കുക. സർക്കാരിന്റെ പുതിയ കാർഷിക നയം തങ്ങൾക്ക് ദോഷകരമാണ് എന്ന് തിരിച്ചറിഞ്ഞതിനാലാണ് കർഷകർ പ്രതിസന്ധിയുടെ കനൽപഥങ്ങൾ താണ്ടിയും സമരരംഗത്ത് ഉറച്ചുനിൽക്കുന്നത്. രാജ്യത്തിന്റെ ഈ അടിസ്ഥാനവർഗത്തിന്റെ ആവശ്യങ്ങൾക്കു മുമ്പിൽ പുറംതിരിഞ്ഞു നിൽക്കുക എന്നത് ഒരു ജനാധിപത്യ ഭരണകൂടം കാണിക്കുന്ന അവിവേകമാണ്.

ജനങ്ങളുടെ ആരോഗ്യസംരക്ഷണവും സുരക്ഷിത ജീവിതവും സർക്കാരിന്റെ ഉത്തരവാദിത്തമാണ്. അതിനാലാണ് ലോക്ക് ഡൗൺ പ്രഖ്യാപിക്കുന്നതും സൗജന്യമായി പ്രതിരോധ കുത്തിവയ്പ് നടത്തുന്നതും ചികിത്സാസഹായങ്ങൾ നൽകുന്നതുമെല്ലാം. എന്നാൽ ഈ പ്രതിബദ്ധത മദ്യത്തിന്റെ വിഷയത്തിൽ ജനങ്ങളോട് കാണിക്കാൻ സർക്കാർ മടികാണിക്കുകയാണ്. മദ്യം ഏറ്റവും വലിയ വരുമാനമാർഗമാണ് എന്നതുതന്നെ കാരണം. മദ്യപർ ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിക്കട്ടെ, അവരുടെ മക്കൾ അനാഥരും ഭാര്യമാർ വിധവകളുമായി മാറട്ടെ, കുടുംബകലഹങ്ങളും കുത്തുംകൊലയും മദ്യംകാരണത്താൽ വർധിച്ചുകൊണ്ടിരിക്കട്ടെ എന്നതാണ് സർക്കാരിന്റെ മുദ്രാവാക്യമെന്ന് തോന്നിപ്പോവുകയാണ്.

ശമീർ മദീനി
shameermadeeni@gmail.com

വിവർത്തനം



# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച
'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

21

എങ്ങനെയാണ് അവന്റെ വചനങ്ങൾ അവസാനിക്കുക; അതിന് തുടക്കമോ ഒടുക്കമോ ഇല്ല എന്നിരിക്കെ? സൃഷ്ടികൾക്കാകട്ടെ ഒരു തുടക്കവും ഒടുക്കവുമുണ്ട്. അപ്പോൾ അവയ്ക്ക് അന്ത്യവും നാശവും സ്വാഭാവികമാണ്. സൃഷ്ടി സൃഷ്ടിയെയല്ലാതെ സ്രഷ്ടാവിനെ എങ്ങനെയാണ് ഇല്ലാതാക്കുക?

അവൻ ആദ്യമേയുള്ളവനാണ്. അവനുമുമ്പ് യാതൊന്നുമില്ല. അവൻ അന്തിമനുമാണ്. അവനുശേഷം യാതൊന്നുമില്ല. അവൻ എല്ലാറ്റിനെയും അതിജയിക്കുന്നവനാണ്. അവന്റെ മീതെ യാതാന്നുമില്ല. അവൻ ഏറെ നിഗൂഢതയുള്ളവനാണ്. അവനെക്കാൾ നിഗൂഢതയുള്ള യാതൊ

ന്നുമില്ല. (അതായത് സർവതിന്റെയും അകവും പുറവും നിഗൂഢതയുമെല്ലാം അവൻ അറിയുന്നു. അവനെ പൂർണമായി അറിഞ്ഞ് ഉൾകൊള്ളാൻ സൃഷ്ടികൾക്കാർക്കും കഴിയില്ല. അവന്റെ സൃഷ്ടികളിലൂടെയും പ്രവൃത്തികളിലൂടെയുമൊക്കയാണ് അവനെ മറ്റുള്ളവർക്ക് അറിയാൻ കഴിയുക എന്ന് സാരം-വിവർത്തകൻ). അവൻ അത്യുന്നതനും അനുഗ്രഹപൂർണനുമാകുന്നു. സ്മരിക്കപ്പെടുവാൻ ഏറ്റവും കടപ്പെട്ടവനും അർഹനുമാണവൻ. ആരാധിക്കപ്പെടാൻ ഏറ്റവും അർഹതയുള്ളവൻ. സ്തുതിക്കപ്പെടാൻ ഏറ്റവും യോഗ്യതയുള്ളവൻ. നന്ദിയർപ്പിക്കാൻ ഏറ്റവും ബാധ്യതപ്പെട്ടവൻ. തേടുന്നവരെ ഏറ്റവും നന്നായി സഹായിക്കുന്നവൻ. തന്റെ അധീനതയിലുള്ളവരോട് ഏറ്റവുമധികം കനിവും ദയയുമുള്ളവൻ. ചോദിക്കപ്പെടുന്നവരിൽ ഏറ്റവും ഉദാരതയുള്ളവൻ. കഴിവുണ്ടായിരിക്കെ ഏറ്റവുമധികം മാപ്പുനൽകുന്നവൻ. ലക്ഷ്യമാക്കി ചെയ്യുന്നവരിൽ ഏറ്റവും മാന്യനും അത്യുദാരനുമാണവൻ. ശിക്ഷാനടപടി സ്വീകരിക്കുന്നവരിൽ ഏറ്റവും നീതിമാനുമാണവൻ.

അറിഞ്ഞുകൊണ്ടാണ് അവന്റെ വിധിയും തീരുമാനങ്ങളും. കഴിവുണ്ടായിരിക്കെയാണ് അവന്റെ വിട്ടുവീഴ്ചയും മാപ്പാക്കലും. അജയ്യതയോടെയും പ്രതാപത്തോടെയുമാണ് അവൻ പൊറുത്തുകൊടുക്കുന്നത്. അവൻ കൊടുക്കാതിരിക്കുന്നതും ചില യുക്തിരഹസ്യങ്ങളാലാണ്. അവന്റെ അടുപ്പവും രക്ഷയും അവന്റെ കാരുണ്യത്തിന്റെയും നന്മയുടെയും ഭാഗമാണ്.

"അടിയാറുകൾക്ക് അവന്റെ പക്കൽ അനിവാര്യമായും കിട്ടേണ്ട യാതൊരു അവകാശവും യാതൊരു പ്രയത്നവും അവന്റെയടുക്കൽ പാഴായിപ്പോകുന്നതുമല്ല. അവർ ശിക്ഷിക്കപ്പെടുന്നുവെങ്കിൽ അത് അവന്റെ നീതിമൂലമാണ്. അതല്ല അവർക്ക് സുഖാസ്വാദനങ്ങൾ നൽകപ്പെടുകയാണെങ്കിൽ അത് അവന്റെ ഔദാര്യത്താലുമാണ്. അവൻ അത്യുദാരനും അതിവിശാലതയുള്ളവനുമാണ്" (ഇബ്നുൽ ക്വയ്യിം(റഹി) തന്നെ തന്റെ 'മദാരിജുസ്സാലികീൻ,' 'അക്സാമുൽ കുർആൻ,' 'ബദാഇഉൽ ഫവാഇദ്,' 'ത്വരീക്വുൽ ഹിജ്റതൈൻ' മുതലായ ഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചുള്ള പദ്യശകലങ്ങളാണിവ).

അവൻ യാതൊരു പങ്കുകാരനുമില്ലാത്ത രാജാധിരാജനാണ്. സമന്മാരില്ലാത്ത അതുല്യനാണ്. അതിജയിക്കാനാരുമില്ലാത്ത ധന്യനാണ്. സന്താനങ്ങളോ ഇണയോ ആവശ്യമില്ലാത്ത, സകലരുടെയും ആശ്രയമായിട്ടുള്ളവനും പരാശ്രയമുക്തനുമാണവൻ. തുല്യരില്ലാത്ത അത്യുന്നതനാണ്. അവന്ന് പേരൊത്തവരായിട്ട് ആരുമില്ല. അവനല്ലാത്ത എല്ലാം നശിക്കുന്നതാണ്. അവന്റെ അധികാരമല്ലാത്ത സർവ അധികാരങ്ങളും ആധിപത്യങ്ങളും അവസാനിക്കുന്നതാണ്. അവൻ നൽകുന്ന തണലല്ലാതെ സർവ തണലുകളും നഷ്ടപ്പെടുന്നതാണ്. അവന്റെ ഔദാര്യമല്ലാത്ത മറ്റെല്ലാ ഔദാര്യവും നിലച്ചുപോകുന്നതാണ്.

അവന്റെ പ്രത്യേകമായ കാരുണ്യം കൊണ്ടും അനുഗ്രഹംകൊണ്ടുമാണ് അവനെ വഴിപ്പെട്ട് ജീവിക്കാൻ സാധിക്കുന്നത്. അവനെ ആരെങ്കിലും ധിക്കരിക്കുന്നത് അവന്റെ അറിവോടും അവന്റെ യുക്തിക്കനുസരിച്ചുമാണ്. അവന് വഴിപ്പെടുന്നവർക്ക് അവൻ കൃതജ്ഞത ചെയ്യുന്നു. അവനോട് അനുസരണക്കേട് കാണിക്കുന്നവർക്ക് അവൻ വിട്ടുവീഴ്ച ചെയ്യുകയും പൊറുത്തുകൊടുക്കുകയും ചെയ്യുന്നു. അവന്റെ പക്കൽ നിന്നുള്ള ഏതൊരു ശിക്ഷാനടപടിയും നീതിയുക്തമാണ്. അവനിൽ നിന്നുള്ള ഏതൊരു അനുഗ്രഹവും അവന്റെ ഔദാര്യമാണ്. ഏറ്റവും അടുത്ത സാക്ഷിയും ഏറ്റവും സമീപസ്ഥനായ സംരക്ഷകനുമാണവൻ. മനുഷ്യർക്കു മുമ്പിൽ അവനെ ഈ ലോകത്തുവെച്ച് കാണാത്തവിധം അവൻ മറയിട്ടിരിക്കുന്നു. അവരുടെ മൂർധാവുകളിൽ അവൻ പിടിച്ചിരിക്കുന്നു. കർമങ്ങളുടെ അനന്തരഫലങ്ങൾ രേഖപ്പെടുത്തുന്നു. ഓരോന്നിന്റെയും അവധി അവൻ നിശ്ചയിച്ചിരിക്കുന്നു. ഹൃദയങ്ങൾ അവ

> **ഒരാളുടെ ഹൃദയത്തിലുള്ള ഈമാനിന്റെ പ്രകാശത്തിനനുസരിച്ച് അയാളുടെ വാക്കുകളും പ്രവൃത്തികളും പുറത്തേക്കുവരും. അവയ്ക്ക് ഈമാനിന്റെ പ്രകാശവും തെളിവും ഉണ്ടാകും. സത്യവിശ്വാസികളുടെ കൂട്ടത്തിൽ ചിലരുടെ കർമങ്ങൾ അല്ലാഹുവിലേക്ക് കയറിപ്പോകുമ്പോൾ അത് സൂര്യന്റെ പ്രകാശം പോലെയായിരിക്കും. അപ്രകാരംതന്നെ അയാളുടെ ആത്മാവിന്റെ പ്രകാശവും. അത് അല്ലാഹുവിന്റെ അടുക്കൽ ചെന്നാൽ ഇതുപോലെയായിരിക്കും. അതേപോലെ നാളെ പരലോകത്ത് സ്വിറാത്ത് പാലത്തിലൂടെ കടന്നുപോകുമ്പോഴും അയാളുടെ മുമ്പിൽ പ്രകാശമുണ്ടാകും.**

നുവേണ്ടി ഒഴിഞ്ഞിരിക്കുന്നതാണ്. രഹസ്യങ്ങൾ അവന്റെയടുക്കൽ പരസ്യങ്ങളാണ്. അദൃശ്യങ്ങൾ അവന്റെ പക്കൽ ദൃശ്യങ്ങളാണ്. അനുഗ്രഹങ്ങൾ വർഷിക്കാനും ശിക്ഷ നൽകാനും അവന്റെ ഒരു വാക്ക് മതി.


മഹത്തായ ഈ ഗുണവിശേഷണങ്ങളുടെ പ്രകാശം ഏതെങ്കിലും ഹൃദയത്തിൽ ഉദയം ചെയ്താൽ മറ്റെല്ലാ പ്രകാശങ്ങളും അതിന്റെ മുമ്പിൽ നിഷ്പ്രഭമാവും. ഇതിന്റെ അപ്പുറത്തുള്ളത് ഒരാളുടെ മനസ്സിലും കോലപ്പെടുത്താനാവത്തതും വാചകങ്ങൾകൊണ്ട് അവതരിപ്പിക്കാൻ പറ്റാത്തതുമാണ്.

ചുരുക്കത്തിൽ, ദിക്ർ മനുഷ്യന്റെ ഹൃദയത്തെയും മുഖത്തെയും അവയവങ്ങളെയും പ്രകാശിപ്പിക്കും. അത് ഒരു ദാസന്റെ ദുൻയാവിലെയും മരണാനന്തരമുള്ള ബർസഖീലോകത്തെയും ശേഷമുള്ള പരലോകത്തെയും പ്രകാശമാണ്.

ഒരാളുടെ ഹൃദയത്തിലുള്ള ഈമാനിന്റെ പ്രകാശത്തിനനുസരിച്ച് അയാളുടെ വാക്കുകളും പ്രവൃത്തികളും പുറത്തേക്കുവരും. അവയ്ക്ക് ഈമാനിന്റെ പ്രകാശവും തെളിവും ഉണ്ടാകും. സത്യവിശ്വാസികളുടെ കൂട്ടത്തിൽ ചിലരുടെ കർമങ്ങൾ അല്ലാഹുവിലേക്ക് കയറിപ്പോകുമ്പോൾ അത് സൂര്യന്റെ പ്രകാശം പോലെയായിരിക്കും. അപ്രകാരംതന്നെ അയാളുടെ ആത്മാവിന്റെ പ്രകാശവും. അത് അല്ലാഹുവിന്റെ അടുക്കൽ ചെന്നാൽ ഇതുപോലെയായിരിക്കും. അതേപോലെ നാളെ പരലോകത്ത് സ്വിറാത്ത് പാലത്തിലൂടെ കടന്നുപോകുമ്പോഴും അയാളുടെ മുമ്പിൽ പ്രകാശമുണ്ടാകും. അന്ത്യനാളിൽ അദ്ദേഹത്തിന്റെ മുഖത്തിന്റെ പ്രകാശവും ഇങ്ങനെയായിരിക്കും. അല്ലാഹുവിനോടാണ് സഹായം തേടാനുള്ളത്. അവനിലാണ് ഭരമേൽപിക്കുന്നത്.

'ദിക്ർ' കൊണ്ടുള്ള നേട്ടങ്ങളിൽ മുപ്പത്തി ഏഴാമത്തേത്: നിശ്ചയം കാര്യങ്ങളിൽവെച്ച് മുഖ്യമായത് 'ദിക്ർ' ആകുന്നു. എല്ലാ വിഭാഗത്തിന്റെയും മാർഗവും വിലായത്തിന്റെ ഖ്യാതിയും അതാണ്. അതിന്റെ വാതിൽ ആർക്കെങ്കിലും തുറന്നുകിട്ടിയാൽ അല്ലാഹുവിന്റെ അടുക്കലേക്ക് കടന്നുചെല്ലാനുള്ള കവാടമാണ് അയാൾക്ക് അതിലൂടെ തുറന്നുകിട്ടുന്നത്. അതിനാൽ അയാൾ ശുദ്ധിവരുത്തുകയും തന്റെ റബ്ബിന്റെ അടുക്കലേക്ക് കടന്നുചെല്ലുകയും ചെയ്യട്ടെ. അപ്പോൾ (അവന്റെയടുക്കൽ) അയാൾക്ക് ആഗ്രഹിച്ചതെല്ലാം കണ്ടെത്താൻ കഴിയും. റബ്ബിനെ കണ്ടെത്താൻ കഴിഞ്ഞാൽ എല്ലാം നേടിയെടുക്കാൻ അയാൾക്ക് സാധിക്കും. റബ്ബിനെ നഷ്ടപ്പെട്ടാൽ സർവവും നഷ്ടപ്പെടുകയും ചെയ്യും.

മുപ്പത്തിയെട്ട്: നിശ്ചയം, ഹൃദയത്തിൽ ഒരു വിടവും ഒരു ദാരിദ്ര്യവുമുണ്ട്. അല്ലാഹുവിനെ കുറിച്ചുള്ള 'ദിക്ർ'കൊണ്ടല്ലാതെ അത് പരിഹരിക്കാൻ സാധിക്കുകയേ ഇല്ല. ഹൃദയത്തിന്റെ അടയാളമായി (ശിആർ) 'ദിക്ർ' മാറിയാൽ അതായത്, ഹൃദയംതൊട്ടുള്ള ദിക്റിന്റെ വക്താവായി അയാൾ മാറുകയും നാവ് അതിനെ അനുഗമിക്കുകയും ചെയ്താൽ, അതാണ് പ്രസ്തുത വിടവ് നികത്തുന്നതും ദാരിദ്ര്യം ഇല്ലാതാക്കി ഐശ്വര്യം നൽകുന്നതുമായ ദിക്ർ. അപ്പോൾ അങ്ങനെയുള്ള ദിക്റിന്റെ വക്താവ് സമ്പത്തില്ലാതെതന്നെ സമ്പന്നനാകും. ബന്ധുക്കളില്ലെങ്കിലും അയാൾ പ്രതാപിയാകും. അധികാരമില്ലെങ്കിലും അയാളോട് മറ്റുള്ളവർക്ക് ബഹുമാനാദരവുകളുണ്ടാവും. എന്നാൽ അല്ലാഹുവിനെ കുറിച്ചുള്ള ദിക്റിൽനിന്നകന്ന് അശ്രദ്ധനായി കഴിയുന്ന ആളാണെങ്കിൽ നേരെ വിപരീതമായിരിക്കും അയാളുടെ സ്ഥിതി. ധാരാളം സ്വത്തുവകകളുണ്ടായിരുന്നാലും അയാൾ ദരിദ്രനായിരിക്കും. അധികാരമുള്ളതോടൊപ്പം നിന്ദ്യനും ബന്ധുമിത്രാദികളുടെ ബാഹുല്യമുണ്ടെങ്കിലും അന്തസ്സും പ്രതാപവും ഇല്ലാത്തവനുമായിരിക്കും അയാൾ.



മുപ്പത്തി ഒമ്പത്: തീർച്ചയായും ദിക്ർ ഛിന്നഭിന്നമായതിനെ കൂട്ടിയോജിപ്പിക്കുകയും വേറെചില കൂടിച്ചേരലുകളെ ഛിന്നഭിന്നമാക്കിക്കളയുകയും ചെയ്യും. അകന്നുനിൽക്കുന്ന ചിലതിനെ അടുപ്പിക്കുകയും അടുത്തുനിൽക്കുന്ന ചിലതിനെ അകറ്റിക്കളയുകയും ചെയ്യും. ഒരാളുടെ മനസ്സിൽ ചിന്നിച്ചിതറിക്കിടക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങളെയും അഭിലാഷങ്ങളെയും തീരുമാനങ്ങളെയും അത് യോജിപ്പിക്കും. ഏറ്റവും വലിയ ദുരിതം എന്നു പറയുന്നത് അവയുടെ കുത്തഴിഞ്ഞ ഈ ചിതറിക്കിടക്കലാണ്. ശരിയായ ജീവിതവും സുഖാസ്വാദനവും ഹൃദയത്തിന്റെയും ഉന്നതാഭിലാഷങ്ങളുടെയും ഉദ്ദേശ്യങ്ങളുടെയുമൊക്കെ കെട്ടുറപ്പിലും യോജിപ്പിലുമാണ്.

**തീർച്ചയായും ദിക്ർ ഛിന്നഭിന്നമായതിനെ കൂട്ടിയോജിപ്പിക്കുകയും വേറെചില കൂടിച്ചേരലുകളെ ഛിന്നഭിന്നമാക്കിക്കളയുകയും ചെയ്യും. അകന്നുനിൽക്കുന്ന ചിലതിനെ അടുപ്പിക്കുകയും അടുത്തുനിൽക്കുന്ന ചിലതിനെ അകറ്റിക്കളയുകയും ചെയ്യും. ഒരാളുടെ മനസ്സിൽ ചിന്നിച്ചിതറിക്കിടക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങളെയും അഭിലാഷങ്ങളെയും തീരുമാനങ്ങളെയും അത് യോജിപ്പിക്കും. ഏറ്റവും വലിയ ദുരിതം എന്നു പറയുന്നത് അവയുടെ കുത്തഴിഞ്ഞ ഈ ചിതറിക്കിടക്കലാണ്.**

ഒരാളുടെ മുന്നിൽ ഒത്തുകൂടിയ സങ്കടങ്ങളെയും ദുഃഖങ്ങളെയും ആഗ്രഹിച്ചതും കൊതിച്ചതുമൊക്കെ കിട്ടാതെപോയതിലുള്ള നഷ്ടങ്ങളെയും ഖേദങ്ങളെയും കുറിച്ചുള്ള അസ്വസ്ഥതകളെയുമെല്ലാം 'ദിക്ർ' തകർത്ത് ദൂരെക്കളയും.

അതേപോലെ തന്റെ ചുറ്റിലും ഒരുമിച്ചുകൂടിയ പാപങ്ങളെയും തെറ്റുകുറ്റങ്ങളെയുമെല്ലാം അയാളിൽ നിന്ന് അത് തകർത്ത് ശിഥിലമാക്കും. അങ്ങനെ അവയെല്ലാം അയാളിൽനിന്ന് കൊഴിഞ്ഞുവീണ് തകർന്ന് ഇല്ലാതായിത്തീരും. അപ്രകാരംതന്നെ അയാൾക്കുനേരെ യുദ്ധം ചെയ്യാനൊരുങ്ങി സംഘടിച്ചെത്തിയ പിശാചിന്റെ സൈന്യത്തെ അത് തകർത്തെറിയും. ഇബ്‌ലീസ് തന്റേതായ ഓരോ സംഘത്തെയും ഒന്നിനു പിന്നാലെ മറ്റൊന്നായി പറഞ്ഞയച്ചുകൊണ്ടേയിരിക്കും. അല്ലാഹുവിനോട് ഏറ്റവും ശക്തമായി തേടിക്കൊണ്ടിരിക്കുകയും അവനെ ഏറ്റവും ശക്തമായി അവലംബിക്കുകയും ആശ്രയിക്കുകയും അവനുമായി ബന്ധം സുദൃഢമാക്കുകയും ചെയ്യുമ്പോൾ നന്മയുടെ വിഭവങ്ങൾ ഒരു അടിമയുടെ പക്കൽ കൂടുന്നതിനനനുസരിച്ച് ഇബ്‌ലീസിന്റെ സംഘങ്ങൾ അധികരിക്കുകയും ശക്തമാവുകയും ചെയ്യും. ഈ സംഘങ്ങളെയും സന്നാഹങ്ങളെയും തകർത്ത് തരിപ്പണമാക്കാൻ നിരന്തരമുള്ള ദിക്റിനോളം ഫലപ്രദമായ മറ്റു വഴികളില്ല.

അകന്നുനിൽക്കുന്നതിനെ 'ദിക്ർ' അടുപ്പിക്കുമെന്ന് പറഞ്ഞത്; പിശാച് ഒരു അടിമയിൽനിന്ന് അകറ്റി നിർത്തിക്കൊണ്ടിരിക്കുന്ന പരലോകചിന്തകളെയും മോഹങ്ങളെയും ദിക്ർ അയാളിലേക്ക് അടുപ്പിച്ചുകൊണ്ടുവരുമെന്നതിനെ കുറിച്ചാണ്. ദിക്റുകൾകൊണ്ട് നാവും മനസ്സും നിരന്തരമായി നിറഞ്ഞുനിൽക്കുമ്പോൾ അയാൾ ആ സ്വർഗത്തിനടുത്തെത്തി അതിൽ പ്രവേശിച്ചതുപോലെയായിരിക്കും. അപ്പോൾ അദ്ദേഹത്തിന്റെ കണ്ണിൽ ദുൻയാവ് വളരെ ചെറുതായിരിക്കും. പരലോകം അയാളുടെ ഹൃദയത്തിൽ ഏറ്റവും വലുതാവുകയും ചെയ്യും.

അടുത്തതിനെ അകറ്റും എന്ന് പറഞ്ഞത് ദുൻയാവിനെ കുറിച്ചാണ്. പരലോകത്തെക്കാൾ ഒരാളോട് അടുത്തുള്ളത് ഇഹലോകമാണല്ലോ. ഒരാളുടെ ഹൃദയത്തോട് പരലോകചിന്ത എത്രകണ്ട് അടുക്കുന്നുവോ അത്രകണ്ട് ദുൻയാവിനെ കുറിച്ചുള്ള മോഹങ്ങൾ അകന്നുപോയിക്കൊണ്ടിരിക്കും. പരലോകത്തോടടുക്കുവാനും ദുൻയാവിനോടകലുവാനും നിരന്തരമായ 'ദിക്ർ' കൊണ്ടല്ലാതെ സാധിക്കുകയില്ല. അല്ലാഹുവാണ് സഹായിക്കേണ്ടവൻ.

നാൽപത്: നിശ്ചയം, ദിക്ർ ഹൃദയത്തെ അതിന്റെ ഉറക്കിൽനിന്നും വിളിച്ചുണർത്തും. ആലസ്യത്തിൽ നിന്നും തട്ടിയുണർത്തും. ഹൃദയം ഉറക്കത്തിലായാൽ കച്ചവടങ്ങളും ലാഭങ്ങളും ഇല്ലാതാവും. പിന്നെ മിക്കവാറും അയാൾക്ക് നഷ്ടം തന്നെയായിരിക്കും ഉണ്ടാവുക. എന്നാൽ അയാൾ ഉണർന്നെണീറ്റ് തന്റെ ഉറക്കത്തിലൂടെ നഷ്ടമായതിനെ കുറിച്ച് തിരിച്ചറിഞ്ഞാൽ അരയും തലയും മുറുക്കി അയാൾ പരിശ്രമിക്കും. തന്റെ ശേഷിക്കുന്ന ആയുസ്സിനെ അയാൾ സജീവമാക്കും. തനിക്ക് നഷ്ടപ്പെട്ടത് വീണ്ടെടുക്കാൻ ശ്രമിക്കും. ദിക്ർ കൊണ്ടല്ലാതെ പ്രസ്തുത ഉണർവ്വും ഊർജവും ലഭിക്കുകയില്ല. ദിക്റിൽനിന്ന് അകന്നുകൊണ്ടുള്ള അശ്രദ്ധയാകട്ടെ അത് ഗാഢനിദ്രയാണ്. (തുടരും)

ശാഹുൽ പാലക്കാട്
shahulhamidkamba@Gmail.com

കവർ സ്റ്റോറി



**Skepticism and Islamic Epistemology**

# സന്ദേഹവാദവും ഇസ്‌ലാമിക ജ്ഞാനമാർഗരീതിയും

> **നാസ്തികത, തെളിവുകൾക്ക് അന്യമായ അന്ധവിശ്വാസ പ്രസ്ഥാനമാണെന്ന് പറയുമ്പോൾ സന്ദേഹവാദത്തിന്റെ പ്രാകൃത യുക്തി ന്യായങ്ങളെ ആശ്രയിച്ച് അതിജീവിക്കാനുള്ള പാഴ്ശ്രമങ്ങളാണ് നിലവിൽ കാണുന്നത്. അറിവ് നേടാനുള്ള മാനദണ്ഡങ്ങളോ, ജ്ഞാനേന്ദ്രിയങ്ങളുടെ പരിമിതിയോ, തത്ത്വശാസ്ത്ര നിലപാടുകളോ സംബന്ധിച്ച് യാതൊരു ബോധവുമില്ലാത്ത ആളുകളെ സംശയരോഗികൾ ആക്കാം എന്നതിലുപരി യാതൊരു സാമൂഹ്യ നിലവാരവും ഇല്ലാത്ത ഒന്നായി നവ നാസ്തിക ചിന്തകൾ അധഃപതിച്ചിരിക്കുന്നു.**

ദൈവാസ്തിത്വത്തെ നിരാകരിക്കാൻ തെളിവുകൾ ഒന്നുമില്ലെന്നു സമ്മതിക്കേണ്ടിവരികയും എന്നാൽ ദൈവത്തിന്റെ അസ്തിത്വം സംശയാസ്പദം തന്നെയാണെന്ന് വാദിക്കുകയും ചെയ്യുന്ന നാസ്തിക സമാനമായ ഒരു ചിന്തയായാണ് പൊതുവിൽ ആധുനികലോകത്ത് സന്ദേഹവാദത്തെ ഉപയോഗിക്കു

ന്നത്. എന്നാൽ ദൈവത്തിന്റെ കാര്യത്തിൽ മാത്രം സെലക്ടീവായി പ്രകടിപ്പിക്കപ്പെടുന്ന ഒരുതരം പ്രത്യേക സംശയസ്വഭാവംതന്നെ സംശയിക്കപ്പെടേണ്ടതാണ്. ഞങ്ങൾ നാസ്തികരെപ്പോലെ അന്ധമായ ദൈവനിഷേധം പറഞ്ഞുനടക്കുന്നവരല്ലെന്ന് പറയുന്നതിലൂടെ നിഷ്പക്ഷരെന്ന പൊതുബോധം ഉണ്ടാക്കുകയും അതിന്റെ മറവിൽതന്നെ ദൈവത്തെ നിരാകരിക്കുകയും ചെയ്യുന്ന ഒരു പൊതു നിലപാടാണ് സന്ദേഹവാദമെന്ന പേരിൽ പലരും കൊണ്ടുനടക്കുന്നതായി കണ്ടിട്ടുള്ളത്. വാസ്തവത്തിൽ ദൈവാസ്തിത്വത്തെ സംശയിക്കാമെന്ന പേരിൽ ഉന്നയിക്കപ്പെടുന്ന ജ്ഞാനശാസ്ത്രവാദങ്ങൾ (epistemic arguments) തിരിച്ചുപയോഗിച്ചാൽ ദൈവത്തെ മാത്രമല്ല മനുഷ്യാസ്തിത്വത്തെ പോലും കാര്യമായി സംശയിക്കാം. അതിലേക്ക് കടക്കും മുമ്പ് സന്ദേഹവാദത്തിന്റെ ചരിത്രപരമായ പ്രകൃതവും നിലവാരവും പരിശോധിക്കാം.

**സന്ദേഹവാദം**

സംശയത്തോടെ മാത്രം അറിവുകളെ സ്വീകരിക്കുകയെന്ന പൊതുനിലപാടാണ് അടിസ്ഥാനപരമായി സന്ദേഹവാദം. ലോകത്തെ സംബന്ധിച്ച ശരിയായ അറിവാണ് മനുഷ്യന് ലഭിക്കുന്നത് എന്ന് പറയാൻ കഴിയില്ലെന്നു പറഞ്ഞ് തുടങ്ങുന്ന ഗ്രീക്ക് തത്ത്വചിന്തകർ സ്വന്തം ജ്ഞാനേന്ദ്രിയങ്ങളെ പൂർണമായി വിശ്വസിക്കാൻ കഴിയില്ലെന്നും അതുകൊണ്ട് ഒരു കാര്യത്തിലും പൂർണമായ ഒരു ശരിയെ മനസ്സിലാക്കാൻ കഴിയില്ലെന്നുമുള്ള തീവ്രസന്ദേഹവാദത്തിൽ എത്തുന്നു. SKEPTIKOS എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് സന്ദേഹവാദിയെന്ന അർഥം വരുന്ന SKEPTIC എന്ന പദത്തിന്റെ ഉൽപത്തി. അതിനാൽതന്നെ ഒരിക്കലും തൃപ്തിയാവാത്ത സംശയങ്ങളോടെ സകലതിനെയും കാണുന്ന മനുഷ്യരെ SKEPTIC(സന്ദേഹവാദി) എന്നു വിളിക്കുന്നു.

സന്ദേഹവാദത്തിന്റെ ചരിത്രഗതി പരിശോധിച്ചാൽ ദൈവത്തെ എന്നല്ല ഒന്നിലും പൂർണമായി വിശ്വസിക്കാൻ കഴിയില്ലെന്ന തീർപ്പിലേക്കാണ് അതെത്തുന്നത് എന്നു കാണാം. എന്നിട്ടും ദൈവത്തെ മാത്രം വിശ്വാസത്തിലെടുക്കാൻ കഴിയില്ലെന്ന വാദത്തിന് ന്യായമായി സന്ദേഹവാദത്തെ ഉപയോഗിക്കുന്നതുകൊണ്ടാണ് അതൊട്ടും സത്യസന്ധമല്ലെന്നും സെലക്ടീവ് ആണെന്നും പറയുന്നത്.

ഇനി സന്ദേഹവാദത്തിന്റെ തീവ്രതയിൽതന്നെ ലോകത്തെ സംബന്ധിച്ച് ചിന്തിച്ചുനോക്കുക. നമുക്ക് ലഭിക്കുന്ന അറിവുകളൊക്കെ വാസ്തവത്തിൽ യഥാർഥമാണോ? ലഭിക്കുന്ന ഏതൊരു അറിവും നമ്മുടെതന്നെ ജ്ഞാനേന്ദ്രിയങ്ങളാണ് നമുക്ക് സമ്മാനിക്കുന്നത്. എന്നാൽ ഇവയൊന്നും നൽകുന്നത് പ്രപഞ്ചത്തെ സംബന്ധിച്ച യഥാർഥ രൂപങ്ങളല്ല എന്നത് ഇന്ന് പൊതുവിൽ അംഗീകൃതമായ ശാസ്ത്രസത്യമാണ്. ഉദാഹരണത്തിന് നിങ്ങളുടെ കണ്ണിന്റെ കാര്യംതന്നെയെടുക്കുക. അതുപയോഗിച്ച് നിങ്ങൾ ഈ ലോകത്തെ മുഴുവൻ കാണുന്നു. എന്നാൽ ചുറ്റുപാടുകളെ ഒരു പ്രത്യേക രീതിയിൽ കാണുന്നത് അതീജീവനത്തിന് സഹായിക്കും എന്നതുകൊണ്ട് പരിണാമപരമായി രൂപപ്പെട്ടുവന്ന ഒന്നു മാത്രമാണത്. മറിച്ച് ശുദ്ധജലത്തെ മഞ്ഞനിറത്തിൽ കാണുന്നത് ഏതെങ്കിലും തരത്തിൽ പരിണാമപരമായി അതിജീവനത്തെ സഹായിക്കുമായിരുന്നുവെങ്കിൽ നാം ഇന്ന് ജലത്തെ കാണുന്നത് മഞ്ഞനിറത്തിലായിരിക്കാം. പക്ഷികളടക്കമുള്ള മറ്റു ജീവികളുടെ കാര്യമെടുത്താൽ അവയുടെ കണ്ണിലൂടെ കാണുന്ന ലോകം നാം കാണുന്നതിൽനിന്നും തികച്ചും വ്യത്യസ്തമായ നിറത്തിലാണ്.[2] അപ്പോൾ നാം അനുഭവിക്കുന്ന കാഴ്ച വസ്തുനിഷ്ഠമായ യാഥാർഥ്യമാണെന്ന് കരുതുന്നതിൽ ഒരർഥവുമില്ല. നിറത്തിന്റെ

> **നമുക്ക് ലഭിക്കുന്ന അറിവുകളൊക്കെ വാസ്തവത്തിൽ യഥാർഥമാണോ? ലഭിക്കുന്ന ഏതൊരു അറിവും നമ്മുടെതന്നെ ജ്ഞാനേന്ദ്രിയങ്ങളാണ് നമുക്ക് സമ്മാനിക്കുന്നത്. എന്നാൽ ഇവയൊന്നും നൽകുന്നത് പ്രപഞ്ചത്തെ സംബന്ധിച്ച യഥാർഥ രൂപങ്ങളല്ല എന്നത് ഇന്ന് പൊതുവിൽ അംഗീകൃതമായ ശാസ്ത്രസത്യമാണ്. ഉദാഹരണത്തിന് നിങ്ങളുടെ കണ്ണിന്റെ കാര്യംതന്നെയെടുക്കുക. അതുപയോഗിച്ച് നിങ്ങൾ ഈ ലോകത്തെ മുഴുവൻ കാണുന്നു. എന്നാൽ ചുറ്റുപാടുകളെ ഒരു പ്രത്യേക രീതിയിൽ കാണുന്നത് അതീജീവനത്തിന് സഹായിക്കും എന്നതുകൊണ്ട് പരിണാമപരമായി രൂപപ്പെട്ടുവന്ന ഒന്നു മാത്രമാണത്. മറിച്ച് ശുദ്ധജലത്തെ മഞ്ഞനിറത്തിൽ കാണുന്നത് ഏതെങ്കിലും തരത്തിൽ പരിണാമപരമായി അതിജീവനത്തെ സഹായിക്കുമായിരുന്നുവെങ്കിൽ നാം ഇന്ന് ജലത്തെ കാണുന്നത് മഞ്ഞനിറത്തിലായിരിക്കാം.**

> **ഗന്ധമനുഭവിക്കാനുള്ള മൂക്കിന്റെ കഴിവിൽ പരിമിതിയുണ്ട്. ഒരു പ്രത്യേക സുഗന്ധം നിറഞ്ഞ മുറിയിലേക്ക് ആദ്യമായി കയറിച്ചെല്ലുകയാണെങ്കിൽ തീക്ഷ്ണമായിത്തന്നെ ആ ഗന്ധം അനുഭവിക്കാൻ കഴിയും. എന്നാൽ ഏറെനേരം ആ മുറിയിൽത്തന്നെ ചെലവഴിച്ചാൽ സുഗന്ധത്തിന്റെ തീക്ഷ്ണത കുറഞ്ഞുവരുന്നതായി തോന്നുകയും കാര്യമായൊരു സുഗന്ധമായി അതിനെ തോന്നാതിരിക്കുകയും ചെയ്യും. ഇങ്ങനെ ഓരോ ജ്ഞാനേന്ദ്രിയത്തിനും അതിന്റേതായ പരിമിതികളുണ്ട്. അത് തെളിയിക്കുന്നത് ഒരു ജ്ഞാനേന്ദ്രിയത്തെയും പൂർണമായ ശരിയറിയാനുള്ള ഉപാധിയായി അംഗീകരിക്കാനാവില്ലെന്നാണ്.**

കാര്യം മാത്രമല്ല, വസ്തുവിന്റെ രൂപത്തെയും പ്രകൃതത്തെയുമൊക്കെ സംബന്ധിച്ച് മനുഷ്യനേത്രം തെറ്റായ വിവരങ്ങൾ മസ്തിഷ്കത്തിന് നൽകാം. ഇത് ഒപ്റ്റിക്കൽ ഇല്യൂഷൻസ് എന്ന് അറിയപ്പെടുന്നു.(3)

മറ്റുജ്ഞാനേന്ദ്രിയങ്ങളുടെ കാര്യവും ഇങ്ങനെത്തന്നെ. കൈകാലുകൾ തണുത്തിരിക്കുന്ന അവസ്ഥയിൽ ഒരു നിശ്ചിത താപനിലയിലുള്ള വസ്തുവിനെ തൊട്ടാൽ അത് ചൂടുള്ളതായാകും അനുഭവപ്പെടുക. മറിച്ച് അതേ താപനിലയിലുള്ള വസ്തുവിനെത്തന്നെ ശരീരത്തിന് കൂടുതൽ ചൂട് അനുഭവപ്പെടുന്ന സമയത്ത് തൊട്ടാൽ തണുത്തതായി തോന്നും.(4) ത്വക്ക് യാഥാർഥ്യത്തെ സംബന്ധിച്ച കൃത്യമായ വിവരങ്ങളല്ല നൽകുന്നത് എന്നതിന്റെ വ്യക്തമായ തെളിവാണിത്. അതുകൊണ്ട് തന്നെ ത്വക്ക് എപ്പോഴും നൽകുന്ന വിവരങ്ങളെയും പൂർണമായി വിശ്വസിക്കാൻ കഴിയില്ല. ഗന്ധമനുഭവിക്കാനുള്ള മൂക്കിന്റെ കഴിവിലും ഈ പരിമിതിയുണ്ട്. ഒരു പ്രത്യേക സുഗന്ധം നിറഞ്ഞ മുറിയിലേക്ക് ആദ്യമായി കയറിച്ചെല്ലുകയാണെങ്കിൽ തീക്ഷ്ണമായിത്തന്നെ ആ ഗന്ധം അനുഭവിക്കാൻ കഴിയും. എന്നാൽ ഏറെനേരം ആ മുറിയിൽത്തന്നെ ചെലവഴിച്ചാൽ സുഗന്ധത്തിന്റെ തീക്ഷ്ണത കുറഞ്ഞുവരുന്നതായി തോന്നുകയും കാര്യമായൊരു സുഗന്ധമായി അതിനെ തോന്നാതിരിക്കുകയും ചെയ്യും. ഇങ്ങനെ ഓരോ ജ്ഞാനേന്ദ്രിയത്തിനും അതിന്റേതായ പരിമിതികളുണ്ട്. അത് തെളിയിക്കുന്നത് ഒരു ജ്ഞാനേന്ദ്രിയത്തെയും പൂർണമായ ശരിയറിയാനുള്ള ഉപാധിയായി അംഗീകരിക്കാനാവില്ലെന്നാണ്.

കുറച്ചുകൂടി തീവ്രമായ സന്ദേഹവാദത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിച്ചാൽ ചുറ്റുപാടുകൾക്കുതന്നെ തെളിവില്ലെന്നു സമർഥിക്കാം! ചുറ്റുപാടുകളെ സംബന്ധിച്ച ഏതൊരു വിവരവും മസ്തിഷ്കത്തിലൂടെ മാത്രമാണ് മനുഷ്യനറിയുന്നത് എന്നത് പൊതുവിൽ അംഗീകൃതമായ ശാസ്ത്രസത്യമാണ്. കാഴ്ചയും കേൾവിയും അടക്കമുള്ള ഏതൊരു അറിവും ഒരുതരത്തിലുള്ള ഇലക്ട്രോ കെമിക്കൽ രൂപത്തിൽ മസ്തിഷ്കത്തിൽ എത്തുകവഴിയാണ് ഈ ജ്ഞാനേന്ദ്രിയ അനുഭൂതികളെല്ലാം മനുഷ്യനുണ്ടാകുന്നത്.എങ്കിൽ ശരിക്കും ഒരു വസ്തുവിലേക്ക് നാം നോക്കുമ്പോൾ കണ്ണുകൊണ്ട് പുറംലോകത്തെ കാണുകയല്ല ചെയ്യുന്നത്. മറിച്ച് നാം കാണുന്നത് നമ്മുടെ തന്നെ മസ്തിഷ്കം കൊണ്ടാണെന്നു പറയാം. പുറത്തെ ലോകത്തിന്റെ തന്നെ ഒരു പ്രതിബിംബം മസ്തിഷ്കം വായിച്ചെടുക്കുകയാണ് ചെയ്യുന്നത്. മറ്റേതൊരു ജ്ഞാനേന്ദ്രിയ അനുഭൂതിയുടെ കാര്യവും ഇങ്ങനെത്തന്നെ.

ഇനി മറ്റൊരു തരത്തിൽ ചിന്തിച്ചുനോക്കുക; പുറത്തെ ലോകത്തെ സംബന്ധിച്ച് ഇലക്ട്രോ കെമിക്കൽ രൂപത്തിൽ മസ്തിഷ്കത്തിലേക്ക് ലഭിക്കുന്ന അറിവ് കൃത്രിമമായി നിർമിക്കാൻ കഴിഞ്ഞാലോ? അത്തരമൊരു അവസ്ഥയെയാണ് BRAIN IN A VAT എന്ന ചിന്താപരീക്ഷണം മുന്നോട്ടുവെക്കുന്നത്. അഥവാ നിങ്ങളുടെ മസ്തിഷ്കത്തെ ഒരു സൂപ്പർ കമ്പ്യൂട്ടറുമായി ബന്ധിപ്പിക്കുകയും ഒരു പ്രത്യേക കാഴ്ചയുണ്ടാകുമ്പോൾ സ്വാഭാവികമായും മസ്തിഷ്കത്തിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന വൈദ്യുത ഉദ്ദീപനങ്ങൾ കൃത്രിമമായി മസ്തിഷ്കത്തിന് നൽകുകയും ചെയ്യുന്നുവെന്ന് കരുതുക. അപ്പോൾ നേർക്കുനേർ ഒരു വസ്തുവിനെ കാണുന്ന അതേ അനുഭവം തന്നെയായിരിക്കും നിങ്ങൾക്ക് ലഭിക്കുക.(5) ഇത് കാഴ്ചയുടെ കാര്യത്തിൽ എന്നല്ല മറ്റേതൊരു ഇന്ദ്രിയാനുഭൂതിയുടെ കാര്യത്തിലും പ്രാവർത്തികമാണ്. അഥവാ ചുറ്റുപാടുകളെ സംബന്ധിച്ച അനുഭൂതികൾ, യാഥാർഥ്യബോധം എന്നിവയെല്ലാം ഇങ്ങനെ കൃത്രിമമായി നിർമിക്കാൻ കഴിയും.

അപ്പോൾ നിങ്ങൾക്ക് ഇപ്പോൾ ഉണ്ടാകുന്ന ഏതൊരു അനുഭവവും യാഥാർഥ്യം തന്നെയാണെ

ന്നതിന് എന്ത് തെളിവാണുള്ളത്? ദൈവമുണ്ടോ എന്നു സംശയിക്കുംപോലെത്തന്നെ നിങ്ങളുണ്ടോ യെന്ന് മറ്റാർക്കും സംശയിക്കാം. നിങ്ങൾ അനുഭവിക്കുകയും ജീവിക്കുകയും ചെയ്യുന്ന ലോകം യാഥാർഥ്യമാണോ എന്ന് തീർച്ചയായും സംശയിക്കാനുള്ള ന്യായങ്ങളുണ്ട്. മസ്തിഷ്കത്തിന് തെറ്റായ ബോധങ്ങളും മനുഷ്യന് നൽകാം എങ്കിൽ അത് ശരിയായ വിവരങ്ങൾ തന്നെയാണ് നൽകുന്നത് എന്നതിന് എന്തുതെളിവാണ് നൽകാൻ കഴിയുക? കുറച്ച് അന്യഗ്രഹ ജീവികൾ ഒരു ജാറിനകത്ത് സൂക്ഷിച്ചിരിക്കുന്ന നിങ്ങളുടെ മസ്തിഷ്കത്തിലേക്ക് കൃത്രിമമായി നൽകപ്പെടുന്ന ഉദ്ദീപനങ്ങൾ മാത്രമാണ് സകല അനുഭവങ്ങളും എന്നുവാദിച്ചാൽ അല്ലെന്ന് എങ്ങനെയാണ് തെളിയിക്കാൻ കഴിയുക?

മസ്തിഷ്കത്തെ സംശയിക്കാം എന്നതുകൊണ്ട്തന്നെ കടുത്ത സന്ദേഹവാദികൾക്ക് സ്വയം തന്നെയും സംശയം തുടരാവുന്നതാണ്. നിങ്ങൾ ആരാണെന്ന സ്വയംബോധം വാസ്തവത്തിൽ മസ്തിഷ്കത്തിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്ന ഒരു തരത്തിലുള്ള അറിവുകളാണല്ലോ. എന്നാൽ തെറ്റായ അറിവുകൾ മസ്തിഷ്കത്തിനു നൽകി പുനഃക്രമീകരിക്കുന്നതുകൊണ്ട് നിങ്ങൾ മറ്റൊരു വ്യക്തിയാണെന്ന സ്വയംബോധവും കൃത്രിമമായി നിർമിക്കാം. അപ്പോൾ നിങ്ങൾ നിങ്ങൾ തന്നെയാണെന്ന് എല്ലായ്പ്പോഴും എങ്ങനെയാണ് വിശ്വസിക്കുന്നത്? മറ്റു സാധ്യതകളെ ഫാൾസിഫൈ ചെയ്ത് സ്വയംബോധം യാഥാർഥ്യം ആണെന്ന് എമ്പിരിക്കൽ എവിടെൻസ് സമർഥിച്ചാണോ? അല്ലേയല്ല!

മസ്തിഷ്കത്തെ കൃത്രിമമായി പുനഃക്രമീകരിക്കുന്നതുകൊണ്ട് തെറ്റായ വ്യക്തിബോധം ഉണ്ടാകാം എന്ന ആശയത്തെ പ്രമേയമാക്കി Total Recall എന്ന പേരിൽ 2012ൽ ഒരു സിനിമ പുറത്തിറങ്ങിയിട്ടുണ്ട്. സ്വപ്നത്തിൽനിന്നും യഥാർഥ ജീവിതത്തെ വേർതിരിക്കാൻ കഴിയാത്ത അവസ്ഥയെ പ്രമേയമാക്കി 2010ൽ പുറത്തിറങ്ങിയ മറ്റൊരു സിനിമയാണ് Inception. യാഥാർഥ്യമെന്ന് നാം കരുതുന്ന നിത്യജീവിതാവസ്ഥകൾ വാസ്തവത്തിൽ യാഥാർഥ്യംതന്നെയാണോ എന്ന സംശയബോധമാണ് ഈ സിനിമ പ്രമേയമാക്കുന്നത്. സമാനമായ ഒരു സംശയാവസ്ഥ മുസ്‌ലിം തത്ത്വചിന്തകനായ ഇമാം ഗസ്സാലി പറഞ്ഞതായിട്ടുണ്ട്.

സ്വപ്നം കാണുമ്പോൾ അത് സത്യമായും സംഭവിക്കുന്നതായിട്ടാണ് ഏതൊരു മനുഷ്യനും മനസ്സിലാക്കുന്നത്. എന്നാൽ ഉണരുമ്പോൾ അത് വെറും മിഥ്യയായിരുന്നെന്ന് ബോധ്യമാകുന്നു.

പക്ഷേ, യാഥാർഥ്യമെന്ന് നിലവിൽ കരുതപ്പെടുന്ന അവസ്ഥ മാത്രം പൂർണമായും സത്യമാണെന്നു പറയാൻ കഴിയുന്നത് എങ്ങനെയാണെന്നാണ് ഇമാം ഗസ്സാലി ചോദിക്കുന്നത്.[6] സ്വപ്നം അനുഭവിക്കുമ്പോൾ പൂർണമായ സത്യമെന്ന് തോന്നുന്നെങ്കിലും ഉണരുമ്പോൾ അത് മിഥ്യയായിരുന്നുവെന്ന് മനസ്സിലാക്കുന്നു. എങ്കിൽ യാഥാർഥ്യമെന്ന നിലവിലെ തോന്നൽ മാത്രം മിഥ്യയല്ലെന്ന് എങ്ങനെ പറയാൻ കഴിയും? ഈ അവസ്ഥയിൽനിന്നും കൂടുതൽ യഥാർഥമായ മറ്റൊരവസ്ഥയിലേക്ക് മനുഷ്യൻ പുനരെഴുന്നേൽപിക്കപ്പെടില്ലായെന്ന് എന്തിനെ അടിസ്ഥാനമാക്കി പറയും? മനുഷ്യൻ കമ്പ്യൂട്ടർ സിമുലേഷനുകൾക്കകത്തെ സൃഷ്ടികൾ മാത്രമാകാം എന്നതാണ് മറ്റൊരു സാധ്യത. 1999ൽ പുറത്തിറങ്ങിയ The Mtarix എന്ന ചിത്രം ഈ ആശയം പ്രമേയമാക്കിയുള്ളതാണ്.

സ്വീഡിഷ് ഫിലോസഫറായ നിക്ക് ബോസ്ട്രോമിന്റെയും ബില്യണെയർ എലോൺ മസ്കിന്റെയും അഭിപ്രായത്തിൽ മനുഷ്യജീവിതങ്ങൾ ചില കമ്പ്യൂട്ടർ സിമുലേഷനുകളുടെ ഭാഗം മാത്രമായിരിക്കാൻ സാധ്യതകൾ ഉണ്ടെന്നാണ്.[7] നമ്മളിൽനിന്നും ഭൗതികമായ പുരോഗതിയിലെത്തിയ മറ്റു അന്യഗ്രഹ നാഗരികതകൾ നിലനിൽക്കാമെന്നതു




കൊണ്ടുതന്നെ കമ്പ്യൂട്ടർ സിമുലേഷനുകൾക്കകത്ത് നമ്മുടെ ബോധത്തെ അവർക്ക് നിർമിക്കാൻ കഴിയുകയും ചെയ്യാമായിരിക്കാം.

ഇങ്ങനെ മനുഷ്യബോധം അനുഭവിക്കുന്നതൊന്നും യാഥാർഥ്യങ്ങൾ അല്ലാതിരിക്കാനുള്ള നിരവധി സാധ്യതകൾ ബാഹ്യമായി നിലനിൽക്കുന്നെങ്കിൽ അനുഭവങ്ങൾ യാഥാർഥ്യങ്ങൾ തന്നെയാണെന്നതിനെ ഒരുതരത്തിലും തെളിയിക്കാൻ കഴിയില്ലെന്നതാണ് ജ്ഞാനശാസ്ത്രപരമായി ഉണ്ടാകാവുന്ന പ്രധാന പരിമിതി. അപ്പോൾ ചുറ്റുപാടുകളെ സംബന്ധിച്ച അറിവും അനുഭവവും യാഥാർഥ്യമാണെന്ന ബോധം വാസ്തവത്തിൽ മനുഷ്യനിൽ നൈസർഗികമായി ഉള്ളടങ്ങിയ ഒരു വിശ്വാസം മാത്രമാണ്. അനുഭവങ്ങൾ മിഥ്യയാകാവുന്നതിനുള്ള നിരവധി സാധ്യതകൾ ബാഹ്യമായി നിലനിൽക്കുമ്പോൾതന്നെ അതിനെയൊന്നും ഖണ്ഡിച്ചോ അവ യാഥാർഥ്യമാണെന്നതിന് തെളിവ് സമർഥിച്ചോ അല്ല നാം ജീവിക്കുന്നത്.

ഇത്തരമൊരു ജ്ഞാനശാസ്ത്ര പരിമിതിക്കകത്തുനിന്ന് ഒരുതരത്തിലും യാഥാർഥ്യമെന്താണെന്നതിന് തെളിവ് കണ്ടെത്താൻ കഴിയില്ലെന്നത് വളരെ വൈരുധ്യാത്മകമായ ഒരുവസ്ഥ കൂടിയാണ്. അഥവാ നാം അനുഭവിക്കുന്ന ലോകം യാഥാർഥ്യം ആണെന്നതിന് ഒരു തെളിവ് പറയണമെങ്കിൽ ആ തെളിവ് യാഥാർഥ്യം ആണെന്നതിന് മറ്റൊരു തെളിവ് സമർഥിക്കേണ്ടി വരും! അങ്ങനെ സമർഥിക്കപ്പെടുന്ന തെളിവിനും ന്യായമായി മറ്റ് തെളിവുകളുടെ സാക്ഷ്യം വേണ്ടിവരും. ഈ പ്രശ്നം ഇങ്ങനെ അനന്തമായി പുറകോട്ടുപോകും എന്നല്ലാതെ ആത്യന്തികമായൊരു തെളിവും ഇല്ലെന്നാകുന്നു. കാരണം അനുഭവിക്കുന്നതെല്ലാം മിഥ്യയാകാനുള്ള സാധ്യതകളുള്ളതുകൊണ്ടുതന്നെ ലഭിക്കുന്ന ഏതൊരു തെളിവിനെയും യാഥാർഥ്യമെന്നും വസ്തുനിഷ്ഠമെന്നും പറയാൻ കഴിയില്ല. അതുകൊണ്ട് തെളിവും സന്ദേഹത്തിന്റെ കീഴിൽ തന്നെയാകുന്നു. ആത്യന്തികമായി ഒന്നിനെയും യാഥാർഥ്യമെന്ന് വിശേഷിപ്പിക്കാൻ കഴിയില്ലെന്ന പ്രധാനപ്രശ്നം പരിഹരിക്കാൻ കഴിയാത്തതായിത്തന്നെ അപ്പോൾ നിലനിൽക്കുന്നു. ഇത് ശാസ്ത്രീയമായോ തത്ത്വശാസ്ത്രമുപയോഗിച്ചോ തീർപ്പിലെത്താൻ കഴിയാത്ത വിഷയമാണ്. അതുകൊണ്ടാണ് ചരിത്രത്തിൽ നിരവധി സന്ദേഹവാദ പ്രസ്ഥാനങ്ങൾ ഉണ്ടായത്. തത്ത്വശാസ്ത്രപരമായ ഈ ന്യായങ്ങളുടെ അടിസ്ഥാനത്തിൽ സ്വന്തത്തെയല്ലാതെ മറ്റൊന്നിനെയും പൂർണമായി അംഗീകരിക്കാനാവില്ലെന്ന തീർപ്പിലെത്തിയവരാണ് ഗ്രീക് തത്ത്വചിന്തയിലെ അഹംമാത്ര വാദികൾ (SOLIPSISTS).

സന്ദേഹവാദത്തിന്റെ മൂർധന്യാവസ്ഥയിൽ ചുറ്റുപാടുകളിലൊന്നും വിശ്വാസമില്ലാതായ വ്യക്തിയാണ് ബി.സി 270ൽ ജീവിച്ചിരുന്ന ഗ്രീക്ക് ഫിലോസഫറായ പൈറോ (Pyrrho). ജ്ഞാനേന്ദ്രിയങ്ങളിലൊന്നും കാര്യമായ വിശ്വാസമില്ലാതായ പൈറോ അപകടകാരികളായ നായകൾക്കും ആഴത്തിലുള്ള മലമുനമ്പുകൾക്കുമെല്ലാം നേരെ സഞ്ചരിക്കുമായിരുന്നുവെന്നാണ് പറയപ്പെടുന്നത്. അദ്ദേഹത്തിന്റെ തന്നെ വിദ്യാർഥികളായിരുന്നു അത്തരം അപകടാവസ്ഥകളിൽനിന്നും പൈറോയെ തടഞ്ഞിരുന്നത്. ഒരു അറിവും സംശയത്തിൽനിന്നും മുക്തമല്ലെന്നു മാത്രമല്ല ഒരു കാര്യവും ശരിയാണെന്ന പൂർണതീർപ്പിൽ എത്താനാവില്ലെന്നും പൈറോ വാദിച്ചു.[8] സൂര്യനുദിച്ചശേഷവും അത് രാത്രിയെന്നോ പകലെന്നോ തീർപ്പാക്കാതെ നാം കിടക്കയിൽ തന്നെ ചെലവഴിക്കണം എന്നാണോ ഇവർ വാദിക്കുന്നത് എന്ന ചോദ്യമുന്നയിച്ച് ഈ പൈറോണിയൻ ഫിലോസഫിയെ ഗാലൻ പരിഹസിച്ചിട്ടുണ്ട്. മറ്റൊരു സന്ദേഹവാദിയായി അറിയപ്പെടുന്ന സോക്രട്ടീസ് പറഞ്ഞ രസകരമായ വാദം ഇങ്ങനെയാണ്:



"എനിക്കാകെ അറിയാവുന്ന ഏകകാര്യം എനിക്കൊന്നുമറിയില്ലെന്നതാണ്" (The only thing I know, is that I know nothing); സന്ദേഹവാദത്തിന്റെ മൂർധന്യാവസ്ഥയിൽ എത്തിനിൽക്കുന്ന ആർക്കും സ്വയം പറയാൻ കഴിയുക ഇതുമാത്രമായിരിക്കും. തത്ത്വശാസ്ത്രപരമായി സന്ദേഹവാദത്തെ മനസ്സിലാക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഏതൊരു അറിവിനെയും പൂർണമായി സ്വീകരിക്കാൻ കഴിയില്ല. ഫിലോസഫിക്കലായി സന്ദേഹവാദത്തെ മനസ്സിലാക്കിക്കൊടുത്ത സ്വന്തം അധ്യാപകരുടെ അസ്തിത്വത്തെപോലും അവിശ്വസിക്കുന്ന വരട്ടുവാദമെന്നാണ് ബി.സി 356ൽ ജീവിച്ചിരുന്ന അരിസ്റ്റിഫസിന്റെ സന്ദേഹവാദ വിമർശനം. തത്ത്വശാസ്ത്രരംഗത്ത് പ്രസിദ്ധമായ പ്രോട്ടഗോറസിന്റേതായി അറിയപ്പെടുന്ന മറ്റൊരു വാക്യവും സന്ദേഹവാദത്തോടു ചേർത്ത് പറയാവുന്നതാണ്. 'സർവതിന്റെയും അളവുപാത്രം മനുഷ്യനാണ്' (Man is the measure of all things) എന്നു പറഞ്ഞതിലൂടെ വസ്തുനിഷ്ഠമായ സത്യങ്ങൾ ഒന്നും ഇല്ലെന്നും സർവതും ആപേക്ഷികങ്ങൾ ആണെന്നും മനുഷ്യൻ അവന്റെ വ്യാഖ്യാനത്തിലുള്ള ശരിയെ തിരഞ്ഞെടുക്കുന്നു എന്നുമാണ് പ്രോട്ടഗോറസ് ഉദ്ദേശിച്ചതെന്ന് കരുതപ്പെടുന്നു. ഏതൊന്നിനെ സംബന്ധിച്ചും രണ്ടുതരത്തിലുള്ള വാദങ്ങൾ ഉന്നയിക്കാം എന്നതുകൊണ്ട് പ്രത്യേകിച്ച് ഏതെങ്കിലും ഒരു ശരിയുണ്ടെന്ന് പറയാൻ ആകില്ലെന്ന അദ്ദേഹത്തിന്റെ സിദ്ധാന്തമാണ് ആപേക്ഷികതാ വാദം (Relativism). അതിന്റെതന്നെ അടിസ്ഥാനത്തിൽ എല്ലാ കാര്യങ്ങളും തുല്യനിലവാരത്തിൽ ശരികളാണെന്നും പ്രോട്ടഗോസ് വിശ്വസിച്ചു.[9] എന്നാൽ ഇതേ വാദംതന്നെ ഉപയോഗിച്ച് സർവതും തുല്യനിലയിൽ തെറ്റാണെന്ന് വാദിച്ച വ്യക്തിയായിരുന്നു സോഫിസ്റ്റ് തത്ത്വചിന്തകനായ ഗോർഗിയാസ് (Gorgias). ഇത്തരം തീവ്ര സന്ദേഹവാദങ്ങളെ മനസ്സിലാക്കിയതിൽനിന്നും അവയെ ഖണ്ഡിക്കാൻ കഴിയില്ലെന്നു ബോധ്യപ്പെട്ട വ്യക്തികൂടിയാണ് പ്രശസ്ത തത്ത്വചിന്തകനായ റെനെ ദെക്കാർത്തെ.

താനൊഴികെ മറ്റൊന്നിന്റെയും അസ്തിത്വം പൂർണമായി തെളിയിക്കാൻ കഴിയില്ലെന്നു മനസ്സിലാക്കിയതിൽ നിന്നാണ് Cogito Ergosum എന്ന അദ്ദേഹത്തിന്റെ സുപ്രസിദ്ധ വാക്യമുണ്ടാകുന്നത്. I think there for I am 'ഞാൻ ചിന്തിക്കുന്നു, അതിനാൽ ഞാനുണ്ട്' എന്നർഥം. മറ്റെല്ലാം ഏതെങ്കിലും തരത്തിലുള്ള മിഥ്യയായ തോന്നലുകൾ ആണെന്ന് വന്നാൽപോലും അത്തരം തോന്നലുകൾ ഉണ്ടാകാൻ താൻ അടിസ്ഥാനപരമായി നിലനിന്നിരിക്കേണ്ടേ? അപ്പോൾ താൻ ചിന്തിക്കുന്നുണ്ട് എന്നതിൽനിന്നും തന്റെ അസ്തിത്വം സ്വയം വ്യക്തമാണ്. എന്നാൽ മറ്റൊന്നിന്റെയും അസ്തിത്വത്തെ സംബന്ധിച്ച് ഈ ഉറപ്പ് പറയാൻ കഴിയില്ല ഇതാണ്

> **മനുഷ്യബോധം അനുഭവിക്കുന്നതൊന്നും യാഥാർഥ്യങ്ങൾ അല്ലാതിരിക്കാനുള്ള നിരവധി സാധ്യതകൾ ബാഹ്യമായി നിലനിൽക്കുന്നെങ്കിൽ അനുഭവങ്ങൾ യാഥാർഥ്യങ്ങൾ തന്നെയാണെന്നതിനെ ഒരുതരത്തിലും തെളിയിക്കാൻ കഴിയില്ലെന്നതാണ് ജ്ഞാനശാസ്ത്രപരമായി ഉണ്ടാകാവുന്ന പ്രധാന പരിമിതി. അപ്പോൾ ചുറ്റുപാടുകളെ സംബന്ധിച്ച അറിവും അനുഭവവും യാഥാർഥ്യമാണെന്ന ബോധം വാസ്തവത്തിൽ മനുഷ്യനിൽ നൈസർഗികമായി ഉള്ളടങ്ങിയ ഒരു വിശ്വാസം മാത്രമാണ്. അപ്പോൾ അനുഭവങ്ങൾ മിഥ്യയാകാവുന്നതിനുള്ള നിരവധി സാധ്യതകൾ ബാഹ്യമായി നിലനിൽക്കുന്നു.**

ഈ വാചകംകൊണ്ട് ദെക്കാർത്തെ ഉദ്ദേശിച്ചത്.[10] എന്നാൽ താൻ നിലനിൽക്കുന്നുവെന്ന് സ്ഥാപിക്കാൻ ദെക്കാർത്തെ പറഞ്ഞ ഈ സുപ്രസിദ്ധ ന്യായത്തിനും മറുപടിയും ഖണ്ഡനങ്ങളുമുണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് താൻ ചിന്തിക്കുന്നുണ്ടെന്ന തോന്നൽ ദെക്കാർത്തെയ്ക്ക് സ്വന്തം നിലയ്ക്ക് ഉണ്ടാകാത്തത് ആകാനുള്ള സാധ്യതകളും പറയാവുന്നതാണ്.

നിഴലുപോലെയോ അല്ലെങ്കിൽ പ്രതിധ്വനിപോലെയോ മറ്റൊന്നിന്റെ ചിന്തയുടെ പകർപ്പ് മാത്രമായി താൻ സ്വയം ചിന്തിക്കുന്നുണ്ടെന്ന തോന്നൽ ഉണ്ടായിക്കൂടേ എന്നാണ് വിമർശകർ ചോദിക്കുന്നത്. അത്തരമൊരവസ്ഥയിൽ സ്വന്തം അസ്തിത്വമോ സ്വയം ചിന്തയോ ഇല്ലെന്നാകും. ചുരുക്കത്തിൽ സംശയിക്കാൻ നിന്നാൽ സംശയങ്ങൾ മാത്രം ബാക്കിയാകുന്ന അവസ്ഥയിലേക്കെത്താം എന്നതിനുള്ള ഉദാഹരണമാണ് സന്ദേഹവാദത്തിന്റെ തന്നെ ചരിത്രം.

ഈ മായാവാദങ്ങൾ കേവലം ചരിത്രത്തിലോ തത്ത്വശാസ്ത്രത്തിലോ മാത്രം ഒതുങ്ങുന്നതല്ലതാനും. ആധുനിക ശാസ്ത്രം കൊണ്ടെത്തിക്കുന്നതും

ആത്യന്തികമായ സത്യങ്ങളില്ലെന്ന യുക്തിയിലേക്കാണെന്ന് ക്വാണ്ടം മെക്കാനിക്സും റിലേറ്റിവിറ്റി തിയറിയും ഒക്കെ ഉദ്ധരിച്ച് പറയുന്ന വ്യാഖ്യാനങ്ങളുണ്ട്. ഡബിൾ സ്ലിറ്റ് എക്സ്പെരിമെന്റ് എന്നറിയപ്പെടുന്ന ക്വാണ്ടം ലോകത്തെ ഒരു സുപ്രസിദ്ധ പരീക്ഷണത്തെ ഉപയോഗിച്ച് ആത്യന്തിക സത്യങ്ങളില്ലെന്നും മനുഷ്യബോധമാണ് യാഥാർഥ്യത്തെ നിർമിക്കുന്നതെന്നും വാദിക്കുന്നവരെ കാണാം.[11]

ക്വാണ്ടംലോകത്തെ അനിശ്ചിതത്വ സ്വഭാവം മുതൽ കണികാതരംഗ സ്വഭാവങ്ങളെവരെ ഈ രീതിക്ക് വ്യാഖ്യാനിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്യുന്നവരുണ്ട്. ദീപക് ചോപ്ര മുതൽ റോബർട്ട് ലാൻസവരെയുള്ള ആധുനിക ബുദ്ധിജീവികൾവരെ ഇതിന്റെ വക്താക്കളാണ്.

ഇതിനെല്ലാമുപരി സന്ദേഹവാദത്തിന് അതിന്റേതായ മനഃശാസ്ത്ര അനുകൂലനം കൂടെയുണ്ട്. അഥവാ ചില കാര്യങ്ങളെ സന്ദേഹിക്കാനുള്ള യുക്തി മനുഷ്യനെ ആവർത്തിച്ച് ബോധിപ്പിച്ചാൽ സാവധാനമെങ്കിലും അതിനോട് അടുക്കുന്ന മനഃശാസ്ത്രമാണ് മനുഷ്യനുള്ളത്. അതുകൊണ്ടാണ് സാമാന്യ ജനങ്ങൾ പൊട്ടത്തരമെന്ന് സ്വാഭാവികമായി വിലയിരുത്തുന്ന കാര്യങ്ങൾ സന്ദേഹവാദികൾക്ക് മഹായുക്തിവാദങ്ങളാകുന്നത്. ഇന്റർനെറ്റിന്റെയെല്ലാം വളർച്ചയോടെ അറിവ് കൂടുതലായി പ്രചരിക്കപ്പെട്ടു എന്നതുപോലെത്തന്നെ സംഭവിച്ച മറ്റൊരു കാര്യമാണ് ഗൂഢാലോചനാ സിദ്ധാന്തങ്ങളുടെ (Conspiracy theory) വ്യാപനവും.[12] ഇന്റർനെറ്റ് ഉപയോഗിച്ചുള്ള തുടർച്ചയായ ഇത്തരം പ്രചാരണങ്ങൾ കാരണമായി ദിനോസറുകൾ ജീവിച്ചിരുന്നതിനെ സംശയിക്കുന്നവർക്കും മനുഷ്യൻ ചന്ദ്രനിലിറങ്ങിയതിൽ സംശയം പ്രകടിപ്പിക്കുന്നവർക്കും, നാസയെ സംശയിക്കുന്നവർക്കും, ഭൂമി യഥാർഥത്തിൽ പരന്നതാണെന്ന് കരുതുന്നവർക്കും എല്ലാം ഇന്നു പ്രത്യേക സംഘടനകൾ പോലുമുണ്ട്. എല്ലാം ഇല്യുമിനാറ്റിയുടെ നിയന്ത്രണത്തിലാണെന്നു സംശയിക്കുകയും വാദിക്കുകയും ചെയ്യുന്നവർ നമ്മുടെ കേരളത്തിൽ പോലുമുണ്ട് എന്നതാണ് രസകരമായ മറ്റൊരു വസ്തുത.

അമേരിക്കയിൽ നടന്ന മറ്റൊരു പബ്ലിക് പോളിങ് അനുസരിച്ച് 12 ദശലക്ഷം അമേരിക്കക്കാർ തങ്ങളെ അന്യഗ്രഹ ജീവികളായ ചില പല്ലി മനുഷ്യർ ഭരിക്കുന്നതായിട്ടാണത്രെ വിശ്വസിക്കുന്നത്.[13]

ചില പ്രത്യേകതരത്തിലുള്ള യുക്തി ഉപയോഗിച്ച് എന്തിനെയെങ്കിലും സംബന്ധിച്ച സംശയബോധം മനുഷ്യരിലേക്ക് തുടർച്ചയായി ഇൻജക്റ്റ് ചെയ്തുകൊണ്ടിരുന്നാൽ എത്ര കൃത്യമായ യാഥാർഥ്യത്തെയും നിഷേധിക്കുന്ന അബദ്ധത്തിലേക്ക് അവരെക്കൊണ്ടെത്തിക്കാം എന്നാണ് സന്ദേഹവാദത്തിന്റെ തന്നെ ചരിത്രവും വർത്തമാനവും നമുക്ക് പറഞ്ഞുതരുന്നത്. അപ്പോൾ മതവിരോധികളായ കുറച്ചധികം ഉത്തരാധുനിക മനുഷ്യർ നിരന്നുനിന്ന് സെലക്ടീവായി മതത്തിനും ദൈവത്തിനും എതിരിൽ തങ്ങളുടെ പ്രാകൃത സന്ദേഹവാദത്തിന്റെ യുക്തി ഛർദിച്ചാൽ കുറച്ചെങ്കിലും യാഥാർഥ്യബോധമില്ലാത്ത മനുഷ്യർ ആ മാലിന്യചിന്തകളിൽ പെട്ടുപോകുമെന്നത് യാഥാർഥ്യമാണ്. നവനാസ്തിക ചിന്തകൾ മനഃശാസ്ത്രപരമായ ഈ ഛർദിലുകൾ മാത്രമാകുന്നത് അങ്ങനെയാണ്.

### കുറിപ്പുകൾ


1. Edward Craig; Routledge (Firm) (1998). Routledge Encyclopedia of Philosophy: Genealogy to Iqbal. Taylor & Francis US. p. 146. ISBN 9780415187091

2. Goldsmith, Timothy H. (July 2006). "What birds see" (PDF). Scientific American: 6975. Archived from the original (PDF) on April 10, 2011

3. Bach, Michael; Poloschek, C.M. (2006). "Optical Illusions" (PDF). Adv. Clin. Neurosci. Rehabil. 6 (2): 2021

4. https://www.britannica.com/science/paradoxicalcoldan heat

5. Putnam, Hilary. "Brains in a Vat" (PDF)

6. https://1000wordphilosophy.com/2020/07/25/alghazalisdreamargument/

7. https://www.nbcnews.com/mach/science/whatsimulationhypothesiswhysomethinklifesimulatedrealtiy ncna 913926

8. https://ndpr.nd.edu/reviews/pyrrhonianskepticism/

9. Lee, MiKyoung (2005). Epistemology after Protagoras: Responses to relativism in Plato, Aristotle. Oxford: Oxford University Press. ISBN 0199262225

10. Scruton, R. (2012). Modern Philosophy: An Itnroduction and Survey. Bloomsbury Publishing. pp. 33-36. ISBN 978-1448210510

11. https://www.sciencemag.org/news/2017/10/quantumexperimentspaceconfirmsrealtiywhatyoumakeit0

12. https://www.nytimes.com/interactive/2020/03/02/technology/youtubeconspiracytheory.html

13. https://www.theguardian.com/lifeandstyle/2016/apr/07/conspiracytheoryparanoiaaliensilluminati beyonce vaccinesclivenbundyjfk


(തുടരും)

ഫിദ ഫാത്തിമ കെ.കെ
mail@nerpatham.com

ലേഖനം

# ചില ഭിന്നശേഷി വിചാരങ്ങൾ

പൊതുസമൂഹത്തിന് ഒരു വിചാരമുണ്ട്; കാഴ്ചയില്ലാത്ത ആളുകൾക്ക് ഒന്നിനെപ്പറ്റിയും കൃത്യമായി അറിയില്ലെന്നും അവർക്ക് മുന്നിൽ ഇരുട്ട് മാത്രമാണെന്നും സ്വന്തം ജന്മത്തെ പഴിച്ച് ജീവിതം തള്ളി നീക്കുന്നവരാണ് അവരെന്നും! എന്നാൽ യഥാർഥത്തിൽ ഇതൊന്നുമല്ല അവർ. കിട്ടിയ ജീവിതം കൂടുതൽ സ്നേഹത്തോടെ കൂടുതൽ ആത്മാർഥതയോട ജീവിച്ചുതീർക്കുന്നവരാണ് അവർ.

അവർ സ്വന്തം ജീവിതം ആസ്വദിച്ച്, തങ്ങളുടെ കഴിവിൽ പൂർണ വിശ്വാസം അർപ്പിച്ച് ഈ പ്രകൃതിയോടിണങ്ങി, പ്രകൃതിയെ അറിഞ്ഞ്, പ്രകൃതിയെ സ്നേഹിച്ച് ജീവിക്കുന്നവരാണ്. ഉദാഹരണത്തിന് ഒരു ചെമ്പരത്തിപ്പൂവിനെ എടുക്കാം. അതിന് എത്ര ഇതളുകൾ ഉണ്ട് എന്ന് ചോദിച്ചാൽ കാഴ്ചയുള്ളവരിൽ ചിലരൊക്കെ ഉത്തരം പറയും. എന്നാൽ അത്ര തന്നെയാണോ എന്ന് രണ്ടാമത് ഒരു ചോദ്യം വന്നാൽ അവർക്ക് കൺഫ്യൂഷനായി. എന്നാൽ കാഴ്ചയില്ലാത്ത ഒരു വ്യക്തിയോട് ചോദിച്ചാൽ അയാൾക്ക് കൃത്യമായി ഉത്തരം നൽകാൻ കഴിയും. കാരണം കാഴ്ചയുള്ളവർ ഒരു കാര്യം മനസ്സിലാക്കുവാൻ കാഴ്ചയെന്ന ഒരു ഇന്ദ്രിയം മാത്രമാണ് പലപ്പോഴും ഉപയോഗിക്കുന്നത്. എന്നാൽ കാഴ്ചയില്ലാത്തവർ മറ്റു പല ഇന്ദ്രിയങ്ങളും ഉപയോഗിച്ചാണ് ഒരു കാര്യത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്നത്. കാഴ്ചയുള്ള വ്യക്തികളെക്കൾ അധികം എന്നല്ല, കാഴ്ചയുള്ളവരെപ്പോലെ തന്നെ കാര്യങ്ങൾ മനസ്സിലാക്കുവാനും അതനുസരിച്ച് ജീവിക്കാനും കഴിവുള്ളവരാണ് അവരും.

പരിഷ്കൃതസമൂഹം എന്ന് മേനി നടിക്കുന്ന ആധുനികർക്ക് ഒരു ഭിന്നശേഷി സൗഹൃദ സമൂഹം ഉണ്ടാക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. ആളുകൾക്കിടയിലെ തെറ്റിദ്ധാരണകൾ ഇന്നും നിലനിൽക്കുന്നു. ഒന്നിനും കൊള്ളാത്ത, ഒന്നും അറിയാത്തവരാണ് ഈ സമൂഹം എന്ന കഴ്ചപ്പാട്. മാറേണ്ടത് പരിഷ്കൃത സമൂഹമാണ്. കാരണം സ്വന്തം ജീവിതം അതിന്റെ പൂർണമായ അർഥത്തിൽ ജീവിച്ചു തീർക്കുന്നവരാണ് ഇവർ.

ഭിന്നശേഷിക്കാരെ കൈപിടിച്ച് നടത്തുകയല്ല; മറിച്ച് സ്വയം നടക്കാൻ അവരെ പ്രാപ്തരാക്കുകയും അതിനായി ഈ സമൂഹത്തെ സജ്ജമാക്കുകയുമാണ് വേണ്ടത്. വികലാംഗർ എന്ന പേരുതന്നെ മാറ്റി ഭിന്നശേഷിക്കാർ എന്ന് വിളിക്കുന്ന ഇക്കൂട്ടരെ പലപ്പോഴും സാംസ്കാരികമായി സ്വീകാര്യതയില്ലാത്ത മറ്റുപല പേരുകൾ ഇട്ടാണ് ചിലർ വിളിക്കുന്നത്. ഇത് സാക്ഷരരെന്ന് അഭിമാനിക്കുന്ന മലയാളികൾക്ക് യോജിച്ചതല്ല. മാത്രമല്ല ഇത്തരം പ്രയോഗങ്ങൾ യാഥാർഥ്യവുമായി ബന്ധമില്ലാത്തതും തന്റെ കഴിവുകൊണ്ട് മുന്നേറി വരുന്ന വ്യക്തികളുടെ അഭിമാനത്തെ ഹനിക്കുന്നതുമാണ്. രാഷ്ട്രീയ, സാംസ്കാരിക, മത നേതാക്കൾ വരെ ഇത്തരം പരാമർശങ്ങൾ അവരുടെ സംസാരങ്ങളിൽ വരുത്തുന്നത് വളരെയധികം വിഷമമുണ്ടാക്കുന്ന കാര്യമാണ്.

തന്റ അഭിമാനവും കഴിവിലുള്ള വിശ്വാസവും എല്ലാവർക്കും ഒരുപോലെയാണ്. ഈ പരിഗണന ഏതൊരു മനുഷ്യനും അർഹിക്കുന്നുണ്ട്. അത്തരത്തിൽ ഒരു ചിന്തയാണ് ഇത് എഴുതാൻ എന്നെ പ്രേരിപ്പിച്ചതും. തന്റെ വാക്കുകൾ മറ്റുള്ളവർക്ക് ഒരു മുറിവാകുമെങ്കിൽ ആ വാക്ക് പറയാതിരിക്കുവാനുള്ള സാമാന്യമര്യാദയാണ് രാഷ്ട്രീയ, മത, സാംസ്കാരിക നേതാക്കൾ കാണിക്കേണ്ടത്. പലപ്പോഴും ഇല്ലാതെ പോകുന്നതും അതാണ്.

പൊതുസമൂഹത്തോട് എനിക്ക് ഒരു അഭ്യർഥനയേ ഉള്ളൂ; അവരും ജീവിച്ചോട്ടെ, മറ്റുള്ളവരെപ്പോലെ സ്വന്തം കഴിവിലും പരിശ്രമത്തിലും സ്വയം പര്യാപ്തരായി ഉയരങ്ങൾ കീഴടക്കികൊണ്ട്...

മൂസ സ്വലാഹി, കാര
moosakara001@gmail.com

ലേഖനം



അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ 25

# ഇസ്തിഗാസ; പ്രമാണപക്ഷവും സമസ്തപക്ഷവും

അഹ്‌ലുസ്സുന്നതി വൽജമാഅയും ശിയാസുന്നികളും തമ്മിൽ അഭിപ്രായ വ്യത്യാസമുള്ള വിഷയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഇസ്തിഗാസ. സൃഷ്ടി കഴിവിന്നധീനമായ കാര്യങ്ങൾ തന്നെ സാധിച്ചുകിട്ടാൻ അല്ലാഹുവിന്റെ സഹായം അനിവാര്യമായിരിക്കെ, സൃഷ്ടികഴിവിന്നതീതമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ മരണപ്പെട്ടവരോട് സഹായം തേടാമെന്ന് ഏറെ കാലമായി പ്രമാണങ്ങളെ മറയാക്കിയും അവയെ ദുർവ്യാഖ്യാനം ചെയ്തും സമസ്തക്കാർ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇവ്വിധം ചെയ്യുന്നത് തൗഹീദിന് എതിരും വലിയ പാതകവുമാണ്.

ഏറ്റവും വലിയ പ്രതിസന്ധി നേരിട്ട ബദ്ർ യുദ്ധവേളയിൽ നബിﷺ നടത്തിയ പ്രാർഥനയെ സംബന്ധിച്ച് ക്വുർആൻ പറയുന്നു: “നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക). തുടരെത്തു

ടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾക്കു മറുപടി നൽകി" (ക്വുർആൻ 8:9).

ആരാധനയും അതിന്റെ ഇനങ്ങളും എന്താണെന്ന് സത്യസന്ധമായി സമൂഹത്തെ പഠിപ്പിക്കാത്തതിനാൽ അനുഗ്രഹദാതാവായ അല്ലാഹുവിനോട് സഹായം ചോദിക്കുന്നത് പേരിന് മാത്രമാക്കി ചൂഷണ കേന്ദ്രങ്ങളിൽ അഭയം തേടി ഗതിമുട്ടുമ്പോൾ അവനെ വിളിക്കാമെന്ന നിലപാടിലാണ് ഇവർ വളർത്തിയെടുത്ത സമൂഹം ഇന്നുള്ളത്.

അല്ലാഹു പറയുന്നു: "അവന്റേതാകുന്നു ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും. നിരന്തരമായിട്ടുള്ള കീഴ്വണക്കം അവന്ന് മാത്രമാകുന്നു. എന്നിരിക്കെ അല്ലാഹു അല്ലാത്തവരോടാണോ നിങ്ങൾ ഭക്തികാണിക്കുന്നത്? നിങ്ങളിൽ അനുഗ്രഹമായി എന്തുണ്ടെങ്കിലും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാകുന്നു. എന്നിട്ട് നിങ്ങൾക്കൊരു കഷ്ടത ബാധിച്ചാൽ അവങ്കലേക്ക് തന്നെയാണ് നിങ്ങൾ മുറവിളികൂട്ടിച്ചെല്ലുന്നത്. പിന്നെ നിങ്ങളിൽനിന്ന് അവൻ കഷ്ടത നീക്കിത്തന്നാൽ നിങ്ങളിൽ ഒരു വിഭാഗമതാ തങ്ങളുടെ രക്ഷിതാവിനോട് പങ്കാളികളെ ചേർക്കുന്നു"(16:52-54).

ഈ സൂക്തത്തെ വിശദീകരിച്ചുകൊണ്ട് ഇമാം ത്വബ്രി(റഹി) പറയുന്നു: "അപ്പോൾ അത്(പ്രശ്നം) നീങ്ങിക്കിട്ടാൻ അട്ടഹസിച്ച് അല്ലാഹുവിനോട് പ്രാർഥിച്ചും അവനോട് സഹായം തേടിയും അവനിലേക്ക് നിങ്ങൾ തിരിയുന്നു" (തഫ്സീറുത്ത്വബ്രി/വാല്യം 8).

ഇബ്നു കഥീർ(റഹി) പറയുന്നു: "ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും അവൻ ഏകനും പങ്കുകാരില്ലാത്തവനും എല്ലാ വസ്തുക്കളുടെയും അധികാരിയും സ്രഷ്ടാവും രക്ഷിതാവും അവൻ മാത്രമാണെന്നും ഇത് അറിയിക്കുന്നു.

ഉപകാരം, ഉപദ്രവം, അടിമകൾക്ക് ലഭിക്കുന്ന ഉപജീവനം, സഹായം, സൗഖ്യം, അനുഗ്രഹം, നന്മ ഇതിന്റെയെല്ലാം ഉടമ അല്ലാഹുവാണ്. എന്നാൽ പരീക്ഷണ ഘട്ടങ്ങളിൽ അതിനെ നീക്കിത്തരാൻ കഴിവുള്ളവൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് അറിഞ്ഞുതന്നെ നിങ്ങൾ അവനിലേക്ക് അഭയം തേടുകയും അത്തരം സന്ദർഭങ്ങളിൽ പതിവായി അവനോട് സഹായം തേടുകയും ചെയ്യുന്നു" (ഇബ്നു കഥീർ/വാല്യം 2).

നബിമാരോടും വലിയ്യുകളോടും സഹായം തേടാം എന്ന വിശ്വാസം ഹിജ്റ മൂന്നാം തലമുറയുടെ അവസാനത്തിൽ റാഫിളിയാക്കളായ ബുവൈഹികളിലാണ് പ്രകടമായത്. പിന്നീട് ശിയാ സുന്നികളിലേക്കും സ്വൂഫികളിലേക്കും അത് ഇഴഞ്ഞു

**നബിമാരോടും വലിയ്യുകളോടും സഹായം തേടാം എന്ന വിശ്വാസം ഹിജ്റ മൂന്നാം തലമുറയുടെ അവസാനത്തിൽ റാഫിളിയാക്കളായ ബുവൈഹികളിലാണ് പ്രകടമായത്. പിന്നീട് ശിയാ സുന്നികളിലേക്കും സ്വൂഫികളിലേക്കും അത് ഇഴഞ്ഞുകയറി. മരണപ്പെട്ടവർ മറഞ്ഞ കാര്യങ്ങൾ അറിയുമെന്നും അവർ പ്രപഞ്ചത്തിൽ നിരുപാധികം കൈകാര്യം നടത്തുന്നുവെന്നും ക്വബ്റിൽ അവർ സാധാരണ ജീവിതത്തിലാണെന്നും സഹായം തേടുന്നവരുടെ വിളി അവർ കേൾക്കും തുടങ്ങിയ വാദങ്ങളാണ് അവർ സ്ഥിരപ്പെടുത്താൻ നോക്കിയത്. ഈ പിഴച്ച വിശ്വാസത്തെ സ്ഥാപിക്കാൻ വേണ്ടി ഹിജ്റ ആറ്, ഏഴ് നൂറ്റാണ്ടുകളിൽ സ്വൂഫികൾ ഗ്രന്ഥങ്ങൾവരെ രചിച്ചു!**

കയറി. മരണപ്പെട്ടവർ മറഞ്ഞ കാര്യങ്ങൾ അറിയുമെന്നും അവർ പ്രപഞ്ചത്തിൽ നിരുപാധികം കൈകാര്യം നടത്തുന്നുവെന്നും ക്വബ്റിൽ അവർ സാധാരണ ജീവിതത്തിലാണെന്നും സഹായം തേടുന്നവരുടെ വിളി അവർ കേൾക്കും തുടങ്ങിയ വാദങ്ങളാണ് അവർ സ്ഥിരപ്പെടുത്താൻ നോക്കിയത്. ഈ പിഴച്ച വിശ്വാസത്തെ സ്ഥാപിക്കാൻ വേണ്ടി ഹിജ്റ ആറ്, ഏഴ് നൂറ്റാണ്ടുകളിൽ സ്വൂഫികൾ ഗ്രന്ഥങ്ങൾവരെ രചിച്ചു!

അഹ്ലുസ്സുന്നയുടെ ഇമാമുമാരായ ഇബ്നു തൈമിയ്യ(റഹി), ഇബ്നുൽ ക്വയ്യിം(റഹി), ഇബ്നു അബിൽ ഇസ്സൽ ഹനഫി(റഹി), അമീർ അസ്സ്വൻആനി(റഹി), ശൗകാനി(റഹി), ഇബ്നു അബ്ദിൽ വഹ്ഹാബ്(റഹി), ഇബ്നു കഥീർ(റഹി), ബശീർ അസ്സഅ്സവാനി(റഹി) തുടങ്ങിയവർ പ്രാമാണികമായിത്തന്നെ ഇത്തരം ജൽപനങ്ങളുടെ മുനയൊടിച്ചവരാണ്.

മക്കാമുശ്രിക്കുകൾ ശിർക്ക് ചെയ്യാൻ ഉന്നയിച്ച കാരണങ്ങളല്ലാതെ മ

റ്റൊന്നും ഇവർക്കും എടുത്ത് കാണിക്കാനില്ല. നബിﷺക്ക് അല്ലാഹു നൽകിയ ഉപദേശമാണ് വിശ്വാസികൾക്ക് സ്വീകരിക്കാനുള്ളത്. അല്ലാഹു പറയുന്നു:

"(നബിയേ,) പിന്നീട് നിന്നെ നാം (മത)കാര്യത്തിൽ ഒരു തെളിഞ്ഞ മാർഗത്തിലാക്കിയിരിക്കുന്നു. ആകയാൽ നീ അതിനെ പിന്തുടരുക. അറിവില്ലാത്തവരുടെ തന്നിഷ്ടങ്ങളെ നീ പിൻപറ്റരുത്" (ക്വുർആൻ 45:18).

ഈ വചനത്തിന്റെ വിശദീകരണമായി ഇബ്നു കഥീർ പറയുന്നു: "അഥവാ, ഏക ഇലാഹായ താങ്കളുടെ രക്ഷിതാവിൽനിന്ന് താങ്കൾക്ക് വഹ്‌യ് നൽകപ്പെട്ടത് താങ്കൾ പിന്തുടരുക. മുശ്‌രിക്കുകളെ തൊട്ട് തിരിഞ്ഞ് കളയുകയും ചെയ്യുക" (ഇബ്നു കഥീർ/ വാള്യം 4).

ബറേൽവിസത്തെ ചാണിനു ചാണായി അനുകരിക്കുന്ന സമസ്തക്കാർ ഈ അന്ധവിശ്വാസം പ്രചരിപ്പിക്കുന്നതിനായി എഴുതുന്നതും വാദിക്കുന്നതും ഇല്ലാത്ത തെളിവുകൾ ചോദിച്ച് വെല്ലുവിളിക്കുന്നതുമൊക്കെ എത്ര വലിയ അപരാധവും അസംബന്ധമാണ്. ഒരു മുസ്‌ലിയാർ എഴുതിയത് കാണുക:

"മനുഷ്യകഴിവിന്നതീതമായ കാര്യങ്ങളിൽ ജീവിച്ചിരിക്കുന്നവരോടോ മരിച്ചവരോടോ സഹായമർത്ഥിക്കുന്നത് ശിർക്കാണെന്ന് പറയാൻ ഒരൊറ്റ തെളിവെങ്കിലും കൊണ്ടുവരാമോ? എൺപത് കൊല്ലം പഴക്കമുള്ള ചോദ്യമാണ്. സാധിക്കുമോ? ഇല്ല" (അല്ലാഹുവിന്റെ ഔലിയാക്കൾ/സുലൈമാൻ സഖാഫി/പേജ് 162).


അല്ലാഹുവിനെയും അവന്റെ ക്വുർആനിനെയുമാണ് ലേഖകൻ ഇതിലൂടെ വെല്ലുവിളിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു: "അല്ലാഹുവോടൊപ്പം മറ്റുവല്ല ദൈവത്തെയും വിളിച്ച് പ്രാർഥിക്കുന്ന പക്ഷം അതിന് അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ലതന്നെ അവന്റെ വിചാരണ അവന്റെ രക്ഷിതാവിന്റെ അടുക്കൽ വെച്ചുതന്നെയായിരിക്കും. സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല; തീർച്ച" (ക്വുർആൻ 23:117).

ഇബ്നു കഥീർ(റഹി) പറയുന്നു: "തന്നിൽ പങ്ക് ചേർക്കുകയും തന്റെ കൂടെ മറ്റുള്ളവരെ ആരാധിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹു താക്കീത് കൊടുക്കുകയാണിവിടെ. അല്ലാഹുവിൽ പങ്ക് ചേർക്കുന്നവന് പ്രമാണമില്ലെന്നും അല്ലാഹു ഇവിടെ അറിയിക്കുന്നു. അഥവാ അവൻ പറഞ്ഞതിന് അവന്റെ പക്കൽ യാതൊരു തെളിവുമില്ല" (ഇബ്നു കഥീർ/ വാള്യം 3).

2021 ജൂലൈ രണ്ടാം ലക്കം 'സുന്നിവോയ്സി'ൽ ഒരു മുസ്‌ലിയാർ എഴുതിയത് കാണുക: "എന്നാൽ ആത്മീയലോകത്ത് ഉന്നതങ്ങൾ കീഴടക്കിയ പുണ്യാത്മാക്കൾ സഹായിക്കുമെന്നും അവരോട് സഹായാർത്ഥന നടത്താമെന്നും ഇസ്‌ലാമിക പ്രമാണങ്ങൾ നിസ്സംശയം പറയുന്നുണ്ട്. സാധാരണക്കാർക്ക് സാധാരണ കഴിവാണെങ്കിൽ അസാധാരണക്കാർക്ക് അസാധാരണ കഴിവായിരിക്കും. മുഅ്ജിസത്ത്, കറാമത്ത് കൊണ്ട് ജീവിതകാലത്ത് അമ്പിയാ, ഔലിയാക്കൾക്ക് നമ്മെ സഹായിക്കാൻ കഴിയുമെങ്കിൽ മരണ ശേഷവും സാധിക്കും. കാരണം മരണത്തോടെ മുഅ്ജിസത്ത്, കറാമത്തുകൾ മുറിയുന്നില്ല. എന്നാൽ ഇവയെല്ലാം കണ്ണടച്ച് നിഷേധിക്കുകയാണ് പുത്തൻവാദികൾ ചെയ്യുന്നത്" (പേജ് 14).

പ്രമാണങ്ങൾ പ്രകാരം ഈ പിഴച്ചവാദം തെളിയിക്കാൻ ഇവർക്കാവില്ല. പ്രമാണബദ്ധമായി കാര്യങ്ങൾ പറയുന്നവരെ 'പുത്തൻ വാദികൾ' എന്നു മുദ്രകുത്തുകയും ചെയ്യും! നബിﷺക്ക് മക്കാമുശ്‌രിക്കുകളിൽനിന്ന് കേൾക്കേണ്ടി വന്നതും ഇതു തന്നെയാണ്.

അമ്പിയാക്കളുടെ മുഅ്ജിസത്തും ഔലിയാക്കളുടെ കറാമത്തും സംഭവിക്കുന്നത് അവരുടെ ഇഷ്ടമനുസരിച്ചാണെന്നും അതിന്റെ അടിസ്ഥാനത്തിൽ മരണാനന്തരവും അവർ സഹായിക്കുമെന്നും വിശ്വസിപ്പിക്കുക വഴി എന്തു മാത്രം വലിയ പിഴവിലേക്കാണിവർ ജനങ്ങളെ വീഴ്ത്തിയിരിക്കു



ന്നത്! അല്ലാഹു പറയുന്നു:

“അല്ലാഹുവിന് പുറമെ അവന്ന് ഉപദ്രവമോ ഉപകാരമോ ചെയ്യാത്ത വസ്തുക്കളെ അവൻ വിളിച്ചു പ്രാർഥിക്കുന്നു. അതുതന്നെയാണ് വിദൂരമായ വഴികേട്” (ക്വുർആൻ 22:12).

ഇതിന്റെ വിശദീകരണത്തിൽ ഇബ്നു കഥീർ(റഹി) പറഞ്ഞത് ശ്രദ്ധേയമാണ്:

“അഥവാ വിഗ്രഹങ്ങളും സമന്മാരുമായ (ആരാധ്യന്മാരോട്) അവൻ ഇസ്തിഗാസ ചെയ്യുകയും സഹായം തേടുകയും ഉപജീവനം ആവശ്യപ്പെടുകയും ചെയ്യുന്നു. അവയാകട്ടെ അവന് യാതൊരു ഉപകാരവും ഉപദ്രവവും ചെയ്യില്ല” (ഇബ്നു കഥീർ/വാള്യം 3).

സമൂഹത്തെ ഇസ്ലാമിൽനിന്ന് അകറ്റാനുള്ള പുരോഹിതന്മാരുടെ ആത്മാർഥത കാണുമ്പോൾ ഇവരുടെ തല തൊട്ടപ്പന്മാരെപ്പറ്റി ക്വുർആൻ പറഞ്ഞത് എത്ര യാഥാർഥ്യം. അല്ലാഹു പറയുന്നു: ‘ശ്രദ്ധിക്കുക: തീർച്ചയായും അല്ലാഹുവിനുള്ളതാകുന്നു ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരുമെല്ലാം. അല്ലാഹുവിന് പുറമെ പങ്കാളികളെ വിളിച്ചു പ്രാർഥിക്കുന്നവർ എന്തൊന്നിനെയാണ് പിൻപറ്റുന്നത്? അവർ ഊഹത്തെ മാത്രമാണ് പിന്തുടരുന്നത്. അവർ അനുമാനിച്ച് (കള്ളം) പറയുക മാത്രമാണ് ചെയ്യുന്നത്.’(10:66)

ലേഖകൻ തന്റെ വാദത്തിന് തെളിവുദ്ധരിച്ചത് കാണുക: “ഇമാം മുസ്ലിം‍ﷺ റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ നബിﷺപറഞ്ഞു: ആരെങ്കിലും ഒരു സ്ഥലത്ത് ഇറങ്ങിയാൽ അല്ലാഹുവിന്റെ സൃഷ്ടികളുടെ ബുദ്ധിമുട്ടുകളിൽനിന്ന് അല്ലാഹുവിന്റെ പരിപൂർണ്ണമായ കലിമത്തുകളോട് ഞാൻ കാവൽ തേടുന്നു എന്ന് ചൊല്ലട്ടെ. അപ്രകാരം ചെയ്താൽ ആ സ്ഥലത്ത് നിന്ന് അവൻ യാത്ര തിരിക്കുന്നതുവരെ യാതൊന്നും അവനെ ശല്യം ചെയ്യുന്നതല്ല. ഈ ഹദീസിൽ പറഞ്ഞ കലിമാത്തുല്ലാഹിയുടെ വിവക്ഷ ഇമാം റാസി‍ﷺ വിവരിക്കുന്നുണ്ട്. ആത്മീയലോകം ശാരീരികലോകത്ത് ആധിപത്യം പുലർത്തുന്നതാണെന്നും ശാരീരിക ലോകത്തെ നിയന്ത്രിക്കുന്നത് ആത്മീയലോകമാണെന്നും തത്വശാസ്ത്രത്തിൽ അവിതർക്കിതമായി സ്ഥിരപ്പെട്ടതാണ്. കാര്യം നിയന്ത്രിക്കുന്നവയും തന്നെയാണ് സത്യം എന്ന് അല്ലാഹു പറഞ്ഞതും അതാണ്. അതിനാൽ സമ്പൂർണമായ അല്ലാഹുവിന്റെ കലിമത്തുകളോട് ഞാൻ കാവൽ തേടുന്നു എന്ന വാചകം മോശമായ ആത്മാക്കളുടെ ശല്യം പ്രതിരോധിക്കാനായി മനുഷ്യരുടെ ആത്മാക്കൾ പരിശുദ്ധാത്മാക്കളോട് നടത്തുന്ന കാവൽ തേട്ടമാണ്. അതിനാൽ കലിമാത്തുല്ലാഹി എന്നതിന്റെ വിവക്ഷ പരിശുദ്ധാത്മാക്കളാകുന്നു” (പേജ് 15).

> **അഹ്ലുസ്സുന്നതി വൽജമാഅയും ശിയാസുന്നികളും തമ്മിൽ അഭിപ്രായ വ്യത്യാസമുള്ള വിഷയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഇസ്തിഗാസ. സൃഷ്ടി കഴിവിന്നധീനമായ കാര്യങ്ങൾ തന്നെ സാധിച്ചുകിട്ടാൻ അല്ലാഹുവിന്റെ സഹായം അനിവാര്യമായിരിക്കെ, സൃഷ്ടികഴിവിന്നതീതമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ മരണപ്പെട്ടവരോട് സഹായം തേടാമെന്ന് ഏറെ കാലമായി പ്രമാണങ്ങളെ മറയാക്കിയും അവയെ ദുർവ്യാഖ്യാനം ചെയ്തും സമസ്തക്കാർ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇവ്വിധം ചെയ്യുന്നത് തൗഹീദിന് എതിരും വലിയ പാതകവുമാണ്.**

ഇസ്തിആദത്ത് ആരാധനയായതിനാൽ അല്ലാഹുവിനോട് മാത്രമെ ആകാവൂ. അല്ലാഹു പറയുന്നു: ‘നീ ചോദിക്കുക: എല്ലാ വസ്തുക്കളുടെയും ആധിപത്യം ഒരുവന്റെ കൈവശത്തിലാണ്. അവൻ അഭയം നൽകുന്നു. അവന്നെതിരായി (എവിടെ നിന്നും) അഭയം ലഭിക്കുകയില്ല. അങ്ങനെയുള്ളവൻ ആരാണ്? നിങ്ങൾക്കറിയാമെങ്കിൽ (പറയൂ)” (ക്വുർആൻ 23:88).

മറ്റനേകം ആയത്തുകളും നിരവധി ഹദീസുകളും ഈ വിഷയത്തിൽ കാണാവുന്നതാണ്. നബിﷺ യോട് പ്രഖ്യാപിക്കുവാൻ അല്ലാഹു പറയുന്നു: “(നബിയേ,) പറയുക: ഞാൻ എന്റെ രക്ഷിതാവിനെ മാത്രമെ വിളിച്ചു പ്രാർഥിക്കുകയുള്ളൂ. അവനോട് യാതൊരാളെയും ഞാൻ പങ്കുചേർക്കുകയില്ല. പറയുക: നിങ്ങൾക്ക് ഉപദ്രവം ചെയ്യുക എന്നതോ (നിങ്ങളെ) നേർവഴിയിലാക്കുക എന്നതോ എന്റെ അധീനതയിലല്ല. പറയുക: അല്ലാഹുവി(ന്റെ ശിക്ഷയി)ൽനിന്ന് ഒരാളും എനിക്ക് അഭയം നൽകുകയേ ഇല്ല; തീർച്ചയായും അവന്നു പുറമെ ഒരു അഭയസ്ഥാനവും ഞാൻ ഒരിക്കലും കണ്ടെത്തുകയില്ല” (ക്വുർആൻ 72:20-23).

> **അഹ്‌ലുസ്സുന്നയുടെ ഇമാമുമാരായ അഹ്മദുബ്നു ഹമ്പൽ, ബുഖാരി, മുസ്‌ലിം, ഖുസൈമ, ബൈഹഖി, നവവി, ഇബ്നു ഹജർ അൽഅസ്ഖലാനി, ഇബ്നു തൈമിയ്യ(റഹി) എന്നിവർ നബിﷺ സൃഷ്ടിയെ കൊണ്ട് കാവൽ തേടിയിട്ടില്ലെന്ന് വിശദീകരിച്ചത് ഈ ഹദീഥിന്റെ വെളിച്ചത്തിൽതന്നെയാണ്. അല്ലാഹുവിന്റെ വിശിഷ്ടമായ നാമങ്ങളും യാതൊരു ന്യൂനതയും കുറവുമില്ലാത്ത അവന്റെ ക്വുർആനുമാണ് കലിമാത്ത് കൊണ്ടുള്ള ഉദ്ദേശ്യമെന്ന് പണ്ഡിതന്മാർ വിവരിച്ചിട്ടുമുണ്ട്. അതൊന്നും വായിക്കാതെ ഇമാം റാസി(റഹി) തന്റെ തഫ്സീറിന്റെ തുടക്കത്തിൽ ഇസ്തിആദത്തിന്റെ രീതികളെപ്പറ്റി നടത്തിയ ചർച്ചയിൽ 'വചന ശാസ്ത്രം' അടിസ്ഥാനപ്പെടുത്തി പറഞ്ഞതായ അഭിപ്രായത്തിൽ മാത്രം വിമർശകർ കടിച്ചുതൂങ്ങിയത് താൽക്കാലിക രക്ഷക്ക് വേണ്ടിയാണ്. ഒറ്റപ്പെട്ട വ്യഖ്യാനങ്ങളെ തൊണ്ട തൊടാതെ വിഴുങ്ങി പാമര ജനങ്ങളെ കബളിപ്പിക്കലാണോ പണ്ഡിത ധർമം?**

"ഞങ്ങളുടെ മനസ്സുകളുടെ തിന്മയിൽനിന്നും കർമങ്ങളുടെ ദോഷത്തിൽനിന്നും അല്ലാഹുവിനെ കൊണ്ട് ഞങ്ങൾ കാവൽതേടുന്നു" (തിർമിദി) എന്ന് നബിﷺ പഠിപ്പിച്ചിട്ടുമുണ്ട്.

സൂറതുൽ ഫാതിഹയുടെ വിശദീകരണത്തിൽ ഇബ്നു കഥീർ(റഹി) പറയുന്നു: "ഇസ്തിആദത്ത് എന്നാൽ തിന്മയുള്ളവയുടെ കുഴപ്പത്തിൽനിന്ന് അല്ലാഹുവിലേക്ക് അഭയം തേടലും അവനിലേക്ക് ചേർന്ന് നിൽക്കലുമാകുന്നു" (ഇബ്നുകഥീർ/വാള്യം1).

അഹ്‌ലുസ്സുന്നയുടെ ഇമാമുമാരായ അഹ്മദുബ്നു ഹമ്പൽ, ബുഖാരി, മുസ്‌ലിം, ഖുസൈമ, ബൈഹഖി, നവവി, ഇബ്നു ഹജർ അൽഅസ്ഖലാനി, ഇബ്നു തൈമിയ്യ(റഹി) എന്നിവർ നബിﷺ സൃഷ്ടിയെ കൊണ്ട് കാവൽ തേടിയിട്ടില്ലെന്ന് വിശദീകരിച്ചത് ഈ ഹദീഥിന്റെ വെളിച്ചത്തിൽതന്നെയാണ്. അല്ലാഹുവിന്റെ വിശിഷ്ടമായ നാമങ്ങളും യാതൊരു ന്യൂനതയും കുറവുമില്ലാത്ത അവന്റെ ക്വുർആനുമാണ് കലിമാത്ത് കൊണ്ടുള്ള ഉദ്ദേശ്യമെന്ന് പണ്ഡിതന്മാർ വിവരിച്ചിട്ടുമുണ്ട്. അതൊന്നും വായിക്കാതെ ഇമാം റാസി(رضي الله عنهم) തന്റെ തഫ്സീറിന്റെ തുടക്കത്തിൽ ഇസ്തിആദത്തിന്റെ രീതികളെപ്പറ്റി നടത്തിയ ചർച്ചയിൽ 'വചന ശാസ്ത്രം' അടിസ്ഥാനപ്പെടുത്തി പറഞ്ഞതായ അഭിപ്രായത്തിൽ മാത്രം മുസ്‌ലിയാർ കടിച്ചുതൂങ്ങിയത് താൽക്കാലിക രക്ഷക്ക് വേണ്ടിയാണ്. ഒറ്റപ്പെട്ട വ്യാഖ്യാനങ്ങളെ തൊണ്ടതൊടാതെ വിഴുങ്ങി പാമര ജനങ്ങളെ കബളിപ്പിക്കലാണോ പണ്ഡിത ധർമം? ക്വുർആൻ നൽകിയ താക്കീത് കാണുക. അല്ലാഹു പറയുന്നു: "വേദഗ്രന്ഥം നൽകപ്പെട്ടവരോട് നിങ്ങളത് ജനങ്ങൾക്ക് വിവരിച്ചുകൊടുക്കണമെന്നും നിങ്ങളത് മറച്ചുവെക്കരുതെന്നും അല്ലാഹു കരാർ വാങ്ങിയ സന്ദർഭം (ശ്രദ്ധിക്കുക). എന്നിട്ട് അവരത് (വേദഗ്രന്ഥം) പുറകോട്ട് വലിച്ചെറിയുകയും തുച്ഛമായ വിലയ്ക്ക് അത് വിറ്റുകളയുകയുമാണ് ചെയ്തത്. അവർ പകരം വാങ്ങിയത് വളരെ ചീത്ത തന്നെ" (3:187).

ഇമാം റാസി(റഹി) 'നമ്മുടെ വിശ്വാസത്തിന് അനുകൂലമായി പറഞ്ഞിട്ടുണ്ട്' എന്ന് അണികളെ ബോധ്യപ്പെടുത്താനാണ് ലേഖകന്റെ ശ്രമമെങ്കിൽ 'അഴകുള്ള ചക്കയിൽ ചുളയില്ല' എന്ന പഴമൊഴി ഓർക്കുന്നതാകും നല്ലത്. തന്റെ കാലഘട്ടത്തിൽ ഉണ്ടായിരുന്ന ഇത്തരം പ്രവർത്തനത്തെ കുറിച്ച് അദ്ദേഹം പറഞ്ഞത് കാണുക: "(ബിംബാരാധനയോട്) തുല്യമായ ഒരു പ്രവർത്തനമാണ് ഇക്കാലത്ത് അല്ലാഹുവിന്റെ സൃഷ്ടികളിൽ നിരവധി പേർ മഹാന്മാരുടെ ക്വബ്റുകളെ ബഹുമാനിക്കുന്നതിൽ മുഴുകിയിരിക്കുന്നു എന്നത്. അവർ ഈ ക്വബ്റുകളെ ബഹുമാനിച്ചാൽ ആ ക്വബ്റാളികൾ അവർക്കു വേണ്ടി അല്ലാഹുവിങ്കൽ ശുപാർശ ചെയ്യും എന്നാണവരുടെ വിശ്വാസം" (തഫ്സീറുൽ കബീർ/വാള്യം 17).

സത്യത്തിനുനേരെ അന്ധത നടിക്കുന്നവർ അല്ലാഹുവിന്റെ ഈ താക്കീത് മനസ്സിലാക്കുന്നത് നന്നായിരിക്കും:

"വക്രതയില്ലാതെ (ഋജുമാനസരായി) അല്ലാഹുവിലേക്ക് തിരിഞ്ഞവരും അവനോട് യാതൊന്നും പങ്കുചേർക്കാത്തവരുമായിരിക്കണം (നിങ്ങൾ). അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം അവൻ ആകാശത്തുനിന്ന് വീണത് പോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ടു പോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂരസ്ഥലത്തേക്ക് കൊണ്ടുപോയി തള്ളുന്നു" (ക്വുർആൻ 22:31).

കെ. ഉമർ മൗലവി





# മതം മനുഷ്യനന്മക്ക്

**(സൽസബീൽ മാസിക, 1997 ജൂലൈ 20)**

2

ഇനി, മേൽവിവരിച്ച ഇസ്‌ലാമിന്റെ അംഗീകാരത്തിന് ഏറ്റവും അനിവാര്യമായി എല്ലാ പ്രവാചകന്മാരും പഠിപ്പിച്ച ഒരു നിബന്ധനയെപ്പറ്റി പറയേണ്ടതുണ്ട്. നമ്മെ സൃഷ്ടിച്ചു പരിപാലിച്ചുകൊണ്ടിരിക്കുന്ന സർവശക്തനും സർവജ്ഞനുമായ യജമാനനെ നാം ആരാധിക്കണം, മറ്റാരെയും ആരാധിക്കരുത് എന്നുള്ളതാണത്. ഇതിന്റെ കാരണം വളരെ വ്യക്തമാണ്. സ്രഷ്ടാവിനെ നാം ആരാധിക്കേണ്ടിവന്നതിന്റെ കാരണം അവൻ സ്രഷ്ടാവാണെന്നുള്ളത് തന്നെ. നിങ്ങളെ ആരാണോ സൃഷ്ടിച്ചത് അവനെ നിങ്ങൾ ആരാ ധിക്കണമെന്നാണ് എല്ലാ പ്രവാചകന്മാരും ഉപദേശിച്ചത്. നമ്മെ സൃഷ്ടിച്ചതാരാണെന്നു ചോദിച്ചാൽ നമ്മുടെ ജനനം സംബന്ധിച്ച് വളരെയധികം ക്ലേശങ്ങൾ അനുഭവിച്ച മാതാവ് ഞാനാണ് സൃഷ്ടിച്ചതെന്നു പറയുന്നില്ല. പിതാവും അതേൽക്കുന്നില്ല. പിന്നെ ആരാകുന്നു? എവിടെ നോക്കിയാലും ആ സൃഷ്ടികർത്താവിനെ നേരിൽ കാണാൻ കഴിയുന്നില്ല! അതിനാൽ സർവലോകത്തെയും സൃഷ്ടിച്ച്, പരിപാലിച്ചു കൊണ്ടിരിക്കുന്ന അദൃശ്യനായ അല്ലാഹു തന്നെയാണ് നമ്മെയും സൃഷ്ടിച്ചതെന്ന് വിശ്വസിക്കാനേ നിവൃത്തിയുള്ളൂ. അവനെ ആരാധിക്കൽ നമ്മുടെ ആവശ്യവും കടമയും ആകുന്നു. അത് അവന്റെ അവകാശമാകുന്നു. എന്തുകൊണ്ടെന്നാൽ നമ്മുടെ രക്ഷക്കാവശ്യമായ കാര്യങ്ങൾ മിക്കതും നമ്മുടെ കൈ എത്താത്ത അദൃശ്യമായ മേഖലയിൽനിന്ന് അദൃശ്യമായ മാർഗത്തിൽ ലഭിച്ചു കൊണ്ടിരിക്കുന്നു.

ഒരു ഉദാഹരണം; മഴ നമുക്ക് വളരെ ആവശ്യമാണ്. ഒരു കൊല്ലക്കാലം തികച്ച് മഴ പെയ്യാതിരുന്നാൽ നമ്മുടെ നാടാകെ കരിഞ്ഞുപോകും. ജീവികളെല്ലാം മരിച്ചുപോകും. അപ്പോൾ നമ്മുടെ ഗതി എന്തായിരിക്കും? അതുപോലെതന്നെ ഈ പെയ്യുന്നത് ഉപ്പുവെള്ളമായിത്തീരുകയാണെങ്കിൽ നാം എന്തുചെയ്യും? വീടിന്റെ ഉള്ളിലേക്ക് ആവശ്യംപോലെ ശുദ്ധജലം കിട്ടുന്നതിന് ഒരു പരിപാടിയുണ്ടല്ലോ; വാട്ടർ സപ്ലൈ ഓഫീസിൽ അപേക്ഷ കൊടുക്കണം, മറ്റു വേണ്ടതെല്ലാം ചെയ്യണം. അപ്പോൾ പൈപ്പ് ലൈൻ കണക്ഷൻ കിട്ടും. എന്നാൽ കുറെക്കാലം മഴപെയ്യാതെ കിണറുകളിലും കുളങ്ങളിലും അണക്കെട്ടുകളിലും വെള്ളം വറ്റിപ്പോയാൽ അതിനുള്ള പരിഹാരം മഴ വർഷിക്കലാണല്ലോ. അതിന് എവിടെയാണ് നാം അപേക്ഷ കൊടുക്കേണ്ടത്? അതിന്റെ ഓഫീസ് അദൃശ്യസ്ഥാനത്താകുന്നു. ഒരിക്കൽ മുഹമ്മദ് നബിﷺ വെള്ളിയാഴ്ച പ്രാർഥനക്കു മുമ്പുള്ള പ്രസംഗം നടത്തിക്കൊണ്ടിരുന്നപ്പോൾ ഒരു ഗ്രാമീണൻ കയറിവന്നു. 'അല്ലാഹുവിന്റെ പ്രവാചകരേ' എന്ന് ഉറക്കെ വിളിച്ചു. 'മഴയില്ലാതെ വളരെ കഷ്ടത്തിലായിരിക്കുന്നു. മഴക്കുവേണ്ടി പ്രാർഥിക്കണേ' എന്ന് അദ്ദേഹം വിളിച്ചുപറഞ്ഞു. അപ്പോൾ പ്രവാചകൻﷺ മഴക്ക് വേണ്ടി പ്രാർഥിച്ചു. തൽക്ഷണം അന്തരീക്ഷത്തിൽ കാർമേഘങ്ങൾ വ്യാപിച്ചു. മഴ വർഷിക്കാൻ തുടങ്ങി. പിറ്റെ വെള്ളിയാഴ്ച ഇതുപോലെ തന്നെ പ്രവാചകൻ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ആ ഗ്രാമീണൻ വീണ്ടും വന്നു. 'അല്ലാഹുവിന്റെ പ്രവാചകരേ' എന്ന് ഉറക്കെ വിളിച്ചു. 'മഴ ആവശ്യംപോലെ കിട്ടിക്കഴിഞ്ഞു. ഇനിയും പെയ്താൽ ബുദ്ധിമുട്ടായിപ്പോകും. പരിസരങ്ങളിലേക്ക് മാറ്റിത്തരാൻ പ്രാർഥിക്കണേ' എന്ന് പറഞ്ഞു. അപ്പോൾ പ്രവാചകൻ അതിനുവേണ്ടി പ്രാർഥിച്ചു. മഴ നിലയ്ക്കുകയും ചെയ്തു. മഴയുടെ കാര്യം നിയന്ത്രിക്കുന്നതാരാണോ അവന്റെ സന്നിധിയിലേക്കാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും ഇവിടെ മനസ്സിലായല്ലോ.

ഇതുപോലെതന്നെ നമുക്കു നേരിട്ടേക്കാവുന്ന അപകടങ്ങൾ മിക്കതും നമുക്ക് തടുക്കാൻ കഴിയാത്തവയാണ്. അദൃശ്യമായ മേഖലയിൽനിന്നാണവ വരുന്നത്. അവ സംഭവിക്കുന്നത് അദൃശ്യമായ മാർഗത്തിലുമാണ്. ഉദാഹരണം: കൊടുങ്കാറ്റ്; ഇതിന്റെ നിയന്ത്രണം എവിടെയാകുന്നു? ഇതിന്റെ കെടുതിയിൽനിന്ന് നമുക്ക് രക്ഷ കിട്ടണം. എവിടെയാണ് അപേക്ഷ കൊടുക്കേണ്ടത്? ചുരുക്കത്തിൽ നമ്മുടെ ആവശ്യങ്ങളും അപകടങ്ങളും നമുക്ക് ബന്ധപ്പെടാൻ സാധ്യമല്ലാത്ത അദൃശ്യമായ മേഖലയിൽ അദൃശ്യമായ മാർഗത്തിൽ നിയന്ത്രിക്കപ്പെടുന്നു. നാം എന്തു ചെയ്യും?

ഇതുവരെ പറഞ്ഞത് നമ്മുടെ ഭൗതിക ജീവിതത്തെ പരാമർശിക്കുന്ന കാര്യങ്ങളാകുന്നു. ഇതിനെക്കാൾ എത്രയോ പ്രധാനമായ മറ്റൊരു വിഷയംകൂടി ചിന്തിക്കേണ്ടതുണ്ട്. അതായത് നമ്മുടെ ജീവിതം മരണത്തോടുകൂടി കലാശിക്കുന്നില്ല. മറ്റൊരു ജീവിതത്തിലേക്കുള്ള കാൽവെപ്പാണ് മരണം. മനുഷ്യരെ സംബന്ധിച്ചിടത്തോളം പരലോകം വളരെ അനിവാര്യമാണ്. മനുഷ്യരുടെ സുഖത്തിനും രക്ഷക്കും വേണ്ടി പടച്ചതമ്പുരാൻ നിശ്ചയിച്ച പരിപാടിയാണത്. അങ്ങിനെ ഒന്നില്ലായിരുന്നുവെങ്കിൽ മനുഷ്യരുടെ കാര്യം മഹാകഷ്ടത്തിലായിത്തീരുമായിരുന്നു. ഈ കാര്യത്തെ സംബന്ധിച്ച് മനുഷ്യരെ ഉണർത്തുവാൻ വേണ്ടിയാണ് പ്രവാചകന്മാരെ അല്ലാഹു അയച്ചത്. പ്രവാചകന്മാർ വന്നിട്ട് നമുക്കെന്താണ് നേട്ടമുണ്ടായതെന്നു ചോദിച്ചാൽ ഏറ്റവും പ്രധാനമായ നേട്ടം പരലോകത്തിന്റെ വിവരം ലഭിച്ചതാണെന്ന് ഞാൻ പറയും. ആ കാര്യമറിയുവാൻ വേറെ യാതൊരു മാർഗവുമില്ല. എത്ര വലിയ മഹാപണ്ഡിതനായാലും അഗാധ ചിന്തകനായാലും തത്ത്വജ്ഞാനിയായാലും പരലോകത്തിന്റെ കാര്യം കണ്ടെത്തുക സാധ്യമല്ല. പ്രവാചകന്മാരിൽനിന്ന് തന്നെയാണത് ലോകം അറിഞ്ഞത്. പരലോകത്തേക്ക് വേണ്ടി എങ്ങിനെയെല്ലാമാണ് നാം ഒരുങ്ങേണ്ടതെന്നും പ്രവാചകന്മാർ പഠിപ്പിച്ചു. ചുരുക്കത്തിൽ ഇഹലോകത്തും പരലോകത്തും നമുക്ക് രക്ഷ വേണം, സൗഖ്യം വേണം. അതിന് നാമെന്താണ് ചെയ്യേണ്ടത്?

സർവലോക പരിപാലകനായ യജമാനനോട് പ്രാർഥിക്കുകയും അവന്റെ പ്രസാദം ലഭിക്കുവാൻ വേണ്ടി കഴിവിൽ പെട്ടതെല്ലാം പ്രവർത്തിക്കുകയും ചെയ്യുകതന്നെ. ഇവിടെയാണ് ആരാധനയുടെ ആവശ്യം നേരിട്ടത്. ഏറ്റവും പ്രധാനമായ ആരാധന പ്രാർഥനതന്നെയാണ്. കർമരൂപത്തിലും വാക്‌രൂപത്തിലും മാനസികമായുള്ള എല്ലാ ആരാധനകളുടെയും കഴമ്പ് പ്രാർഥനയാണ്. പ്രാർഥന മനുഷ്യസഹജമായ പ്രകൃതിവിശേഷവുമാണ്. എല്ലാ മനുഷ്യരും പ്രാർഥിക്കുന്നുണ്ട്. സ്വന്തം നിലക്കോ മറ്റുള്ളവരുടെ സഹായത്തോടുകൂടിയോ

നിർവഹിക്കുവാൻ കഴിയാത്തതും നമ്മുടെ കഴിവിന്റെ പരിധിക്കപ്പുറത്തുനിന്ന് സാധിച്ചുകിട്ടേണ്ടതുമായ കാര്യങ്ങൾക്കായി വിനയപൂർവം അപേക്ഷ സമർപ്പിക്കുക എന്നതാണ് പ്രാർഥന. എല്ലാ മനുഷ്യരും ഈ സ്വഭാവമുള്ളവരാണ്. ദൈവനിഷേധികളായ യുക്തിവാദികൾ പോലും പ്രാർഥിക്കുന്ന അനുഭവമുണ്ടായിട്ടുണ്ട്. അവർക്ക് കേരളത്തിൽ മന്ത്രിസഭ രൂപീകരിക്കുവാൻ അവസരം കിട്ടിയപ്പോൾ തിരുവനന്തപുരത്തേക്ക് പോകും വഴി പുന്നപ്രയിലേയും വയലാറിലേയും രക്തസാക്ഷിശവകുടീരങ്ങൾ സന്ദർശിക്കുകയും അവിടങ്ങളിൽ ഏതാനും സമയം മൗനം ദീക്ഷിച്ച് തലകുനിച്ചുനിന്ന് അഭിവാദ്യമർപ്പിക്കുകയും ചെയ്തതായറിഞ്ഞു. ആ സമയത്ത് അവരുടെ ഹൃദയങ്ങളിൽനിന്നും ഒരു പ്രാർഥന ഉയർന്നിട്ടുണ്ടെന്നു ഞാൻ പറയുന്നു. ഞങ്ങളുടെ അധ്വാനഫലമായി അസംബ്ലിയിൽ ഞങ്ങൾക്ക് ഭൂരിപക്ഷം കിട്ടി. മന്ത്രിസഭ രൂപീകരിക്കുവാനുള്ള അവകാശം കിട്ടി. ഞങ്ങളിതാ അധികാരം ഏൽക്കാൻ പോകുന്നു. നടത്താൻ ഞങ്ങൾക്ക് കഴിയുമോ എന്ന് ഉറപ്പില്ല. അതിനു ഞങ്ങൾക്ക് കഴിയുമാറാകണേ! ജനഹൃദയങ്ങളെ തൃപ്തിപ്പെടുത്തുമാറ് ഈ ഭരണഭാരം നിർവഹിക്കുവാൻ ഞങ്ങൾക്ക് കഴിയുമാറാകണേ എന്നാണ് ആ പ്രാർഥന. പക്ഷേ ആരോടാണ് പ്രാർഥിക്കുന്നതെന്ന് അവർക്കറിഞ്ഞുകൂടാ. ലക്ഷ്യമില്ലാത്ത പ്രാർഥന. എല്ലാ പ്രാർഥനകളും അല്ലാഹുവിനോട് മാത്രമായിരിക്കണമെന്നാണ് ഇസ്‌ലാംമതം ശക്തിയായി ശാസിക്കുന്നത്. ഇതിൽ യാതൊരു നീക്കുപോക്കുമില്ല. അതുപോലെ മറ്റു എല്ലാ ആരാധനകളും അല്ലാഹുവിനു മാത്രം. നമ്മുടെ ഇഹലോകവും പരലോകവും രക്ഷപ്പെടുന്നതിനുള്ള മാർഗം അത് മാത്രമാകുന്നു. ഇതാണ് 'ലാഇലാഹ ഇല്ലല്ലാഹു' എന്ന കലിമയുടെ സാരം.

ഇനി ഒന്നുള്ളത്, എന്തെല്ലാം ആരാധനകളാണ് ചെയ്യേണ്ടതെന്ന് എവിടെനിന്നറിയാം? അഥവാ അല്ലാഹുവിന്റെ തൃപ്തിയും പരലോകമോക്ഷവും ലഭിക്കുന്നതിന് നാം എന്തെക്കെയാണ് ചെയ്യേണ്ടത്? ഈ വിഷയത്തിൽ മനുഷ്യർക്ക് ഉപദേശം നൽകുവാനും മാതൃക കാണിച്ച് കൊടുക്കുവാനുമായി ധാരാളം പ്രവാചന്മാരെ മഹാകാരുണികനായ അല്ലാഹു അയച്ചിട്ടുണ്ട്. നൂഹ്, ഇബ്‌റാഹീം, മൂസാ, ഈസാ മുതലായവരെല്ലാം ആ കൂട്ടത്തിൽ പെട്ടവരാണ്. മുഹമ്മദ് നബിﷺ അവസാനത്തെ പ്രവാചകനുമാണ്. എന്നാൽ മുൻകഴിഞ്ഞ പ്രവാചന്മാരുടെ ഉപദേശവും ജീവിത ചരിത്രങ്ങളും ശരിയായരൂപത്തിൽ ഇന്ന് ലഭിക്കുക സാധ്യമല്ലാതായിത്തീർന്നിരിക്കുന്നു.

ജീവിതത്തിന്റെ എല്ലാ തുറകളിലും ആവശ്യമായ മാതൃക മുഹമ്മദ് നബിﷺ ഒഴിച്ച് വേറെ ഒരു പ്രവാചകനിൽനിന്നും കിട്ടിയിട്ടുമില്ല. ഉദാഹരണം, ഭരണസംബന്ധമായ മാതൃക ഇബ്‌റാഹീം നബിയിൽ നിന്നോ ഈസാനബിയിൽനിന്നോ കിട്ടിയിട്ടില്ല. കാരണം അവരാരും ഭരണം നടത്തിയിട്ടില്ല. ദാവൂദ് നബിയും സുലൈമാൻ നബിയും ഭരണം നടത്തിയിട്ടുണ്ടെങ്കിലും വിശദവിവരം ലഭിക്കാൻ ഒരു മാർഗവുമില്ല. മുഹമ്മദ് നബിﷺയാകട്ടെ എല്ലാ തുറകളിലേക്കും മാതൃക കാണിച്ചിട്ടുണ്ട്. അദ്ദേഹം ദരിദ്രനായി ജീവിച്ചു. ധനികനായും ജീവിച്ചു. ഭർത്താവായി ജീവിച്ചു. പിതാവായി ജീവിച്ചു. സൈന്യ നായകനായി ജീവിച്ചു. ഭരണാധികാരിയായി ജീവിച്ചു യഥാർഥ ദൈവ ഭക്തനായി ജീവിച്ചു. എല്ലാ രംഗങ്ങളിലും മാതൃക കാണിച്ചു. മാതൃക കാണിക്കുവാൻ സ്വയം നിവൃത്തിയില്ലാത്ത വിഷയങ്ങളിൽ മറ്റുള്ളവർക്ക് ശിക്ഷണ നിർദ്ദേശങ്ങൾ നൽകി വീക്ഷിച്ചുകൊണ്ട് മാതൃക കാണിച്ചു. അതെല്ലാം ലോകാവസാനം വരെയുള്ളവർക്ക് തെളിഞ്ഞു കിട്ട ത്തക്കവണ്ണം രേഖപ്പെട്ടുകിടക്കുന്നു. ആരാധനാ കർമ്മങ്ങളിൽ മാത്രമല്ല എല്ലാ വിഷയങ്ങളിലും മുഹമ്മദ് നബിയുടെ മാതൃക കെടാത്ത വിളക്കുപോലെ ശോഭിച്ചുകൊണ്ടിരിക്കുന്നു.

മറ്റൊരു പ്രവാചകന്റെയും മാതൃകാ ജീവിതം നമുക്കിന്നു കിട്ടുവാൻ നിവൃത്തിയില്ല. അതിനാൽ മുഹമ്മദ് നബിയുടെ ദൗത്യം അംഗീകരിക്കുകയും മാതൃകാ ജീവിതം അനുകരിക്കുകയും ചെയ്യൽ ഇസ്‌ലാമിൽ ഏറ്റവും മർമ്മ പ്രധാനമായ കാര്യമാകുന്നു. ഇതാണ് 'മുഹമ്മദ് റസൂലുല്ലാഹ്" എന്ന വചനത്തിന്റെ സാരം ഈ രണ്ടു വചനങ്ങൾ 'ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദ് റസൂലുല്ലാഹ്" മനസറിഞ്ഞു ചൊല്ലിയാൽ ഇസ്‌ലാംമതത്തിൽ പ്രവേശനം ലഭിച്ചു. അതുവരെ ചെയ്തു പോയിട്ടുള്ള എല്ലാ പാപങ്ങളും പൊറുക്കപ്പെട്ടു. പരലോകത്ത് സ്വർഗത്തിന്നവകാശിയായി അതിന് ഹാനികരമായി യാതൊന്നിലും ഏർപ്പെടാതെ മരണപ്പെട്ടാൽ അവൻ രക്ഷപ്പെട്ടു. സമയവും സൗകര്യവും അനുസരിച്ച് പല ബാദ്ധ്യതകളും നിർവ്വഹിക്കേണ്ടതായി വരികയും ചെയ്യും. അല്ലാഹു അനുഗ്രഹിക്കട്ടെ.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





മുഹമ്മദ് നബിﷺ 37

# പ്രവാചകന്റെ കാലത്തെ യുദ്ധങ്ങൾ

അല്ലാഹു മുഹമ്മദ് നബിﷺക്ക് ഇറക്കിയ വഹ്യിന്റെ ഒരു ശകലം പോലും അവിടുന്ന് മൂടിവെച്ചിട്ടില്ല എന്നത് ഈ സംഭവം നമ്മെ അറിയിക്കുന്നുണ്ട്. നബിﷺയുടെ ഒരു തീരുമാനം തെറ്റായതിനെ ശക്തമായ രൂപത്തിൽ അല്ലാഹു വെളിപ്പെടുത്തുന്ന ഈ സൂക്തങ്ങൾ നബിﷺക്ക് മറച്ചുവെക്കാമായിരുന്നു. എന്നാൽ ലോകരക്ഷിതാവായ അല്ലാഹുവിന്റെ സന്ദേശത്തിൽ നിന്ന് യാതൊന്നും അവിടുന്ന് മൂടിവെച്ചില്ല. ഇതുപോലെ നബിﷺയുടെ ചില സമീപനങ്ങളിൽ വന്ന വീഴ്ച

കളെ അല്ലാഹു തിരുത്തിയത് വേറെയും നമുക്ക് ക്വുർആനിൽ കാണാം. ഒരാൾ എഴുതിയ പുസ്തകത്തിൽ അയാളെത്തന്നെ ശക്തമായി തിരുത്തുകയോ വിമർശിക്കുകയോ ചെയ്യുന്ന ഭാഗം ഉണ്ടാവുകയില്ലല്ലോ. അഥവാ, ക്വുർആൻ മുഹമ്മദ് നബിﷺ എഴുതിയുണ്ടാക്കിയതല്ലെന്നും അല്ലാഹുവിൽനിന്ന് ഇറക്കപ്പെട്ടതാണെന്നും ഇത്തരം സൂക്തങ്ങളെല്ലാം അറിയിക്കുന്നുണ്ട്.

ബന്ധനസ്ഥരിൽനിന്ന് വാങ്ങിയ മോചനമൂല്യം എന്ത് ചെയ്യണം? അതാണ് തുടർന്നുള്ള സൂക്തത്തിൽ അല്ലാഹു പറയുന്നത്. സമരാർജിത സ്വത്ത് (ഗനീമത്) എന്ന് അറിയപ്പെടുന്ന, ശത്രുക്കൾ യുദ്ധക്കളത്തിൽ വിട്ടേച്ച് പോകുന്ന സ്വത്ത് മുസ്‌ലിംകൾക്ക് അനുവദനീയമാണ്. ബന്ധനസ്ഥരിൽനിന്ന് വാങ്ങിയ ഈ മോചനമൂല്യം ഇതിൽ പെടുന്നതാണെന്നും അത് നിങ്ങൾ ഉപയോഗിക്കുക എന്നും അല്ലാഹു അവരെ അറിയിച്ചു.

**മോചനമൂല്യങ്ങൾ എന്തെല്ലാമായിരുന്നു?**

എഴുപതോളം പേരാണ് പിടിക്കപ്പെട്ടത്. അവരിൽ വലിയ സമ്പന്നന്മാരുണ്ട്. ഇടത്തരം സമ്പന്നരുണ്ട്. ദരിദ്രരുണ്ട്. പരമ ദരിദ്രരുണ്ട്. സ്വന്തം ഇഷ്ടപ്രകാരമല്ലാതെ മറ്റാരുടെയൊക്കെയോ നിർബന്ധത്തിന് വന്നവരുണ്ട്. ഇവരിൽനിന്ന് നബിﷺ മോചനമൂല്യം സ്വീകരിച്ചത് ഒരുപോലെയായിരുന്നില്ല. നാലായിരം വെള്ളി നാണയമാണ് ഏറ്റവും കൂടുതലായി നബിﷺ ആവശ്യപ്പെട്ടത്. അത് അവരിലെ ഏറ്റവും വലിയ സമ്പന്നരിൽനിന്നായിരുന്നു. മൂവായിരം, ആയിരം തുടങ്ങിയ രൂപത്തിലെല്ലാം ശേഷിയനുസരിച്ച് നബിﷺ അവരിൽനിന്ന് ഫിദ്‌യ ഈടാക്കി. ഒന്നിനും വകയില്ലാത്തവരിൽനിന്ന് എങ്ങനെ നാണയം വസൂലാക്കും? അതിനുപകരം നബിﷺ മറ്റൊരു മാർഗമാണ് സ്വീകരിച്ചത്. അൻസ്വാറുകളിൽ അധികപേരും എഴുത്തും വായനയും അറിയാത്തവരായിരുന്നു. ബന്ധികളിലാകട്ടെ എഴുത്തും വായനയും അറിയുന്നവരുണ്ടായിരുന്നു. അതിനാൽ പിടിക്കപ്പെട്ട ഓരോരുത്തരും അൻസ്വാറുകളുടെ പത്തുവീതം കുട്ടികളെ എഴുത്ത് പഠിപ്പിക്കുക എന്നതായിരുന്നു നബിﷺ അവർക്ക് നിശ്ചയിച്ച ഫിദ്‌യ. വിജ്ഞാനത്തിന് ഇസ്‌ലാം നൽകുന്ന സ്ഥാനവും മഹത്ത്വവും നബിﷺയുടെ ഈ നടപടിക്രമത്തിൽനിന്നും തിരിച്ചറിയാം.

സ്വന്തം ഇഷ്ടപ്രകാരമല്ലാതെ മറ്റുള്ളവരുടെ സമ്മർദത്താൽ യുദ്ധത്തിന് പുറപ്പെടുകയും അങ്ങനെ പിടിക്കപ്പെടുകയും ചെയ്തവർ ഇവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു എന്ന് നാം പറഞ്ഞുവല്ലോ. അവരിൽ നിന്ന് ഫിദ്‌യ സ്വീകരിച്ചത് അവരിൽ പലർക്കും മനഃപ്രയാസം ഉണ്ടാക്കി. അവർ നബിﷺയെ സമീപിച്ച് അത് ബോധിപ്പിക്കുകയും ചെയ്തു. നബിﷺയുടെ പിതൃവ്യൻ അബ്ബാസ്‌ തുടക്കത്തിൽ വിശ്വാസം പുറത്തേക്ക് പ്രകടിപ്പിക്കാതെ ഉള്ളിൽ കൊണ്ടുനടന്ന ആളായിരുന്നു. അദ്ദേഹവും ഈ പിടിക്കപ്പെട്ടവരിൽ ഉണ്ട്. അദ്ദേഹവും നബിﷺയോട് തങ്ങളിൽനിന്ന് മോചനമൂല്യം വാങ്ങിയത് ശരിയായില്ല എന്ന് പറഞ്ഞിരുന്നു. നബിﷺയുടെ അടുത്ത കുടുംബത്തിൽപെട്ട അബ്ബാസിൽനിന്ന് എങ്ങനെയാണ് മോചനമൂല്യം വാങ്ങുക! പല സ്വഹാബിമാർക്കും അതിൽ വിഷമമുണ്ടായി.

> ബദർ യുദ്ധത്തിൽ എഴുപതോളം പേരാണ് പിടിക്കപ്പെട്ടത്. അവരിൽ സമ്പന്നന്മാരുണ്ട് പരമ ദരിദ്രരുണ്ട്. സ്വന്തം ഇഷ്ടപ്രകാരമല്ലാതെ വന്നവരുണ്ട്. ഇവരിൽനിന്ന് നബിﷺ മോചനമൂല്യം സ്വീകരിച്ചത് ഒരുപോലെയായിരുന്നില്ല. നാലായിരം വെള്ളി നാണയമാണ് ഏറ്റവും കൂടുതലായി നബിﷺ ആവശ്യപ്പെട്ടത്. അത് അവരിലെ ഏറ്റവും വലിയ സമ്പന്നരിൽനിന്നായിരുന്നു. മൂവായിരം, ആയിരം തുടങ്ങിയ രൂപത്തിലെല്ലാം ശേഷിയനുസരിച്ച് നബിﷺ അവരിൽനിന്ന് ഫിദ്‌യ ഈടാക്കി. ഒന്നിനും വകയില്ലാത്തവരിൽനിന്ന് മറ്റൊരു മാർഗമാണ് സ്വീകരിച്ചത്. അൻസ്വാറുകളിൽ ഏറിയപങ്കും നിരക്ഷരരായിരുന്നു. പിടിക്കപ്പെട്ട ഓരോരുത്തരും അൻസ്വാറുകളുടെ പത്തുവീതം കുട്ടികളെ എഴുത്ത് പഠിപ്പിക്കുക എന്നതായിരുന്നു നബിﷺ അവർക്ക് നിശ്ചയിച്ച ഫിദ്‌യ. വിജ്ഞാനത്തിന് ഇസ്‌ലാം നൽകുന്ന സ്ഥാനവും മഹത്ത്വവും നബിﷺയുടെ ഈ നടപടിക്രമത്തിൽനിന്നും തിരിച്ചറിയാം.

അൻസ്വാരികളിൽ പെട്ട ചിലർ അല്ലാഹുവിന്റെ റസൂലിﷺനോട് പറഞ്ഞു: 'അങ്ങ് ഞങ്ങൾക്ക് അനുവാദം നൽകണം. (എന്നാൽ) ഞങ്ങൾ ഞങ്ങളുടെ സഹോദര പുത്രൻ അബ്ബാസിന്റെ ഫിദ്‌യ ഒഴിവാക്കുന്നതാണ്.' അപ്പോൾ നബിﷺ പറഞ്ഞു: 'അദ്ദേഹത്തിൽനിന്ന് ഒരു ദിർഹം പോലും നിങ്ങൾ ഒഴിവാക്കരുത്.'

നീതിയുടെ കാര്യത്തിൽ രക്തബന്ധമോ കുടുംബബന്ധമോ സൗഹൃദമോ നോക്കാത്ത മഹാനാണ് മുഹമ്മദ് നബിﷺ. തന്റെ ഉറ്റബന്ധുവിനെ ഒഴിവാക്കാം എന്ന് അനുചരന്മാർ നബിﷺയോട് അങ്ങോട്ട് ആവശ്യപ്പെട്ടിട്ടും അവിടുന്ന് സമ്മതം നൽകിയില്ല.

അബ്ബാസ്‌ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, തീർച്ചയായും ഞാൻ മുസ്‌ലിമായിരുന്നു.' അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'താങ്കളുടെ ഇസ്‌ലാമിനെ പറ്റി അല്ലാഹു നന്നായി അറിയുന്നവനാണ്. താങ്കൾ പറയുന്നത് പോലെയായിരുന്നു താങ്കളെങ്കിൽ തീർച്ചയായും അല്ലാഹു താങ്കൾക്ക് പ്രതിഫലം നൽകുന്നതാണ്. എന്നാൽ താങ്കളുടെ ബാഹ്യചെയ്തികൾ ഞങ്ങൾക്ക് എതിരായിരുന്നു. അതിനാൽ താങ്കൾ താങ്കൾക്കും താങ്കളുടെ രണ്ട് സഹോദര പുത്രന്മാരായ നൗഫൽ ഇബ്‌നു ഹാരിഥ് ഇബ്‌നുൽ മുത്ത്വലിബ്, അക്വീൽ ഇബ്‌നു അബീ ത്വാലിബ് ഇബ്‌നു അബ്ദിൽ മുത്ത്വലിബ് (എന്നിവർക്കും), താങ്കളുടെ സഖ്യകക്ഷിയായ ഉത്ബക്കും ഫിദ്‌യ നൽകുക.' അദ്ദേഹം ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, എന്റെ പക്കൽ അതിന് ഒന്നുമില്ലല്ലോ.' നബിﷺ ചോദിച്ചു: 'താങ്കളും (ഭാര്യ) ഉമ്മുൽ ഫദ്‌ലും ചേർന്ന് കുഴിച്ചിട്ട ആ ധനമില്ലേ? എന്നിട്ട് താങ്കൾ അവളോട് പറയുകയും ചെയ്തിട്ടുണ്ടല്ലോ: ഈ യാത്രയിൽ എനിക്ക് വല്ലതും ബാധിച്ചാൽ അപ്പോൾ ഈ കുഴിച്ചിട്ട ധനം എന്റെ മക്കൾ ഫദ്‌ലിനും അബ്ദുല്ലാക്കും ക്വുഥമിനുമായിരിക്കും എന്ന്.' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, തീർച്ചയായും താങ്കൾ അല്ലാഹുവിന്റെ റസൂൽ തന്നെയാണ് എന്ന് ഞാൻ മനസ്സിലാക്കുകതന്നെ ചെയ്യുന്നു. തീർച്ചയായും ഇത് ഞാനും ഉമ്മുൽ ഫദ്‌ലും അല്ലാത്ത ഒരാളും അറിയാത്തതായിരുന്നു. അതിനാൽ അല്ലാഹുവിന്റെ റസൂലേ, എന്റെ ധനത്തിൽനിന്നും താങ്കൾ (മുമ്പ്) എടുത്തിട്ടുള്ള ഇരുപത് സ്വർണ നാണയങ്ങൾ ഇതിന്റെ കൂടെ ചേർത്താലോ?' അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'ഇല്ല. അത് അല്ലാഹു താങ്കളിൽനിന്ന് ഞങ്ങൾക്ക് നൽകിയതാണ്.' അങ്ങനെ അദ്ദേഹം തനിക്കും തന്റെ സഹോദരന്റെ രണ്ട് മക്കൾക്കും സഖ്യകക്ഷിക്കുമെല്ലാം ഫിദ്‌യ നൽകി. അപ്പോൾ അല്ലാഹു (വഹ്‌യ്) ഇറക്കി: "നബിയേ, നിങ്ങളുടെ കൈവശമുള്ള യുദ്ധത്തടവുകാരോട് നീ പറയുക: നിങ്ങളുടെ ഹൃദയങ്ങളിൽ വല്ല നൻമയുമുള്ളതായി അല്ലാഹു അറിയുന്ന പക്ഷം നിങ്ങളുടെ പക്കൽനിന്ന് മേടിക്കപ്പെട്ടതിനെക്കാൾ ഉത്തമമായത് അവൻ നിങ്ങൾക്ക് തരികയും നിങ്ങൾക്ക് അവൻ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (ക്വുർആൻ 8:70). അബ്ബാസ്‌ പറയുന്നു: ഇരുപത് സ്വർണ നാണയങ്ങൾക്ക് പകരം ഇസ്‌ലാമിൽ അല്ലാഹു എനിക്ക് ഇരുപത് അടിമകളെ നൽകി. അവർ എല്ലാവരുടെയും കൈകളിൽ (എനിക്ക്) ക്രയവിക്രയം ചെയ്യാൻ മാത്രം സമ്പത്തും (നൽകി). അതോടൊപ്പം അല്ലാഹുവിൽനിന്നുള്ള പാപമോചനം ഞാൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു' (തഫ്‌സീർ ഇബ്‌നു കഥീർ).

അബ്ബാസ്‌ കുഴിച്ചിട്ട ആ ധനത്തിന്റെ കാര്യം നബിﷺ എങ്ങനെയാണ് മനസ്സിലാക്കിയത്? മറഞ്ഞ കാര്യങ്ങൾ അറിയാൻ സാധിച്ചിട്ടാണോ? അല്ല! അല്ലാഹു നൽകിയ ബോധനത്തിന്റെ അടിസ്ഥാനത്തിലാണ് നബിﷺ ആ കാര്യം അറിയുന്നത്. അല്ലാഹു അറിയിക്കാത്ത ഒരു മറഞ്ഞ കാര്യവും അറിയാനുള്ള കഴിവ് അല്ലാഹുവിന്റെ പ്രവാചകന്മാരിൽ ആർക്കും അല്ലാഹു നൽകിയിട്ടില്ല. പല ഘട്ടങ്ങളിൽ അത് നാം ഉണർത്തിയത് ഓർക്കുന്നുണ്ടാകുമല്ലോ. ബദ്‌റിന്റെ പുറപ്പാട് തന്നെയും അത് തെളിയിക്കുന്നതാണ്. കച്ചവട സംഘത്തെ തടയാൻ വേണ്ടി പുറപ്പെട്ട നബിﷺക്കും സ്വഹാബിമാർക്കും പിന്നീട് നടക്കാൻ പോകുന്ന കാര്യങ്ങളെ



പറ്റിയൊന്നും അറിയാമായിരുന്നില്ലല്ലോ. മറഞ്ഞ കാര്യങ്ങൾ അറിയാനുള്ള കഴിവ് അവർക്ക് ഉണ്ടായിരുന്നെങ്കിൽ അവർ ഇത്രമാത്രം പേടിക്കേണ്ടതുണ്ടായിരുന്നോ?

പിടിക്കപ്പെട്ടവരിൽനിന്ന് മോചന മൂല്യം ആവശ്യപ്പെട്ടു. അവരെ ബദ്‌റിൽനിന്നും മദീനയിലേക്ക് കൊണ്ടുപോയി. വഴിയിൽവെച്ച് അവരിൽ രണ്ടു പേരെ കൊല്ലാൻ നബിﷺ കൽപിച്ചു. നദ്ർ ഇബ്നുൽ ഹാരിഥ്, ഉക്ബത്ബ്നു അബീ മുഈത് എന്നിവരായിരുന്നു അവർ. കഅ്ബയുടെ പരിസരത്ത് നബിﷺ നമസ്കരിക്കുമ്പോൾ പിരടിയിൽ ചവിട്ടാൻ ഒരുങ്ങിയ, സുജൂദിൽ കിടക്കുമ്പോൾ ഒട്ടകത്തിന്റെ ചീഞ്ഞളിഞ്ഞ അവശിഷ്ടങ്ങൾ പിരടിയിൽ ഇടാൻ നേതൃത്വം നൽകിയ തെമ്മാടിയായിരുന്നു ഉക്ബത്. നബിﷺയോട് അങ്ങേയറ്റം വെറുപ്പും ക്രൂരതയും കാണിച്ച കൊലകൊമ്പന്മാരെല്ലാം ബദ്‌റിന്റെ രണഭൂമിയിൽ നിലം പൊത്തി. ഇവർ രണ്ടു പേരൊഴികെ. അവരെ പിന്നീട് കൊല്ലുകയും ചെയ്തു. എന്നാൽ ബന്ധനസ്ഥരായ മറ്റുള്ളവരെ നബിﷺയും അനുചരന്മാരും നീതിയോടെയും വിശ്വസ്തതയോടെയും പരിപാലിച്ചു പോന്നു. യുദ്ധത്തിൽ പിടിക്കപ്പെടുന്നവരോട് ഏറ്റവും മാന്യമായ രീതിയിലാണ് പെരുമാറേണ്ടത് എന്നതാണല്ലോ ഇസ്‌ലാമിക അധ്യാപനം. ക്വുർആൻ പറയുന്നത് കാണുക: "ആഹാരത്തോട് പ്രിയമുള്ളതോടൊപ്പം തന്നെ അഗതിക്കും അനാഥയ്ക്കും തടവുകാരന്നും അവരത് നൽകുകയും ചെയ്യും. (അവർ പറയും:) അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്കു ആഹാരം നൽകുന്നത്. നിങ്ങളുടെ പക്കൽനിന്നു യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല" (ക്വുർആൻ 76:8,9).

ബന്ധനസ്ഥതയിൽ കഴിയുന്നവർക്ക് അല്ലാഹുന്റെ മാത്രം പൊരുത്തം ആഗ്രഹിച്ച് ഭക്ഷണം നൽകുന്നതിനെ ക്വുർആൻ ഇവിടെ വിശ്വാസികളുടെ സ്വഭാവമായി വിവരിക്കുകയാണ്. ബന്ധികളോടും തടവുകാരോടും ഏറ്റവും നല്ല രൂപത്തിൽ വർത്തിക്കണമെന്ന് നബിﷺ സ്വഹാബിമാരെയും ഗൗരവത്തോടെ ഉണർത്തിയിട്ടുണ്ട്. സ്വഹാബിമാർ അവരോട് മാന്യമായി പെരുമാറുകയും ചെയ്തു.

'ഞാൻ അൻസ്വാറുകളിൽ തടവുകാരനായിരുന്നു, അവർ എന്നോട് മാന്യമായി പെരുമാറി, അവർക്ക് അല്ലാഹു പ്രതിഫലം നൽകട്ടെ' എന്ന് അന്ന് തടവുകാരിൽ പെട്ട അബുൽ ആസ്رضي الله عنه പറയുകയുണ്ടായി. ഭക്ഷണ സമയത്ത് ഏറ്റവും മുന്തിയ ഭക്ഷണം അൻസ്വാറുകൾ ഈ തടവുകാർക്കാണ് നൽകിയിരുന്നതെന്നും, അതേസമയം അൻസ്വാറുകൾ കാരക്കയാണ് കഴിച്ചിരുന്നതെന്നും അദ്ദേഹം പറയുന്നത് കാണാം. പിന്നീട് അദ്ദേഹം മുസ്‌ലിമാകുകയും ചെയ്തു.

> **ആദർശത്തിന് വലിയ പ്രാധാന്യം നൽകിയ ഒരു യുദ്ധമായിരുന്നു ബദ്ർ. മക്കയിൽനിന്ന് മദീനയിൽ എത്തിയ മുഹാജിറുകൾക്ക് നേരിടേണ്ടിവന്നത് സ്വന്തക്കാരെയും ബന്ധുക്കളെയുമൊക്കെയായിരുന്നു. പിതാവിനോട് എതിരിടേണ്ടിവന്ന മക്കളും, മക്കളോട് എതിരിടേണ്ടിവന്ന പിതാക്കളും, സഹോദരനോട് പോരാടേണ്ടിവന്ന സഹോദരനുമെല്ലാം ആ രണഭൂമിയിൽ ഉണ്ടായിരുന്നു. അല്ലാഹുവിനോടുള്ള സ്നേഹവും കടപ്പാടുമാണ് ഒരു മനുഷ്യന് ഏറ്റവും വലുത്. അതു കഴിഞ്ഞാൽ അല്ലാഹു അയച്ച അവന്റെ റസൂലിനോടും. അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുന്ന കാര്യത്തിൽ ആര് നിർബന്ധിച്ചാലും അവരെ അനുസരിക്കാവതല്ല; അതിന്റെ പേരിൽ ജീവൻ നഷ്ടമായാൽ പോലും.**

ഖാലിദുബ്നുൽ വലീദിرضي الله عنهന്റെ സഹോദരനായ വലീദുബ്നുൽ വലീദ് ബദ്‌റിലെ തടവുകാരിൽ പെട്ട മറ്റൊരാളായിരുന്നു. ബദ്‌റിൽനിന്ന് മദീനയിലേക്ക് മടങ്ങുന്ന സമയത്ത് ബന്ധികളായ ഞങ്ങളെ (മുറിവ് ബാധിച്ചവരും ക്ഷീണിച്ചവരും രോഗികളും എല്ലാം ഉള്ളതിനാൽ ദയ കാണിച്ച്) ചുമന്ന് അവർ നടക്കുകയായിരുന്നു ചെയ്തിരുന്നതെന്ന് അദ്ദേഹം അന്നത്തെ അനുഭവം പറയുന്നുണ്ട്. ഇരുവരും പിന്നീട് മുസ്‌ലിമാകുകയുണ്ടായി.

ബദ്‌റിൽ പിടിക്കപ്പെട്ട അബൂ അസീർ ഇബ്നു ഉമയ്ർرضي الله عنه (മിസ്അബിرضي الله عنهന്റെ സഹോദരൻ) അൻസ്വാറുകളിലായിരുന്നു ഉണ്ടായിരുന്നത്. തടവുകാരോട് മാന്യമായി പെരുമാറണമെന്ന് അല്ലാഹുവിന്റെ റസൂലിﷺന്റെ നിർദേശമനുസരിച്ച് അൻസ്വാറുകൾ കാരക്ക കഴിക്കുകയും ഞങ്ങൾക്ക് അവർ ഉള്ളതിൽ നല്ല ഭക്ഷണം നൽകുകയും ചെയ്തിരുന്നു എന്ന് അദ്ദേഹവും പറഞ്ഞതായി ചരിത്രത്തിൽ കാണാം. അദ്ദേഹവും പിന്നീട് ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി.

## ബദ്‌റിന്റെ പാഠങ്ങൾ

മക്കയിൽനിന്ന് മദീനയിൽ എത്തിയ മുസ്‌ലിംകളെ വീണ്ടും വീണ്ടും ദ്രോഹിക്കുവാൻ തക്കം നോക്കി നടക്കുന്ന ശത്രുവിനെ പ്രതിരോധിക്കാൻ വേണ്ടി നബിﷺക്ക് അല്ലാഹു അനുവാദം നൽകിയതിന് ശേഷം ഉണ്ടായ ആദ്യത്തെ യുദ്ധമായിരുന്നു ബദ്ർ. ആ യുദ്ധം മുസ്‌ലിംകൾക്ക് അനേകം പാഠങ്ങൾ നൽകുന്നുണ്ട്. അത് മനസ്സിലാക്കൽ നമുക്ക് അനിവാര്യമാണ്.

ആദർശത്തിന് വലിയ പ്രാധാന്യം നൽകിയ ഒരു യുദ്ധമായിരുന്നു ബദ്ർ. മക്കയിൽനിന്ന് മദീനയിൽ എത്തിയ മുഹാജിറുകൾക്ക് നേരിടേണ്ടിവന്നത് സ്വന്തക്കാരെയും ബന്ധുക്കളെയുമൊക്കെയായിരുന്നു. പിതാവിനോട് എതിരിടേണ്ടിവന്ന മക്കളും, മക്കളോട് എതിരിടേണ്ടിവന്ന പിതാക്കളും, സഹോദരനോട് പോരാടേണ്ടിവന്ന സഹോദരനുമെല്ലാം ആ രണഭൂമിയിൽ ഉണ്ടായിരുന്നു. അല്ലാഹുവിനോടുള്ള സ്‌നേഹവും കടപ്പാടുമാണ് ഒരു മനുഷ്യന് ഏറ്റവും വലുത്. അതു കഴിഞ്ഞാൽ അല്ലാഹു അയച്ച അവന്റെ റസൂലിനോടും. അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുന്ന കാര്യത്തിൽ ആര് നിർബന്ധിച്ചാലും അവരെ അനുസരിക്കാവതല്ല; അതിന്റെ പേരിൽ ജീവൻ നഷ്ടമായാൽ പോലും. അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുന്ന കാര്യത്തിൽ സഹിക്കേണ്ടി വരുന്ന ത്യാഗങ്ങൾക്ക് വമ്പിച്ച പ്രതിഫലമാണ് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളത്. ബദ്ർ യുദ്ധത്തിൽ ഈയൊരു പ്രത്യേകതയാണ് മുസ്‌ലിം പക്ഷത്ത് നമുക്ക് കാണാൻ സാധിക്കുന്നത്. അതിനാൽ തന്നെ അല്ലാഹു അവർക്ക് വമ്പിച്ച വിജയമാണ് ഒരുക്കിക്കൊടുത്തത്.

മുഹമ്മദ് നബിﷺയെ സ്വഹാബിമാർ സ്‌നേഹിച്ചതിന്റെ വലിയ ചരിത്രവും ബദ്ർ ചരിത്രത്തിൽ നമുക്ക് കാണാൻ സാധിക്കും. യുദ്ധത്തിനുള്ള മുന്നൊരുക്കത്തിനായി നബിﷺ അനുചരന്മാരെ അണിയായി നിർത്തുകയാണ്. സവാദ് അണിയിൽനിന്ന് അൽപം പുറംതള്ളി നിൽക്കുന്നത് നബിﷺ കാണുകയുണ്ടായി. നബിﷺ തന്റെ കൈയിലുള്ള ഒരു കൊമ്പ് കൊണ്ട് അദ്ദേഹത്തിന്റെ വയറ്റിൽ ചെറുതായി ഒന്ന് കുത്തി. എന്നിട്ട് പറഞ്ഞു: 'സവാദേ, നേരെ നിൽക്കൂ.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങ് എന്നെ വേദനിപ്പിച്ചിരിക്കുന്നു. സത്യവും നീതിയുമായാണല്ലോ അങ്ങയെ അല്ലാഹു അയച്ചത്. അതിനാൽ എനിക്ക് പകരം ചോദിക്കണം.' അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ തന്റെ വയറ്റത്തുനിന്നും (വസ്ത്രം) നീക്കി. എന്നിട്ട് പറഞ്ഞു: 'പകരം വീട്ടുക.' (നിവേദകൻ) പറഞ്ഞു: 'അങ്ങനെ അദ്ദേഹം നബിﷺയെ ആലിംഗനം ചെയ്യുകയും അദ്ദേഹത്തിന്റെ വയറ്റിൽ ചുംബിക്കുകയും ചെയ്തു. അപ്പോൾ (നബിﷺ ചോദിച്ചു: 'സവാദേ, നിന്നെ ഇതിന് പ്രേരിപ്പിച്ചത് എന്താണ്?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, (യുദ്ധത്തിനുള്ള സമയം) ഹാജറായത് അങ്ങ് കാണുന്നില്ലേ? അതിനാൽ എന്റെ തൊലി അങ്ങയുടെ തൊലിയുമായി അവസാന സമയത്ത് സ്പർശിക്കാൻ ഞാൻ ഉദ്ദേശിച്ചതാണ്.' അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ അദ്ദേഹത്തിന് നന്മക്ക് വേണ്ടി പ്രാർഥിച്ചു' (സീറതുന്നബവിയ്യ).

ശത്രുവിനോടുള്ള പോരാട്ടം മുന്നിൽ കാണുന്ന സമയത്ത് മുഹമ്മദ് നബിﷺയെ അവസാനമായി ഒന്ന് സ്പർശിക്കാൻ ആഗ്രഹിക്കുന്ന സ്വഹാബിയുടെ മനസ്സ് നാം ഇവിടെ കാണുകയാണ്. അവർക്ക് അവരുടെ നേതാവ് മുഹമ്മദ് നബിﷺ ജീവനെക്കാൾ കൂടുതൽ പ്രിയങ്കരമായിരുന്നു. ഈ സ്‌നേഹം നമുക്ക് എത്രമാത്രം ഉണ്ട് എന്നത് നാം ചിന്തിക്കേണ്ടതാണ്. നമുക്ക് നബിﷺയുടെ ശരീരം സ്പർശിക്കാൻ ഇന്ന് അവസരമില്ല. പക്ഷേ, അവിടുന്ന് പഠിപ്പിച്ച അവിടുത്ത വിശ്വാസ-സ്വഭാവ-കർമ-ആചാര-മര്യാദകൾ നമുക്ക് വാരിപ്പുണരാൻ അവസരമുണ്ട്. എന്നാൽ അതിനോട് പലർക്കും നീരസവുമാണ്. അത്തരം ഒരു പ്രവണതയിൽനിന്ന് നാം മാറണം. പ്രവാചകരെ നമ്മുടെ സ്വന്തം ശരീരത്തെക്കാൾ, മാതാപിതാക്കളെക്കാൾ, മക്കളെക്കാൾ നാം ഏറെ സ്‌നേഹിക്കേണ്ടതുണ്ട്.



അബ്ദുർറഹ്മാനുബ്നു ഔഫിؓൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "ബദ്ർ ദിവസം ഞാൻ അണിയിൽ നിൽക്കുന്നതിനിടയിൽ ഞാൻ എന്റെ വലതുഭാഗത്തേക്കും ഇടതുഭാഗത്തേക്കും നോക്കുകയുണ്ടായി. അപ്പോഴതാ, ഞാൻ അൻസ്വാറുകളിൽ പെട്ട രണ്ട് കുട്ടികളുടെ മധ്യത്തിലാണ്. അവരുടെ പല്ലുകൾ പുതിയവയാണ് (അത്രയും ചെറുപ്പമാണ് എന്നർഥം). ഞാൻ ഇവരെക്കാൾ ആരോഗ്യവാന്മാരായവരുടെ ഇടയിലായിരുന്നെങ്കിൽ എന്ന് കൊതിച്ചു. അങ്ങനെ അവരിൽ ഒരാൾ എന്നെ പതുക്കെ തട്ടി. എന്നിട്ട് അവൻ ചോദിച്ചു: 'ഓ, പിതൃവ്യാ, നിങ്ങൾക്ക് അബൂജഹ്‌ലിനെ അറിയുമോ?' അബ്ദുർറഹ്മാൻؓ പറയുന്നു: 'ഞാൻ പറഞ്ഞു; അതെ. ഓ, സഹോദരപുത്രാ, നിനക്ക് അവനിലേക്ക് ആവശ്യമുള്ള കാര്യം എന്താണ്?' അവൻ പറഞ്ഞു: 'അവൻ (അബൂജഹ്ൽ) അല്ലാഹുവിന്റെ റസൂലിﷺനെ ചീത്ത പറയുന്നവനാണെന്ന് ഞാൻ അറിയിക്കപ്പെട്ടിട്ടുണ്ട്. എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവൻ തന്നെയാണ് സത്യം, ഞാൻ അവനെ കാണുകയാണെങ്കിൽ ഞങ്ങളിൽനിന്ന് ഏറ്റവും വേഗത്തിൽ ആക്രമണം നടത്തുന്നവൻ ആരാണോ അവൻ മരണപ്പെടുന്നതുവരെ എന്റെ ദൃഷ്ടി അവന്റെ ദൃഷ്ടിയിൽനിന്ന് വേർപരിരിയുകയില്ല.' അബ്ദുർറഹ്മാൻؓ പറയുന്നു: 'അങ്ങനെ ഞാൻ അതിൽ അത്ഭുതപ്പെട്ടു. അപ്പോൾ അടുത്തവനും എന്നെ തട്ടി. അന്നിട്ട് അതുപോലെ (ആദ്യത്തെ ആൾ പറഞ്ഞത് പോലെ) ഇവനും പറഞ്ഞു.' അബ്ദുർറഹ്മാൻؓ പറയുന്നു: 'അങ്ങനെ ഞാൻ അബൂജഹ്‌ലിനെ നോക്കുമ്പോൾ അവൻ ജനങ്ങൾക്കിടയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഞാൻ ചോദിച്ചു: 'നിങ്ങൾ കാണുന്നില്ലേ, അവനാണ് നിങ്ങൾ ചോദിച്ച കക്ഷി.' അബ്ദുർറഹ്മാൻؓ പറയുന്നു: 'അപ്പോൾ ഇരുവരും വേഗത്തിൽ കുതിക്കുകയും ഇരുവരും അവരുടെ വാളുകൾകൊണ്ട് അവനെ മരണപ്പെടുന്നതുവരെ വെട്ടുകയും ചെയ്തു. പിന്നീട് ഇരുവരും അല്ലാഹുവിന്റെ റസൂലിﷺകലേക്ക് തിരിച്ചുചെന്ന് അദ്ദേഹത്തോട് വിവരം പറഞ്ഞു. അപ്പോൾ നബിﷺ ചോദിച്ചു: 'നിങ്ങളിൽ ആരാണ് അവനെ വധിച്ചത്?' ഓരോരുത്തരും പറഞ്ഞു: 'അവനെ വധിച്ചത് ഞാനാണ്.' അപ്പോൾ നബിﷺ ചോദിച്ചു: 'നിങ്ങളുടെ വാളുകൾ തുടച്ചുവോ?' ഇരുവരും പറഞ്ഞു: 'ഇല്ല.' അങ്ങനെ രണ്ട് വാളുകളും നബിﷺ നോക്കി. എന്നിട്ട് പറഞ്ഞു: 'അവനെ നിങ്ങൾ രണ്ട് പേരും വധിച്ചിരിക്കുന്നു' (മുസ്‌ലിം).

അല്ലാഹുവിന്റെ റസൂലിനെ ഇല്ലായ്മ ചെയ്യുവാനും അപമാനിക്കുവാനും ഏറെ പണിയെടുത്ത അബൂജഹ്‌ലിന് അർഹിക്കുന്ന ശിക്ഷ അടർക്കളത്തിൽവെച്ച് ലഭിച്ചു. ഇന്ന് അല്ലാഹുവിന്റെ റസൂലിനെ ചീത്ത പറയുന്ന എത്രയോ ചാനലുകളും ഗ്രൂപ്പുകളും പുസ്തകങ്ങളും ഉണ്ട്. അവരെ കായികമായി നേരിടുവാൻ നമുക്ക് അനുവാദമില്ല. പിന്നെ നാം എന്താണ് ചെയ്യേണ്ടത്? മുഹമ്മദ് നബിﷺയുടെ ജീവിതരീതി സ്വന്തം ജീവിതത്തിൽ പകർത്തുകയും അദ്ദേഹത്തിന്റെ ജീവിതസന്ദേശം സത്യസന്ധമായി ജനങ്ങൾക്ക് പരിചയപ്പെടുത്തുകയും ചെയ്യുക. അതാണ് ആക്ഷേപകർക്കുള്ള സുന്ദരമായ മറുപടി. ഇത് നമ്മുടെ ബാധ്യതയാണ്. ഈ ബാധ്യത നാം നന്നായി നിർവഹിക്കുന്നുണ്ടോ?

**"അല്ലാഹുവിന്റെ റസൂലിനെ ഇല്ലായ്മ ചെയ്യുവാനും അപമാനിക്കുവാനും ഏറെ പണിയെടുത്ത അബൂജഹ്‌ലിന് അർഹിക്കുന്ന ശിക്ഷ അടർക്കളത്തിൽവെച്ച് ലഭിച്ചു. ഇന്ന് അല്ലാഹുവിന്റെ റസൂലിനെ ചീത്ത പറയുന്ന എത്രയോ ചാനലുകളും ഗ്രൂപ്പുകളും പുസ്തകങ്ങളും ഉണ്ട്. അവരെ കായികമായി നേരിടുവാൻ നമുക്ക് അനുവാദമില്ല. പിന്നെ നാം എന്താണ് ചെയ്യേണ്ടത്? മുഹമ്മദ് നബിﷺയുടെ ജീവിതരീതി സ്വന്തം ജീവിതത്തിൽ പകർത്തുകയും അദ്ദേഹത്തിന്റെ ജീവിതസന്ദേശം സത്യസന്ധമായി ജനങ്ങൾക്ക് പരിചയപ്പെടുത്തുകയും ചെയ്യുക. അതാണ് ആക്ഷേപകർക്കുള്ള സുന്ദരമായ മറുപടി. ഇത് നമ്മുടെ ബാധ്യതയാണ്. ഈ ബാധ്യത നാം നന്നായി നിർവഹിക്കുന്നുണ്ടോ?"**

നബിﷺയോടുള്ള സ്നേഹം എന്നു പറഞ്ഞാൽ കേവലം മദ്ഹ് (പ്രശംസ) പറയലായിട്ടാണ് ഇന്ന് പലരും വിചാരിച്ചിരിക്കുന്നത്. നബിﷺയുടെ മഹത്ത്വങ്ങളും ശ്രേഷ്ഠതകളും പ്രത്യേകതകളുമെല്ലാം ക്വുർആനിലും ഹദീഥുകളിലും ധാരാളം നമുക്ക് കാണാവുന്നതാണ്. അത് പഠിപ്പിക്കുകയും മനസ്സിലാക്കുകയും ചെയ്യണം. അതോടൊപ്പം പ്രവാചകൻﷺ കാണിച്ചുതന്ന മാർഗത്തിൽ ജീവിക്കുവാൻ തയ്യാറാവുകയും വേണം. അതാണ് യഥാർഥ പ്രവാചക സ്നേഹം. (തുടരും)

നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം



# ഒളിച്ചുകടത്തപ്പെടുന്ന അപരവത്കരണം

സാക്ഷരതാമിഷൻ നടത്തിയ പരീക്ഷയിലെ ഒരു ചോദ്യം വിവാദത്തിന് തിരികൊളുത്തിയിരിക്കുകയാണ്. രണ്ടാംവർഷ ഹയർ സെക്കന്ററി തുല്യതാ പരീക്ഷയുടെ സോഷ്യോളജി ചോദ്യപേപ്പറിലെ ചോദ്യമാണ് വിവാദത്തിലായിരിക്കുന്നത്. 2021 ഓഗസ്റ്റ് ഒൻപതാം തീയതി നടന്ന പരീക്ഷയിലെ നാൽപത്തിയാറാം നമ്പർ ചോദ്യം ഇങ്ങനെയാണ്: "ഇന്ത്യയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും ന്യൂനപക്ഷങ്ങൾ ഭീഷണിയോ? വിശദീകരിക്കുക." രണ്ട് പുറത്തിൽ ഉത്തരം എഴുതാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. എട്ട് മാർക്കിന്റെതാണ് ചോദ്യം.

ചോദ്യം തങ്ങൾ തയ്യാറാക്കിയതല്ലെന്നാണ് സാക്ഷരതാ മിഷൻ വിശദീകരിക്കുന്നത്. അതേസമയം ഹയർ സെക്കന്ററി വകുപ്പ് പറയുന്നത് പരീക്ഷയുടെ നടത്തിപ്പ് ചുമതല മാത്രമാണ് തങ്ങൾക്കുള്ളത് എന്നാണ്. വിവാദത്തിൽ വിദ്യാഭ്യാസ വകുപ്പിനും സർക്കാരിനും എതിരെ പ്രതിഷേധം ഉയർന്നിരിക്കുകയാണ്. തുല്യത കോഴ്സ് നടത്തുന്നത് സംസ്ഥാന സാക്ഷരതാ മിഷൻ ആണെങ്കിലും പരീക്ഷ നടത്തുന്നതും സർട്ടിഫിക്കറ്റ് നൽകുന്നതും പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഹയർ സെക്കന്ററി പരീക്ഷ ബോർഡ് തന്നെയാണ്. സാക്ഷരതാ മിഷൻ നൽകുന്ന ഹയർസെക്കന്ററി അധ്യാപകരുടെ പാനലിൽനിന്ന് ഹയർസെക്കന്ററി വിഭാഗം ചോദ്യപ്പേപ്പർ സ്വീകരിച്ചാണ് പരീക്ഷ നടത്തുന്നത്. സോഷ്യോളജി സിലബസിൽ ഇങ്ങനെയൊരു ഭാഗമില്ലെന്നും ഈ ചോദ്യം സിലബസിന് പുറത്തുനിന്ന് മനപ്പൂർവം ഉൾപ്പെടുത്തിയതാണെന്നും ആരോപണമുണ്ട്.

സംഘപരിവാർ രാജ്യം ഭരിക്കുന്ന സമകാലിക സാഹചര്യത്തോട് ചേർത്ത് വായിക്കുമ്പോഴാണ് ഈ ചോദ്യത്തിന്റെ അപകടം ബോധ്യമാവുക. ഉത്തരസൂചിക പുറത്തുവിടാൻ സർക്കാർ തയ്യാറാവണം എന്ന ആവശ്യം ഇതിനകം തന്നെ പലകോണുകളിൽനിന്നും ഉയർന്നകഴിഞ്ഞു. എന്ത് ഉത്തരം എഴുതിയാലായിരിക്കും മാർക്ക് ലഭിക്കുക എന്നത് അറിയാനുള്ള അവകാശം കേരളീയ പൊതു സമൂഹത്തിനുണ്ട്. ഉത്തരസൂചിക പുറത്ത് വരുന്നതോടുകൂടി അതിൽ ഒളിഞ്ഞിരിക്കുന്ന അപകടത്തിന്റെ ആഴം നമുക്ക് ബോധ്യപ്പെടും. എന്തായാലും ന്യുനപക്ഷങ്ങൾക്കെതിരെ വാളോങ്ങി നിൽക്കുന്ന സംഘപരിവാരം രാജ്യത്തിന്റെ ഭരണം കയ്യാളുമ്പോൾ, പ്രത്യേകിച്ച് പൗരത്വ ഭേദഗതി നിയമം രാജ്യത്ത് നടപ്പിലാക്കാനുള്ള കുത്സിതശ്രമം നടക്കുന്ന സാഹചര്യത്തിൽ ന്യുനപക്ഷങ്ങൾ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും എതിരാണെന്ന് പൊതുബോധം സൃഷ്ടിക്കുക എന്നതാണ്

ഇത്തരം ഒരു ചോദ്യത്തിന് പിന്നിൽ എന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു. ചരിത്രയാഥാർഥ്യങ്ങളെപ്പോലും തിരുത്തിയെഴുതാൻ ഭഗീരഥപ്രയത്നം നടക്കുന്ന ഇന്നിന്റെ സവിശേഷ സാഹചര്യത്തിൽ അസത്യവും ഭീതിജനകവുമായ പൊതുബോധനിർമിതിക്ക് വേണ്ടിയുള്ള ഇത്തരം ശ്രമങ്ങൾ ശക്തമായി എതിർക്കപ്പെടേണ്ടത് തന്നെയാണ്.

സാക്ഷരകേരളത്തിലാണ് ഇത് നടന്നത്; സംഘപരിവാറിന്റെ യുപിയിലല്ല എന്നോർക്കുമ്പോൾ ലജ്ജിച്ച് തലതാഴ്ത്തുകയാണ് മലയാളികൾ. ന്യൂനപക്ഷങ്ങളെ അപരവത്കരിച്ച് സവർണ രാജ്യം സ്ഥാപിക്കാനുള്ള എല്ലാ ശ്രമങ്ങളെയും ജനാധിപത്യത്തിന്റെ സർവ്വ സാധ്യതകളും ഉപയോഗിച്ച് ചെറുത്തതോൽപിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുകയും രാജ്യത്തെ ജനാധിപത്യ വിശ്വാസികൾക്ക് ആവേശവും ഊർജവും കരുത്തും പകർന്ന് നൽകുകയും ചെയ്ത മലയാളമണ്ണിൽ ഇത്തരം വിഭാഗീയ വിഷയങ്ങൾക്ക് തലപൊക്കാൻ എങ്ങനെ സാധിക്കുന്നു എന്നത് ചിന്തനീയമാണ്. സത്യാനന്തര കാലത്തെ പൊതുബോധനിർമിതി ഇരുട്ടിന്റെ ശക്തികൾക്ക് എളുപ്പമാണ് എന്ന വസ്തുത നില നിൽക്കുമ്പോൾ തന്നെ സർക്കാർ സംവിധാനങ്ങൾ ദുരുപയോഗം ചെയ്ത് ഔദ്യോഗിക പരിവേഷം കൂടി ഇത്തരം വിഷജൽപനങ്ങൾക്ക് ലഭിക്കുന്നു എന്നത് നിസ്സാരമായി കാണേണ്ട ഒന്നല്ല. 'ഞാനറിയില്ല' എന്ന് പറഞ്ഞു ഒഴിഞ്ഞുമാറാൻ പൊതുവിദ്യാഭ്യാസ വകുപ്പിനോ സാക്ഷരതാ മിഷനോ സർക്കാരിന് പൊതുവിലോ സാധ്യമല്ല. ജനങ്ങൾ ഭരണം ഏൽപിച്ചിരിക്കുന്നത് രാഷ്ട്രീയ നേതൃത്വത്തെയാണ്. അതുകൊണ്ട് അവർക്ക് തന്നെയാണ് ഭരണത്തിന്റെ പൂർണ ഉത്തരവാദിത്തം.

കേരള പോലീസിൽ സംഘപരിവാർ ഗ്യാങ് പ്രവർത്തിക്കുന്നു എന്ന് ഭരണകക്ഷിയിലെ രണ്ടാമത്തെ ഏറ്റവും വലിയകക്ഷിയായ സിപിഐ ദേശീയ നേതാവും മലയാളിയും ദേശീയ മഹിളാ ഫെഡറേഷൻ ജനറൽ സെക്രട്ടറിയുമായ ആനിരാജ ആരോപിച്ചത് കഴിഞ്ഞയാഴ്ചയാണ്.

ഈ പ്രസ്താവന സിപിഐ കേരള ഘടകം നിഷേധിച്ചിട്ടുണ്ടെങ്കിലും മേൽഘടകം നിഷേധിച്ചിട്ടില്ല. ഏതെങ്കിലും വിവരം കിട്ടിയിട്ടായിരിക്കാം ആനിരാജ പ്രതികരിച്ചതെന്നും എന്താണ് വിവരം കിട്ടിയതെന്ന് മനസ്സിലാക്കാൻ ശ്രമിക്കാമെന്നുമാണ് മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് മുഖ്യമന്ത്രി നൽകിയ മറുപടി. സംഘപരിവാർ നടത്തുന്ന നിയമവിരുദ്ധവും സാമൂഹിക ദ്രോഹപരവുമായ നടപടികളോട് പോലീസിന്റെ സമീപനം അനവധി സംഭവങ്ങളിലൂടെ നമ്മൾ അറിഞ്ഞതാണ്. സംഘപരിവാർ ശക്തികളോട് കാണിക്കുന്ന ഇത്തരം സമീപനം കേരളീയ സമൂഹത്തിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു എന്നതും നമ്മുടെ അനുഭവമാണ്. വ്ളോഗർമാർ നടത്തിയ നിയമലംഘനം അന്യസംസ്ഥാനത്താണെങ്കിൽ പോലും നിയമനടപടി സ്വീകരിക്കാൻ വ്യഗ്രത കാണിക്കുന്ന കേരളപോലീസ് തന്നെ സംഘ്പരിവാറുകാരൻ സാമൂഹ്യ മാധ്യമങ്ങളിലൂടെ ആയുധപ്രദർശനം നടത്തിയത് 'നോട്ട് ഇൻ കേരള' എന്ന് പറഞ്ഞു കൈകഴുകുന്ന 'നിഷ്കളങ്കത' കാണാതെപോവരുത്. സംസ്ഥാന ഭരണകൂടത്തെ വാനോളം പുകഴ്ത്തുന്നവരും അനുകൂലിക്കുന്നവരും എതിർക്കുന്നവരും പോലീസും ആഭ്യന്തര വകുപ്പും സ്വീകരിക്കുന്ന ഇത്തരം നിലപാടുകളെ ഒരേപോലെ നിശിതമായി വിമർശിക്കുന്ന കാഴ്ചയാണ് പലപ്പോഴും കാണാറുള്ളത്.

ന്യൂനപക്ഷങ്ങൾ അനാവശ്യമായി ആനുകൂല്യങ്ങൾ കൈപ്പറ്റുന്നു എന്നും അവർ അനർഹമായത് തട്ടിയെടുക്കുന്നു എന്നുമൊക്കെയുള്ള സംഘപരിവാർ വിഷപ്രചാരണങ്ങൾക്ക് വസ്തുനിഷ്ഠമായ മറുപടി നൽകാൻ സർക്കാർ തയ്യാറാവാത്തത്, അല്ലെങ്കിൽ മൗനം പാലിച്ചത് കേരളീയ സമൂഹത്തിൽ ഉണ്ടാക്കിയ മുറിവുണക്കാൻ ഇന്നും സാധിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ എരിതീയിൽ എണ്ണയൊഴിക്കുന്ന ഇത്തരം നീക്കങ്ങൾക്ക് തടയിടാനുള്ള ധാർമിക ഉത്തരവാദിത്തം സർക്കാരിനുണ്ട്. കുറ്റക്കാരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുകയാണ് ജനാധിപത്യ ബോധമുള്ള സർക്കാർ ചെയ്യേണ്ടത്.

ന്യൂനപക്ഷങ്ങളെ അപരവത്കരിക്കാനും അവരുടെ നേരെ നടക്കുന്ന ആസൂത്രിത ആക്രമണങ്ങളെ കണ്ടില്ലെന്ന് നടിക്കാനും മനഃസാക്ഷിയുള്ളവർക്ക് സാധിക്കുകയില്ല. രാജ്യത്ത് ഉണ്ടാവുന്ന ഏതൊരു പ്രതിസന്ധിയും ഏതെങ്കിലും ചെറുസംഘത്തെ മാത്രമെ ബാധിക്കുകയുള്ളൂ എന്ന് കരുതുന്നത് മൗഢ്യമാണ്. വർഗീയവും വംശീയവുമായ ഉന്മൂലനങ്ങളുടെ ചരിത്രത്താളുകൾ നമ്മോട് പറയുന്ന യാഥാർഥ്യം മറിച്ചാണ്. രാജ്യത്തുണ്ടാകുന്ന ഏതൊരു പ്രതിസന്ധിയും തീർച്ചയായും ഓരോ പൗരനെയും നേരിട്ടോ അല്ലാതെയോ ബാധിക്കുകതന്നെ ചെയ്യും.

സംഘർഷഭരിതമായ സാമൂഹിക അന്തരീക്ഷം, അനാരോഗ്യകരമായ സാമൂഹിക സാഹചര്യങ്ങൾ എന്നിവ എല്ലാവരുടെയും ഉറക്കം കെടുത്തും. താൽക്കാലിക ലാഭങ്ങൾക്കപ്പുറം ഭാവിയിൽ അതുണ്ടാക്കിയേക്കാവുന്ന ഗുരുതര പ്രത്യാഘാതങ്ങൾ ചിന്തിക്കുന്നതിനും അപ്പുറത്തേക്കായിരിക്കാം എന്നതാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. അതുകൊണ്ട് ഇത്തരം വിഷവിത്തുകളെ മുളയിലേ നുള്ളുകയാണ് വിവേകമതികളായ ഭരണാധികാരികൾ ചെയ്യേണ്ടത്. അതിനുള്ള ആർജവം കേരള സർക്കാർ കാണിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

അഫ്നാൻ അൻവർ. ഒ, എടത്തനാട്ടുകര
mail@nerpatham.com

കവിത



# ആത്മഗതം

പറയുവാനുണ്ട് ഒരുപാട്.
പക്ഷേ, പേന ചാവാറായി!
നാട്ടുകാരുടെ സ്വഭാവ സർട്ടിഫിക്കറ്റിൽ
ഫൈവ് സ്റ്റാർ വാങ്ങാനുള്ള ഓട്ടം
തത്കാലം നിർത്തിവെച്ചു.
കുറച്ച് നോട്ട് കംപ്ലീറ്റ് ആക്കാനുണ്ട്.
മഴയോടും കാറ്റിനോടും
പൂക്കളോടും കിളികളോടും
കിന്നാരം പറഞ്ഞിരുന്ന ഞാനിന്ന്
വാട്സാപ്പിലും ഗൂഗിൾമീറ്റിലുമൊക്കയായി
ചിതറിക്കിടക്കുകയാണ്.
ലോക്ഡൗണിൽ പലരും
കഥ, കവിതകൾ വിരിയിച്ചു
എന്നാൽ ഞാനോ?
സാധിക്കുന്നില്ല...
മനസ്സ് ക്ഷയിച്ചിരിക്കുകയാണ്.
നീയിത് കേൾക്കണമെന്റെ കവിതേ,
എന്റെ മനസ്സിലെ 'തിരി' കെട്ടിരിക്കുന്നു.
ഏതുനേരവും ഫോണിൽ കുത്തിയിരിക്കുന്ന
മടിച്ചിയാണത്രേ ഞാൻ!
മാസപ്പതിവിന് ചുവന്നപൂക്കൾ വിരിയിക്കുന്ന
'പെൺകുട്ടി'യാണത്രേ ഞാൻ!
എന്തിനുമേതിനും കരഞ്ഞുമുടിക്കുന്ന
തൊട്ടാവാടിയാണത്രേ ഞാൻ!
അങ്ങനെ എന്തെല്ലാമോ ആണ് ഞാൻ
ആരോട് പറയാൻ?
ആര് കേൾക്കാൻ?
വെറുമൊരു ആത്മഗതമായ് ഈ ശബ്ദം
വായുവിലലിഞ്ഞില്ലാതെയാവും.
ഇനി പറയാൻ തത്കാലം വരികളില്ല,
അപ്പോൾ നിർത്തട്ടെ;
ശുഭം, മംഗളം!



ഇനി പഠനം രസകരമാകും
peaceradio
e മദ്റസ
റെഗുലർ കോഴ്സ്
Class Tests
Activities
Star of the Week
Parent Review
Final Exam
Phone in Viva
Live Chat
പ്രക്ഷേപണം
ഇന്ത്യൻ സമയം
01:30 PM
നമ്മുടെ
കൂട്ടുകാരെ
രജിസ്റ്റർ ചെയ്യാൻ
മറക്കരുത്
വീഡിയോ ക്ലാസുകൾ ലഭിക്കാൻ
Zameel
Online Library
സന്ദർശിക്കുക
പീസ് റേഡിയോ നിങ്ങളുടെ
ഫോണിൽ ലഭിക്കുവാൻ
ANDROID APP ON Google play
Available on the App Store
Peace Radio
RadioForPeace

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 SEPTEMBER 11

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
Google Pay Paytm